

പകനക്കി
ക്കുടിക്കുന്നു
ഒരുട്ടു
മാത്രം.


OBJECTS IN THE MIRROR ARE CLOSER THAN THEY APPEAR
DILEEP

Blog: www.vidyarthimasika.blogspot.com
Email: vidyarthi.kerala@gmail.com


# വിദ്യാർത്ഥി

## മാസിക

വാല്യം - 8, ലക്കം - 1, ജൂൺ 2012

പ്ലാറ്റ് ഫോറം ഫോർ പ്രോഗ്രസ്സീവ് സ്റ്റുഡന്റ്സ്

മനുഷ്യശരീരം തെരുവിൽ
വിറകു കഷണം പോലെ
വെട്ടിക്കീറി
ചോരയൊഴുക്കുമ്പോൾ
ഏറനാടൻ തമാശകൾ
പറയുന്നവനും
അതാസ്വദിക്കുന്നവനും
കമ്യൂണിസ്റ്റല്ലെന്ന്
പറഞ്ഞത്
മുതലാളിയല്ല..
ചെഗുവേരയാണ്..!





വർഗ്ഗ വഞ്ചകർ
യഥാർത്ഥ
കമ്മ്യൂണിസ്റ്റുകളെ
'കമ്മ്യൂണിസ്റ്റേ'
എന്നു വിളിക്കില്ലല്ലോ

# നിലപാട്

## നിങ്ങളുടെ നിഷ്പക്ഷത കുറ്റകരമാണ്. അത് വേട്ടക്കാരനൊപ്പം നിൽക്കുന്നതാണ്.



അമ്പത്തൊന്ന് വെട്ടുകൾ മാനവികതക്കേറ്റ വെട്ടുകളാണ്. മനസാക്ഷി ഉള്ളവരാരും അതിനെ ന്യായീകരിക്കില്ല. മനുഷ്യരാരും രക്തസാക്ഷിത്വത്തെ പരിഹസിക്കുകയില്ല. കുലംകുത്തിയെന്ന് വിളിക്കുകയില്ല.

കൊലയെ എതിർക്കുന്നവരെല്ലാം വലതുപക്ഷക്കാരായി ചിത്രീകരിക്കപ്പെടുന്നു. പൈശാചികമായി കൊലചെയ്യപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ പേരിൽ ഒരു തുള്ളി കണ്ണീർ പൊഴിക്കാനോ അനുശോചനം അറിയിക്കാനോ കഴിയാത്തവർ എങ്ങനെയാണു കമ്മ്യൂണിസ്റ്റുകാരുടെ നേതാവാകുന്നത്? അവർ രക്തസാക്ഷിത്വത്തിന്റെ മഹത്വമറിയാത്തവരാണ്. ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊള്ളാതെ അക്രമരാഷ്ട്രീയത്തിന്റെയും, പാർട്ടി ഫാസിസത്തിന്റെയും മാർഗത്തിലൂടെ ഏത് വർഗരഹിത സമൂഹമാണ് ഇവർ വിഭാവനം ചെയ്യുന്നത്? രക്തസാക്ഷി മരിക്കുന്നില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ എന്ന് ഒരായിരം തവണ മുദ്രാവാക്യം വിളിച്ചവർ ടി.പി-യുടെ രക്തസാക്ഷിത്വത്തെ ഉയർത്തി പിടിച്ച രമയുടെ രാഷ്ട്രീയ അഭിപ്രായങ്ങളെ ഭർത്താവ് മരിച്ച ഒരു സ്ത്രീയുടെ ജൽപനമെന്നാണ് വിശേഷിപ്പിച്ചത്. ഇത് ആദ്യമായല്ല രക്തസാക്ഷിത്വത്തെ അവമതിക്കുന്നത്. കൂത്തുപറമ്പിലെ രക്തസാക്ഷികളുടെ വസ്ത്രമുരിഞ്ഞു സ്വാശ്രയ കോളേജ് മണിമാളികൾ പണിഞ്ഞത് ആരായിരുന്നു? അവർ ഉയർത്തിയ മുദ്രാവാക്യത്തെ കുഴിച്ചു മൂടിയത് ആരായിരുന്നു?

ലാലപ്പനെ അവമതിച്ചതും സെയ്താലിയെ മരണത്തിലേക്ക് തള്ളിവിട്ടതും കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങൾക്ക് വളമേകിയതും കേരളത്തിലെ കലാശാലകളിൽ മുഴുവൻ ഫാസിസ്റ്റ് സംഘടന സംവിധാനം അടിച്ചേൽപ്പിച്ചതും ആരായിരുന്നു? ഇതൊന്നും ഇടതുപക്ഷത്തിനു ചെയ്യാനാവില്ല, ഇതൊന്നും കമ്മ്യൂണിസ്റ്റുകാർക്ക് ചെയ്യാൻ കഴിയില്ലെന്ന തത്വവും ഞങ്ങൾക്കറിയാം. അതൊക്കെ ചെയ്യാൻ കഴിയുന്ന ഒരു ശക്തിയേയുള്ളൂ. അത് ജനങ്ങൾക്കെല്ലാം അറിയാം. അത് മറ്റാരുമല്ല ഇടതുപക്ഷ തോലണിഞ്ഞ വലതുപക്ഷ ചെന്നായയാണ്. വായിൽ എല്ലിൻ കഷ്ണം സൂക്ഷിക്കുന്ന പട്ടി കുരക്കുകയില്ലെന്നു നമുക്കറിയാം. അതുകൊണ്ട് കേരളത്തിലെ പുരോഗമന സാംസ്കാരിക നായകരോട് ഒന്ന് പറഞ്ഞോട്ടെ, നിങ്ങളുടെ നിഷ്പക്ഷത കുറ്റകരമാണ്. അത് വേട്ടക്കാരനൊപ്പം നിൽക്കുന്നതാണ്.


# വിദ്യാർത്ഥി

എഡിറ്റർ: നീമ കെ.എം.
സബ് എഡിറ്റേഴ്സ്:
ദിവ്യ ദിവാകരൻ,
സൽമാൻ

മാനേജിങ്ങ് കമ്മിറ്റി
കെ.കെ. സിസിലു,
നീമ കെ.എം., ഷഫീക്ക് എച്ച്.

ചിത്രീകരണം: ദിലീപ് കീഴൂർ, മജിനി
ലേ-ഔട്ട്: ഷഫീക്ക് എച്ച്
പ്രിന്റിങ്ങ്: പ്രിന്റേഴ്സ് പ്രിന്റ്, ഫറോക്ക്

വിദ്യാർത്ഥി മാസിക,
C/O ഷഫീക്ക് എച്ച്,
നാരായണ അപ്പാർട്ട്മെന്റ്
ആനക്കുളം, കൊയിലാണ്ടി,
കോഴിക്കോട്-673307




# ഈ കുലത്തിൽ തന്നെയുള്ള ധീരനായ പോരാളി

**കെ.എസ്.ബിമൽ**

■ മുൻ എസ്.എഫ്.ഐ കേന്ദ്ര കമ്മിറ്റി അംഗം ■

സഖാവ് ചന്ദ്രശേഖരൻ ക്രൂരമായ നരഹത്യക്കിരയായിട്ടു ഇന്ന് പതിനൊന്നു ദിവസങ്ങൾ പൂർത്തിയാവുകയാണ്. ഇക്കഴിഞ്ഞ രാത്രികളിലെല്ലാം ഉറക്കം നഷ്ടപ്പെട്ട കനലെരിയുന്ന നെഞ്ചുമായി അസ്വസ്ഥരായ ചന്ദ്രശേഖരന്റെ വിദ്യാർഥി-യുവജന പ്രസ്ഥാന പ്രവർത്തന കാലയളവിൽ ഒപ്പം നടന്നവരും, സഖാവിനെ സ്നേഹിക്കുന്നവരും ഒത്തുകൂടുന്ന പ്രതിഷേധ കൂട്ടായ്മയാണിത്. അങ്ങേയറ്റം രോഷത്തിൽ മനസ്സു നീറുന്ന സമയത്തും, ചന്ദ്രശേഖരനെ കൊന്നതാരെന്ന് നമുക്കറിയില്ല, അദ്ദേഹത്തെ അനുസ്മരിക്കാൻ, ഓർമ്മിക്കാനാണ് ഞങ്ങൾ ഒത്തുകൂടിയിരിക്കുന്നത്. സഖാവ് ചന്ദ്രശേഖരനെ നെഞ്ചേറ്റുന്ന ആയിരക്കണക്കിനാളുകൾ പുറത്ത്. പതിനായിരക്കണക്കിനാളുകൾ വിങ്ങുന്ന വേദനയുമായി ഇന്ന് ഈ കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ, ഉൾഗ്രാമങ്ങളിൽ അവിടെയെല്ലാം ഇരിക്കുന്നുണ്ട് എന്ന് ചന്ദ്രശേഖരന്റെ കൊലയാളികൾ, പിന്നിൽ നിന്നും ചന്ദ്രശേഖരനെ വെട്ടി വെട്ടി അൻപത്തൊന്ന് കഷണങ്ങളാക്കി അരിഞ്ഞെറിഞ്ഞ, ഈ നരാധമന്മാർ ഓർക്കുന്നത് നന്ന് എന്നു മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ.

ചന്ദ്രശേഖരൻ എന്തു തെറ്റാണ് ചെയ്തത്? ആശയപരമായ സമരം, നയപരമായ ഭിന്നത, അഭിപ്രായങ്ങൾ, നിലപാടുകൾ ഒരു പ്രത്യയശാസ്ത്രത്തെയും ക്ഷീണിപ്പിക്കില്ല. ഇതെല്ലാം ജനാധിപത്യത്തെ പുഷ്കലമാക്കും എന്നു തന്നെയാണ് ഞങ്ങൾ പഠിക്കുന്നത്. കറകളഞ്ഞ പ്രത്യയശാസ്ത്ര നിലപാടു രൂപീകരണങ്ങൾക്ക്, നയരൂപീകരണങ്ങൾക്ക്, ആശയവ്യക്തതക്ക്, തെളിച്ചമുള്ള വി

**സഖാവ് ചന്ദ്രശേഖരൻ കുലം വിട്ടവനായിട്ടല്ല, വിമതനായിട്ടല്ല, വിരുദ്ധനായിട്ടല്ല, ഈ കുലത്തിൽ തന്നെയുള്ള ധീരനായ പോരാളിയാണെന്ന് സഖാക്കളേ ഉറക്കെ പറയേണ്ടിയിരിക്കുന്നു.**



ശ്വാസപ്രമാണങ്ങൾക്ക് നിരന്തരമായ ആശയസമരങ്ങളും സംഘർഷങ്ങളും നമ്മുടെ സമൂഹത്തിൽ നടന്നേ മതിയാകൂ. അതുകൊണ്ട് പ്രത്യയശാസ്ത്രത്തിനും പ്രസ്ഥാനത്തിനും ചന്ദ്രശേഖരൻ ഒരിക്കലും ഭീഷണിയായിരുന്നില്ല. ചന്ദ്രശേഖരൻ ഉയർത്തുന്ന വിമർശനങ്ങൾ ഏതു പ്രസ്ഥാനത്തെ സംബന്ധിച്ചായാലും അത്തരം പ്രസ്ഥാനങ്ങൾ സ്വാഭാവികമായും അത്തരം വിമർശനങ്ങളാൽ നവീകരിക്കപ്പെടുകയേ ഉള്ളൂ, കറകഴുകി കൂടുതൽ തെളിച്ചത്തോടെ പ്രവർത്തിക്കുകയേ ഉള്ളൂ. പിന്നെ ആരാണ് ചന്ദ്രശേഖരനെ കൊന്നത്? എന്തിനാണ് കൊന്നത്? ചന്ദ്രശേഖരനെ കൊന്നതു കൊണ്ട് ഒരു പ്രത്യയശാസ്ത്രത്തിനും നേട്ടമുണ്ടാകില്ല എന്ന ചരിത്രബോധം ഇവിടത്തെ കമ്യൂണിസ്റ്റുകാർക്കെല്ലാം ഉണ്ട് എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പക്ഷെ അരമനകളിൽ സുഖലോലുപതയിൽ പുളയ്ക്കുന്ന, മാഫിയകളുടെയും കച്ചവടക്കാരുടെയും തണലിൽ വിഹരിക്കുന്ന രാഷ്ട്രീയ ശക്തികൾക്ക്, താൽപര്യങ്ങൾക്ക് ഒരുപക്ഷെ ചന്ദ്രശേഖരൻ വലിയ അസ്വസ്ഥത സൃഷ്ടിച്ചിട്ടുണ്ടാകാം. അലോസരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാകാം. അത്തരം അസ്വസ്ഥതകളേയും അലോസരങ്ങളേയും കൊലക്കത്തിയാൽ, അറവാളിനാൽ തീർത്തുകളയാം എന്നു വിചാരിക്കുന്നത് മൗഢ്യമാണ്. അത് വ്യഥാവിലാവുമെന്ന് ചരിത്രവും കാലവും ഒട്ടേറെത്തവണ നിങ്ങളെ പഠിപ്പിച്ചിട്ടും എന്തേ പഠിക്കാത്തത്? തീർച്ചയായും ഇതിന് പ്രതികാരം ചെയ്യും ഈ നാട്ടുകാർ. ഇതിനു പ്രതികാരം ചെയ്യും, ചന്ദ്രശേഖരന്റെ സ്മരണയിൽ നിന്നും.

ബാല സംഘത്തിൽ നിന്നാരംഭിച്ച് മടപ്പള്ളി ഹൈസ്കൂളിൽ അടിയന്തിരാവസ്ഥയുടെ കറുത്ത നാളുകളിൽ എസ്.എഫ്.ഐയുടെ യൂണിറ്റ് സെക്രട്ടറിയായി. ക്രൂരമായ പീഡനങ്ങളാൽ ഇഞ്ചിഞ്ചായി വീഴുമ്പോഴും കൽതുറങ്കിൽ കൊടിയടയാളം വരച്ചുവെച്ച മണ്ടോടി കണ്ണന്റെ ബലികുടീരം സ്ഥിതി ചെയ്യുന്ന നെല്ലാംചേരിയിൽ പതിനെട്ടാമത്തെ വയസിൽ സി പി ഐ എം ബ്രാഞ്ച് സെക്രട്ടറിയായി പൊതുപ്രവർത്തനത്തിന്റെ സജീവ പന്ഥാവിലെക്കിറങ്ങിച്ചെന്ന ടി. പി., എസ് എഫ് ഐ ജില്ലാ സെക്രട്ടറിയായും സംസ്ഥാന കമ്മിറ്റി അംഗം, കേന്ദ്ര സെക്രട്ടറിയേറ്റ് അംഗം, ഡി വൈ എഫ് ഐ ബ്ലോക്ക് സെക്രട്ടറി, ജില്ല സെക്രട്ടറി, പ്രസിഡണ്ട് എന്നീ നിലകളിലും സി പി ഐ എം-ന്റെ ലോക്കൽ സെക്രട്ടറി, ഏരിയ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

സ. ചന്ദ്രശേഖരൻ അനിതര സാധാരണമായ പ്രവർത്തന ശൈലിയുടെ ഉടമയായിരുന്നു. കരിങ്കല്ല് പോലുള്ള നി

## ഒന്നടർത്തെടുത്തോട്ടേ
## നിൻ ചിതാഗ്നിയിൽ
## നിന്നെൻ ചന്ദനത്തിരിക്കൊരു
## പൊൻമുത്തു കിരീടം ഞാൻ




ശ്ചയദാർഢ്യം, ഉറവ വറ്റാത്ത സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സൗമ്യ ദീപ്തതയും സമ്മേളിച്ച അപൂർവ്വ വ്യക്തിത്വം. പ്രകടന പരതയില്ലാത്ത വ്യക്തിത്വത്താൽ മനസിലേക്ക് വലിച്ചടുപ്പിക്കുന്ന പെരുമാറ്റമായിരുന്നു ചന്ദ്രശേഖരന്റേത്. കർമം കൊണ്ട് അടയാളപ്പെടുത്തിയ ജീവിതം തന്നെയായിരുന്നു അത്. മടപ്പള്ളി കോളേജിൽ പഠിക്കുമ്പോഴാണ് ഞാൻ അദ്ദേഹത്ത ആദ്യമായി പരിചയപ്പെടുന്നത്. അന്ന് എസ്.എഫ്.ഐക്ക് ഫണ്ട് ശേഖരിക്കാൻ സഖാവ് ചന്ദ്രശേഖരനെ സമീപിക്കാൻ പറഞ്ഞു. അന്ന് ഞാൻ ഒഞ്ചിയത്തെത്തി. ഏരിയാ കമ്മിറ്റി ഓഫീസ് നിർമ്മിക്കുന്ന കാലം. ഞാൻ സഖാവിനെ കാണാൻ അവിടെ എത്തി. ഒരു തോർത്തുമുണ്ടുടുത്ത് ഓഫീസ് നിർമ്മാണ പ്രവർത്തനത്തിനായി മറ്റു തൊഴിലാളികളോടൊപ്പം കല്ലു ചുമക്കുന്ന ചന്ദ്രശേഖരനെയാണ് ഞാൻ അന്നവിടെ കണ്ടത്. സംഘടനാ തീരുമാനങ്ങൾ മറ്റുള്ളവർക്ക് കൈമാറുമ്പോഴും അവരോടൊപ്പം തോളോട് തോൾ ചേർന്ന് അവരിലൊരാളായി പ്രവർത്തിക്കുന്ന ചന്ദ്രശേഖരൻ.. സഖാക്കളേ, കോഴിക്കോട്
സി.പി.ഐ.എമ്മിന്റെ എത്ര നേതാക്കളുണ്ട് ഇത്തരത്തിലുള്ള നേതൃത്വമായി പ്രവർത്തിക്കുന്നവരായി?

പിന്നീട് എസ്.എഫ്.ഐ ഒഞ്ചിയം ഏരിയ സമ്മേളനം, എടച്ചേരിയുടെ അതിർത്തിയിൽ ഒർക്കാട്ടേരിയിൽ. അന്ന് സമ്മേളനം ആരംഭിക്കാൻ സമയമായപ്പോൾ എല്ലാവരും സഖാവ് ടി.പി.യെ അന്വേഷിച്ചു. വിയർത്തൊലിച്ചു കൈലി ഉടുത്ത് സഖാക്കൾക്ക് ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലായിരുന്നു. ആ കരിപിടിച്ച കൈകളുമായി ഉദ്ഘാടനവേദിയിലേക്ക് കടന്നുവന്ന
ടി.പി.യെ എനിക്ക് ഇന്നും ഓർമ്മയുണ്ട്. ഇന്ത്യൻ വിപ്ലവ പാത ക്ലാസിൽ അവതരിപ്പിക്കുമ്പോൾ, 'നിഷേധത്തിന്റെ നിഷേധം' ഫലപ്രദമായി അവതരിപ്പിക്കുന്ന ചന്ദ്രശേഖരൻ.. തെരഞ്ഞെടുപ്പു സമയങ്ങളിൽ രാത്രി വൈകും വരെ സഖാക്കളോടൊപ്പം നിന്ന് ബീഡി വലിച്ചു തള്ളുന്ന, സഖാക്കൾക്ക് രാത്രിയിൽ കാവൽ നിൽക്കുന്ന ചന്ദ്രശേഖരൻ... ഒടുവിൽ മടപ്പള്ളി രമേശൻ രക്തസാക്ഷിയായപ്പോൾ, ജോബിയെയും സജീവനെയും അറവാളുകൾ തട്ടിയെടുത്തപ്പോൾ കരളുറപ്പും നിശ്ചയദാർഢ്യവുമായി സഖാക്കൾക്കൊപ്പം താങ്ങും തണലുമായി നിന്നവൻ. എല്ലാക്കാലത്തും ന്യായത്തിന്റെയും ശരിയുടെയും കൂടെ അടിയുറച്ചു നിന്ന പോരാളി. പല സങ്കടങ്ങളും ഉള്ളിൽ ഒളിപ്പിച്ചു നെഞ്ച് വിരിച്ചു മുണ്ടുമടക്കിക്കെട്ടി സഖാക്കൾക്കൊപ്പം നിൽക്കുന്ന ചന്ദ്രശേഖരൻ.

ആ ചന്ദ്രശേഖരൻ, നമ്മുടെ മനസുകളിൽ ഊർജവും ആവേശവുമായി നിൽക്കുന്ന ചന്ദ്രശേഖരൻ.. സഖാവ് ചന്ദ്രശേഖരൻ കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച, കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ നെഞ്ചോട് ചേർത്ത ധീര കമ്മ്യൂ

ണിസ്റ്റാണെന്നു പറയാൻ ഒരു വിലക്കും തടസ്സമല്ല.

സംഘടനാപരവും ആശയപരവുമായ പ്രശ്നങ്ങളാൽ പാർട്ടിയിൽ നിന്നും വഴിപിരിഞ്ഞിറങ്ങി ചന്ദ്രശേഖരൻ. അതിന്റെ ന്യായാന്യായങ്ങളെന്തായാലും ആയിരങ്ങൾ ചന്ദ്രശേഖരന്റെ വഴികളിൽ ഒപ്പം കൂടി.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തെറ്റായ സംഘടനാ തീരുമാനത്തെയും നയവ്യതിയാനത്തെയും തുറന്നെതിർത്ത ചന്ദ്രശേഖരന്റെ നിലപാടുകളോട് യോജിക്കുന്നവരും വിയോജിക്കുന്നവരുമുണ്ടാകാം. പാർട്ടിയുടെ സംഘടനാ തത്വങ്ങൾ പാലിച്ച് ടി.പിയോട് ആഭിമുഖ്യമുണ്ടെങ്കിലും പാർട്ടിയിൽ തുടരുന്നവർ ഒരുപാടുണ്ട്. അതെന്തായാലും ഭിന്നാഭിപ്രായങ്ങളും വിമർശനങ്ങളുമെല്ലാം ഏതു ജനാധിപത്യസമൂഹത്തേയും സക്രിയമാക്കുകയും നവീകരിക്കുകയും ചെയ്യുമെന്ന ഉറച്ച നിലപാടുള്ളവർ ആണ് കമ്മ്യൂണിസ്റ്റുകാർ. നിലപാടുകൾ തമ്മിലുള്ള സംഘർഷങ്ങൾ, ആശയപരമായ സംഘർഷങ്ങൾ ഒരു ജനാധിപത്യസമൂഹത്തെ കരതീർത്ത് നവീകരിക്കുകയല്ലാതെ ഒരു പ്രത്യയശാസ്ത്രത്തെയും ഇന്നുവരെ ദോഷകരമായി ബാധിച്ചിട്ടില്ല. അതുകൊണ്ട് സഖാവ് ചന്ദ്രശേഖരൻ കുലം വിട്ടവനായിട്ടല്ല, വിമതനായിട്ടല്ല, വിരുദ്ധനായിട്ടല്ല, ഈ കുലത്തിൽ തന്നെയുള്ള ധീരനായ പോരാളിയായാണെന്ന് സഖാക്കളേ ഉറക്കെ പറയേണ്ടിയിരിക്കുന്നു.

## ഇല്ല സഖാവേ... നീ മരിക്കുന്നേയില്ല... ഒഞ്ചിയത്തെ രക്തതാരങ്ങൾക്കൊപ്പം നീ ഞങ്ങളിലൂടെത്തന്നെ ജീവിക്കും...

അതുകൊണ്ടുതന്നെ പ്രസ്ഥാനം വിട്ടെങ്കിലും ചന്ദ്രശേഖരന്റെ ശൈലിയും മൂല്യവും പ്രവർത്തനശൈലിയും ധൈര്യവും സ്ഥിരതയും എന്നും മാതൃകയായി തീരും. അങ്ങനെ അദ്ദേഹത്തെ സ്മരിക്കുന്നില്ലെങ്കിൽ കാലത്തോടും ചരിത്രത്തോടും ഒഞ്ചിയത്തെ വിപ്ലവഭൂമിയോടും ചെയ്യുന്ന അനീതിയായി തീരുമെന്നതിൽ തർക്കമില്ല. ഇപ്പോൾ ചന്ദ്രശേഖരൻ ജീവിച്ചിരിക്കുന്നില്ല. കഴിഞ്ഞ മേയ് നാലിന്റെ രാത്രിയിൽ, പിന്നാലെ വന്ന അറവാളുകൾ അൻപത്തിയൊന്നു കഷ്ണങ്ങൾ ആക്കി ചന്ദ്രശേഖരനെ അവസാനിപ്പിച്ചു. നമ്മളെല്ലാം പഠിച്ച ചരിത്രം ആശയത്തെ കൊലക്കത്തി കൊണ്ടും അറവാളുകൾ കൊണ്ടും അവസാനിപ്പിക്കാനാവില്ല എന്നാണ്. കൊന്നതാരെന്നു നമുക്കറിയില്ല .അന്വേഷണം കൂടുതൽ ശക്തിപ്പെടുത്തുകയും ഗൂഢാലോചനയുടെ ഇരുണ്ട വഴിയിലേക്ക് വെളിച്ചം വീശുകയും വേണം. പക്ഷെ , ഒഞ്ചിയത്തിന്റെ രക്തസാക്ഷി ഗ്രാമത്തിൽ നിന്ന് സഖാവ് മണ്ടോടി കണ്ണന്റെ നേരവകാശിയായി തുടർന്ന് നാട്ടുകാരുടെ പ്രിയപ്പെട്ടവനായി അനുകരിക്കാനാവാത്ത ധൈര്യത്തിന്റെയും അചഞ്ചലതയുടെയും ആൾരൂപമായി ഒരു ധീരനായ കമ്മ്യൂണിസ്റ്റുകാരൻ അൻപത്തിയൊന്നു കഷ്ണങ്ങളാൽ വെട്ടി നുറുക്കപ്പെട്ട് അനാഥമായികൂടാ... സഖാക്കളെ... കൊലയാളികൾ ആരായാലും ഈ ആരും കൊല ചെയ്തവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുകയും സമൂഹം അവരെ തിരിച്ചറിയുകയും ഒറ്റപ്പെടുത്തുകയും വേണം. രക്തസാക്ഷികൾ എപ്പോഴും പോരാട്ടത്തിന്റെ ചുരുക്കെഴുത്തുകൾ ആണ്. അവർ കാലത്തിനും ചരിത്രത്തിനും വഴിയും വെളിച്ചവുമായി തീർന്ന അനുഭവമാണ് നമുക്ക് ചുറ്റിലും ഉള്ളത്. അതിനാൽ ചന്ദ്രശേഖരൻ മരിക്കില്ല..




(കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം)

# ഞങ്ങൾ ചെയ്തതെന്ത്?

**വി.കെ സുരേഷുമായി ദീർഘ സംഭാഷണം**



ഇന്ന് പലപ്പോഴും ഉയർന്നു കേൾക്കുന്ന ഒരു കാര്യമുണ്ട്. നിലനിൽക്കുന്ന ഇടതുപക്ഷമാണ് ഇടതുപക്ഷം, അല്ലാത്തവ സാങ്കൽപ്പികം മാത്രം. നിലനിൽക്കുന്ന ഇടതുപക്ഷത്തെ തളർത്തുന്നത് വലതുപക്ഷം വളരുന്നതിനും വർഗ്ഗീയ ശക്തികൾ ശക്തിപ്രാപിക്കുന്നതിനും ഇടയാക്കും. എന്നാൽ ഈ വാദഗതികൾക്ക് ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ എത്രമാത്രം നേരുണ്ട് എന്നത് ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ ഒരു ചോദ്യമാണ്. സഖാവ് ടിപി ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന്റെ പ്രവർത്തനത്തിനിടയിലാണ് രക്തസാക്ഷിത്വം വരിച്ചത്. ഇന്ന് ടി.പി.യുടെ രാഷ്ട്രീയ പ്രവർത്തനത്തെ അപകീർത്തിപ്പെടുത്താൻ അദ്ദേഹത്തിന്റെ ഘാതകർ ശ്രമിച്ചുകൊണ്ടുമിരിക്കുന്നു. ഈ ഒരു പശ്ചാത്തലത്തിൽ സഖാവ് സഞ്ചരിച്ച വ

# വകുനക്ക
# ഭ്രാന്തിളക്ക



ഴികളെ കുറിച്ച്, ജീവൻ നൽകിയ രാഷ്ട്രീയത്തെ കുറിച്ച് ചർച്ച ചെയ്യേണ്ടതത്യാവശ്യമാണ്. അത്തരത്തിലുള്ള ഒരു ശ്രമമാണ് സഖാവ് ടി.പിയുടെ സഹസഖാവായിരുന്ന വി.കെ.സുരേഷ് നമ്മോട് പങ്കുവെയ്ക്കുന്നത്.

1

ഏറാമല പഞ്ചായത്തിലെ നെല്ലാചെരിയിലാണ് ചന്ദ്രശേഖരന്റെ ജനനം, അമ്മ അധ്യാപിക, ചെറിയ പ്രായത്തിൽ തന്നെ അദ്ദേഹം രാഷ്ട്രീയ പ്രവർത്തകനായി, ഒഞ്ചിയത്തിന്റെ സവിശേഷമായ ചരിത്രത്തിൽ നിന്നാണ് ചന്ദ്രശേഖരൻ എന്ന വിപ്ലവകാരി ഉണ്ടായത്. ഒഞ്ചിയത്ത് 1948ൽ നടന്ന വെടിവെയ്പ്പിൽ എട്ടുപേർ അവിടെ രക്തസാക്ഷികൾ ആവുകയും രണ്ടുപേർ പോലീസിന്റെ ക്രൂരമർദ്ദനത്തിൽ കൊല്ലപ്പെടുകയുമാണുണ്ടായത്. അവരുടെയൊക്കെ ചരിത്രവും പൈതൃകവും ഒക്കെ ഏറ്റു വാങ്ങാൻ കഴിഞ്ഞ ഒരാൾ ആണ് ചന്ദ്രശേഖരൻ. പഠിച്ചത് തട്ടോളിക്കര സ്കൂളിലും പിന്നീട് മടപ്പള്ളി ഗവ.സ്കൂളിലും ആണ്. അവിടെ എസ്.എഫ്.ഐ യൂണിറ്റ് സെക്രട്ടറി ആയിരുന്നു. അടിയന്തരാവസ്ഥാകാലം, നല്ല വിദ്യാർത്ഥിയും നല്ല കമ്മ്യൂണിസ്റ്റ് പോരാളിയുമായിരുന്നു ചന്ദ്രശേഖരൻ. പഠിക്കുന്ന കാലത്ത് അദ്ദേഹം കണക്കിന് നല്ല മാർക്ക് വാങ്ങിയിരുന്ന വിദ്യാർത്ഥികളിൽ ഒരാൾ. പിന്നീട് മടപ്പള്ളി കോളജിൽ ആയപ്പോഴും ഇഷ്ടവിഷയമായ ഫിസിക്സ് ആണ് എടുത്തത്. ആ കാലത്ത് നാട്ടിലെ വായനശാല പ്രവർത്തനങ്ങളിലും മറ്റു പൊതുപ്രവർത്തനങ്ങളിലുമൊക്കെ സജീവമായി അദ്ദേഹം ഉണ്ടായിരുന്നു. ആ കാലത്തിലെ വിദ്യാർത്ഥി പ്രവർത്തനം പൊതു പ്രവർത്തനം തന്നെയായിരുന്നു. മടപ്പള്ളി ഏരിയ സെക്രട്ടറി ആയിരുന്നപ്പോൾ ക്രൂരമായ മർദ്ദനത്തിനു വിധേയമായി. പിന്നീട് പ്രവർത്തനം കോഴിക്കോട് കേന്ദ്രീകരിച്ചായിരുന്നു.

1964ലെ പാർട്ടി പരിപാടി 2000ൽ ഭേദഗതി ചെയ്തു, ഇത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല എന്ന് പാർട്ടി ഫോറങ്ങളിൽ പറഞ്ഞു. മൂന്നു കാര്യങ്ങൾ ആണ് അതിൽ ഉണ്ടായിരുന്നത്, ജന്മിത്തം അവസാനിപ്പിക്കും എന്ന് 1964 ലെ പാർട്ടി പരിപാടിയിൽ ഉണ്ടായിരുന്നു, 2002ൽ ആ പദപ്രയോഗം തന്നെ എടുത്തു കളഞ്ഞു . രണ്ടാമത് , വിദേശ ഫിനാൻസ് മൂലധനം കണ്ടുകെട്ടും എന്നായിരുന്നെങ്കിൽ 2000ൽ അത് വിദേശ മൂലധനം ഉപയോഗിച്ച് കൊണ്ട് വികസനപ്രവർത്തനം നടത്തും എന്നായി മാറി. മൂന്നാമത്തെ കാര്യം വിദ്യാഭ്യാസം പൊതു ഉടമസ്ഥതയിലാക്കും എന്നത് മാറി 2000ൽ ആയപ്പോൾ വിദ്യാഭ്യാസം സ്വകാര്യ പങ്കാളിത്തത്തോടെ ആക്കും എന്നാക്കി മാറ്റി.

# ികുടിച്ച്
# ുന്നു..





കേരളത്തിൽ അറിയപ്പെടുന്ന ഒരു കൂട്ടം വിദ്യാർത്ഥി പോരാളികൾ സി പി ജോൺ, കെ എം മോഹൻ ദാസ്,ഡേവിസൻ, ദാമോദരൻ, മത്തായി ചാക്കോ തുടങ്ങിയ ഒരുപാട് ആളുകൾ ആ ഘട്ടത്തിൽ വളർന്നു വന്നിട്ടുണ്ടായിരുന്നു. ജോൺ പറയാറുണ്ട്, ജോണിന്റെ വലിയ ശരീരത്തിനടുത്ത് ചിന്ത കൊണ്ടും ധീരത കൊണ്ടും ഒക്കെ വിദ്യാർത്ഥി ആയിരുന്നപ്പോൾ തന്നെ ചന്ദ്രശേഖരൻ അടുത്ത് നിന്നിരുന്നു എന്ന്. എന്നും ധീരതയെ ഇഷ്ടപ്പെടുകയും പ്രണയിക്കുകയും ചെയ്തിരുന്നു ചന്ദ്രശേഖരൻ. കോഴിക്കോട് ജില്ലയിൽ ഒരുപാട്


**റെവലൂഷനറി പാർട്ടി രൂപീകരിക്കുന്ന സമയത്ത് ആളുകളുടെ ചോദ്യം ഇങ്ങനെയായിരുന്നു, ഇതിന്റെ ഭാവി എന്താണ് എന്ന്. സഖാക്കൾ പി. കൃഷ്ണപിള്ളയും കെ ദാമോദരനും ഇ എം എസ്, എം സി ശേഖർ എന്നിവർ ആണ് ഒരു കൊച്ചു ഗ്രൂപ്പുണ്ടാക്കുന്നത്. അന്നവരോടും ചോദിച്ചിരുന്നു. അന്നവരുടെ കൂടെ അണികൾ അല്ലാതെ ആരും ഉണ്ടായിരുന്നില്ല. ആ പാർട്ടി ആണ് ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് പാർട്ടി ആയത്.**

വിദ്യാർഥി സമരങ്ങളിൽ പങ്കെടുത്ത് നാലോ അഞ്ചോ തവണ ജയിലിൽ കിടന്നിട്ടുണ്ട്. കുറച്ചു കൂടി കഴിയുമ്പോൾ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നിന്ന് മാറുന്നുണ്ട് ടി.പി. ഈ കാലഘട്ടത്തിൽ ചന്ദ്രശേഖരൻ ആയിരുന്നു എസ്.എഫ്.ഐ കുട്ടികൾക്ക് മാർക്സിസം പഠിപ്പിക്കുന്നതിന് വേണ്ട കരിക്കുലം തയ്യാറാക്കിയതിൽ പ്രധാനി, കാരണം ചന്ദ്രശേഖരൻ മാർക്സിസം നന്നായി പഠിച്ചിരുന്നു. എങ്ങനെ ഭംഗിയായി അത് പ്രയോഗിക്കാം എന്ന് മനസിലാക്കുകയും ഇടപെടുകയും ചെയ്തിരുന്നു.

പാർട്ടി ആവശ്യപ്പെട്ടതിന്റെ ഭാഗമായി ചന്ദ്രശേഖരൻ പിന്നീട് വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നിന്നും പിരിയുകയും നേരെ ഏറാമല പഞ്ചായത്തിലെ ഡി.വൈ.എഫ്.ഐലേക്ക് വരുകയും ഏറാമല പഞ്ചായത്ത് പ്രസിഡന്റ് ആവുകയും ബ്ലോക്ക് കമ്മിറ്റിയിൽ വന്നു ബ്ലോക്ക് ഭാരവാഹിയായി, പിന്നെ ബ്ലോക്ക് പ്രസിഡന്റ്

# ഈ രക്തസാക്ഷികളെ ഒറ്റിയതാര്?

നമുക്ക് തോന്നും ഇന്ന് സി.പി.ഐഎമ്മും അതിന്റെ മറ്റു സംഘടനകളും ഇതാദ്യമായാണ് സ: ടി.പിയെ കൊന്നതുപോലെയുള്ള ഒരു ചതി നടത്തിയതെന്ന്. ചരിത്രം പറയുന്നത് അങ്ങനെയല്ല എന്നാണ്. ഒട്ടനവധി രക്തസാക്ഷിത്വങ്ങളെ ഇവർ കാലാകാലങ്ങളിൽ അധിക്ഷേപിക്കാൻ, വഞ്ചിക്കാൻ മറന്നിട്ടില്ല. ഒറ്റാൻ മറന്നിട്ടില്ല. എസ്.എഫ്.ഐയുടെ കേരളത്തിലെ ആദ്യ രക്തസാക്ഷിയായ സഖാവ് സെയ്താലിയിൽ തന്നെ തുടങ്ങുന്നു ഇവരുടെ വഞ്ചനയുടെ കഥ....



## സഖാവ് സെയ്താലി

ഒരു എസ്.എഫ്.ഐക്കാരനും മറന്നുകൂടാത്ത പേരാണ് സ.സെയ്താലിയുടേത്. പട്ടാമ്പി സംസ്കൃത കോളേജിൽ പഠിക്കുമ്പോഴാണ് സഖാവ് രക്തസാക്ഷിത്വം വരിച്ചത്. എസ്.എഫ്.ഐയുടെ കേരളത്തിലെ ആദ്യത്തെ രക്തസാക്ഷിത്വം. 1974 സെപ്തംബർ 19ന്. ഫാസിസ്റ്റ് തേർവാഴ്ച്ചയെ ചോദ്യം ചെയ്തതിന് എ.ബി.വി.പിയും കെ.എസ്.യുക്കാരും ഒരുമിച്ച് മൃഗീയമായി തല്ലി കൊല്ലുകയായിരുന്നു. കൊന്നതിലെ പ്രമുഖ പ്രതി ശങ്കരനാരായണനെന്ന എ.ബി.വി.പിക്കാരൻ ഇന്ന് എവിടെയാണെന്ന് നമ്മൾ എത്ര പേർക്കറിയാം? നമ്മൾ മറന്നിരിക്കുന്നു, നമ്മുടെ പ്രിയ സഖാവ് സെയ്താലിയെ. അന്ന് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തോട് കലഹിച്ച, ഇന്നും ആ രക്തസാക്ഷിത്വത്തെ കുറിച്ച് വാചാലമാകുന്ന എസ്.എഫ്.ഐ, സഖാവ് സെയ്താലിയുടെ ഘാതകനു വേണ്ടി നില കൊണ്ടത് നമ്മൾ എത്രപേർക്കറിയാം? അതേ സഖാക്കളേ, അന്നത്തെ ശങ്കരനാരായണൻ പേരുമാറ്റി, ബാബു എം പാലിശ്ശേരിയായി. ഡി.വൈ.എഫ്.ഐക്കാരനായി. സി.പി.ഐ.എം കാരനായി. കുന്ദംകുളം എം.എൽ.എ സ്ഥാനം തന്നെ പാർട്ടി ആ ഘാതകന്റെ കാൽകീഴിൽ സമർപ്പിച്ചു. സഖാക്കളേ നാം എങ്ങോട്ട്?

## കൂത്തു പറമ്പ് രക്തസാക്ഷികൾ

അകലെ ആ ശവകുടീരങ്ങളിൽ
രാജീവനും മധുവും ഷിബുലാലും
ബാബുവും റോഷനും
ഉണർന്നിരിക്കുന്നു.
അവരുയർത്തിയ
മുദ്രാവാക്യങ്ങൾ
ഒന്നു പത്തായി,
പത്തു നൂറായി, നൂറ്
ഒരായിരം
അസ്ത്രങ്ങളായി
ഭരണകൂടത്തിന്റെ
ബധിര കർണ്ണങ്ങളെ
കീറിമുറിക്കുന്നു.
ലാൽ സലാം
സഖാക്കളെ....
നിങ്ങളുടെ നിണം
വീണ് കുതിർന്ന മണ്ണ്
നെഞ്ചോട് ചേർത്ത്



പോരാട്ട ഭൂമിയിൽ നിങ്ങളുടെ
തുടർച്ചയായി ഞങ്ങൾ നിരക്കട്ടെ...
ചാവേറുകളായി....

കോടാനുകോടികളായ പട്ടിണിക്കാരുടെ മക്കൾക്കായാണ് പാഞ്ഞുവന്ന വെടിയുണ്ടകളെ നിങ്ങൾ നെഞ്ചേറ്റിയത്. പിടഞ്ഞു പിടഞ്ഞു ഓർമ്മപ്പെടുത്തലായിത്തീർന്നത്. ഞങ്ങളവരെ ഉപേക്ഷിച്ചു.. മുപ്പതു വെള്ളിക്കാശിനായി നിങ്ങളെ ഒറ്റിയവരെ... സ്വാശ്രയക്കോളേജ് രക്തസാക്ഷി രജനി എസ് ആനന്ദിനോട്, വായിലൊതുങ്ങുന്നത് കൊത്തിയാൽ പോരേ എന്ന് കോർപ്പറേറ്റ് അമ്മ ദൈവം മാതാ അമൃതാനന്ദമയി കോർപ്പറേറ്റുകൾ കൊടുക്കുന്ന അമൃതം നുണഞ്ഞ് ആനന്ദത്തോടെ ഭജിച്ചപ്പോൾ അതിലും ശരിയില്ലേ എന്നു വാദിച്ച നമ്മുടെ പഴയ സഖാക്കളെ, ഒത്തു തീർപ്പുകളുടെ ആ കൂട്ടുകാരെ ഒറ്റുകാരാ എന്നല്ലാതെ, വർഗ്ഗ വഞ്ചകരെന്നല്ലാതെ മറ്റേത് പദം കൊണ്ടാണ് വിശേഷിപ്പിക്കാനാവുക?? സ്വാശ്രയ കോളേജ് മുതലാളിമാരായ മെത്രാൻമാരുടെ അരമനകൾ തോറും ഇലക്ഷനെന്ന റിയാലിറ്റി ഷോകളിൽ വോട്ടു തെണ്ടുന്ന തിരക്കിലാണവർ. പാർലമെന്ററിസം ഒരു ക്യാൻസർ പോലെ അവരുടെ മസ്തിഷ്ക്കങ്ങളെ കാർന്നു തിന്നു കഴിഞ്ഞിരിക്കുന്നു. 1994 നവംബർ 25നു സ്വാശ്രയ വിദ്യാഭ്യാസ പദ്ധതിക്കെതിരായി നിങ്ങളഞ്ചുപേർ മരണം കൊണ്ട് സാക്ഷ്യപ്പെടുത്തി. എന്നാൽ ഒറ്റ വർഷം കൊണ്ടു തന്നെ ഇടതു പക്ഷത്തിന് എങ്ങനെ സ്വാശ്രയ മാടമ്പിമാരുമായി പ്രണയബന്ധത്തിലേർപ്പെടാൻ കഴിഞ്ഞു? പിന്നെ പാവങ്ങളുടെ മക്കൾക്ക് ചില നക്കാപ്പിച്ചകൾ നേടിയെടുക്കുന്ന സമരമായി ഇടതു വിദ്യാർത്ഥി സമരങ്ങളൊക്കെ മാറി. 50 –50 എന്ന ഒത്തു തീർപ്പിന്റെ ഭാഷ എങ്ങനെ ഇവരുടെ നാവുകൾക്ക് പ്രിയങ്കരമായി? ഓന്തുപോലും നാണിച്ചു പോകും മട്ടിലുള്ള നിറം മാറ്റം!! രജനി എസ് ആനന്ദും

ആവുകയും ചെയ്തു ആ സമയത്താണ് ജില്ലാ കമ്മിറ്റിയിൽ വരുന്നത്. ബ്ലോക്ക് സെക്രട്ടറിയായി ജില്ലാ ജോയിന്റ് സെക്രട്ടറി ആയി സംസ്ഥാന കമ്മിറ്റി വരെ എത്തപ്പെടുന്ന ഒരവസ്ഥയുണ്ടായി. ചന്ദ്രശേഖരന്റെ കാലത്താണ് ഡി.വൈ.എഫ്.ഐയുടെ ജില്ല കമ്മിറ്റി ഓഫിസ് ഇന്ന് കാണുന്ന രൂപത്തിൽ മാറിയത്.മണ്ടോടി കണ്ണൻ സ്മാരകം ടി.പി. കൂടി പണിയെടുത്തു നിർമിച്ചതാണ്. പ്രവൃത്തി നിങ്ങൾ നടത്തണം എന്ന് ആഹ്വാനം ചെയ്യുന്ന നേതാവ് മാത്രമല്ല അതോടൊപ്പം തന്റെ സഹസഖാക്കൾക്കൊപ്പം നിന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വിപ്ലവകാരി ആയിരുന്നു അദ്ദേഹം. സഹപ്രവർത്തകരോട് ഒത്തുപ്രവർത്തിക്കുകയും അവരെ നേതൃത്വത്തിലേക്ക് കൊണ്ട് വരികയും ചെയ്തിരുന്നു ടി.പി.

നാട്ടിലെ ഓരോ വീടുകളിലേയും വിശേഷങ്ങളിൽ അദ്ദേഹം എത്തിയിരുന്നു. വിവാഹം പോലുള്ള ചടങ്ങുകളിൽ ദിവസങ്ങൾക്കു മുൻപേ എത്തി കാര്യങ്ങൾ അന്വേഷിക്കുകയും മുന്നിൽ നിന്ന് നടത്തുകയും ചെയ്തിരുന്നു. കല്യാണ വീടുകളിൽ പാചകം മുതൽ കാർമികത്വം വരെ എത്തി നിന്നിരുന്നു ആ സാന്നിധ്യം. ഒരു കമ്മ്യൂണിസ്റ്റുകാരന്റെ വിവാഹം എങ്ങനെയായിരിക്കണം എന്ന് തന്റെ വിവാഹത്തിലൂടെ അദ്ദേഹം തെളിയിച്ചു.

ഫാസിലയും സുമി സുരേന്ദ്രനുമൊക്കെ സ്വാശ്രയ വിദ്യാഭ്യാസ പദ്ധതിയുടെ രക്തസാക്ഷികളായി മാറിയപ്പോൾ എത്ര ബാങ്കുകൾ തച്ചു തകർത്താണ് വിദ്യാർത്ഥികളുടെ അടങ്ങാത്ത കലിയിൽ നിന്ന് സ്വാശ്രയ കോളെജ് ഭീമന്മാരെയും അതിന്റെ രാഷ്ട്രീയ പരിരക്ഷകരെയും ഇവർ രക്ഷപ്പെടുത്തിയത്!!

ഇവർക്ക് ഓർമ്മകൾ കേവലം താരാട്ടു പാട്ടുകളാണ്. മറിച്ചു വിറ്റാൽ വോട്ടുകിട്ടുന്ന റോയൽ റിസോഴ്സാണ്. DYFIയുടെ ഔദ്യോഗിക വെബ്സൈറ്റ് പറയുന്നു , 'കൂത്തു പറമ്പ് സമരം കേരള സർക്കാരിന്റെ സാമ്രാജ്യത്വ നയങ്ങൾക്കും ആഗോള വൽക്കരണ പ്രചരണത്തിനുമെതിരെയുള്ള സമരമായിരുന്നു' എന്ന്. 'വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനുമെതിരായ സമരമായിരുന്നു' എന്ന്. എന്നിട്ടും ഇതേ സാമ്രാജ്യത്വ നയങ്ങളും സ്വകാര്യ വൽക്കരണവും എങ്ങനെ ഇവരുടെ അജണ്ടകളിലെ സുപ്രധാന ഇനമായി മാറി? സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നം എങ്ങനെ ബാങ്ക് ലോൺ കൊടുക്കാത്തതിന്റെ പ്രശ്നം മാത്രമായി മാറി? ഇടതു സർക്കാരിന്റെ 'ഉന്നത വിദ്യാഭ്യാസ കൗൺസിലിന്' സ്വകാര്യവൽക്കരണം ഒരാശ്രയമായിത്തീർന്നിരുന്നു. സ്വാശ്രയ കോളേജ് തന്നെ പ്രശ്നമാക്കാതെ അതിലെ ഏതാനും സീറ്റ് പാവങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതു മാത്രം പ്രശ്നമാക്കി മാറ്റി എത്ര നാൾ ഇവർക്ക് മുഖം രക്ഷിക്കാനാവും?

## സ: ലാലപ്പൻ

തൃശ്ശൂർ ജില്ലയിലെ എസ്.എഫ് .ഐയെ ചോരകൊടുത്ത് പടുത്തുയർത്തിയ ലാലപ്പനെന്ന വിപിൻ ലാലിനെ ആരും അത്ര പെട്ടന്ന് മറക്കാൻ വഴിയില്ല. പഠനത്തിനു ശേഷവും വർഷങ്ങളോളം മുഴുവൻ സമയ പ്രവർത്തകനായിരുന്ന എസ്.എഫ്.ഐയുടെ തൃശ്ശൂർ ഏരിയാ കമ്മറ്റിയുടെ സെക്രട്ടറി കൂടിയായിരുന്ന ആ സഖാവ് ഒരു കൊള്ളിയാൻ മറഞ്ഞ പോലെയാണ് മാഞ്ഞു പോയത്. വളവുകളും തിരിവുകളുമുള്ള പാതയുടെ കയറ്റിറക്കങ്ങളിൽ ആരോ മുള്ളുകൾ വിതറിയിരിക്കുന്നു എന്ന് ഞങ്ങൾ



ഇന്നും വിശ്വസിക്കുന്നു. അപ്രിയ സത്യങ്ങൾ വിളിച്ചു പറഞ്ഞതിന് അദ്ദേഹത്തെ സംഘടനയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കി. എന്നിട്ടും ജില്ലയിലെ പോരാളികൾ ലാലപ്പന്റെ പിന്നിൽ അണിചേർന്നു. ജീവിതത്തിന്റെ അവസാന യാത്രയിലും എസ്എഫ്ഐക്കു വേണ്ടി തുടിച്ച ആ ജീവിതത്തെ അവഹേളിക്കുന്നതിൽ നേതാക്കന്മാർ മത്സരിക്കുകയായിരുന്നു. ഇ.കെ.ബാലൻ, കെ.ആർ.തോമസ്, ആർ.കെ.കൊച്ചനിയൻ, കെ.എസ്.വിപിൻലാൽ എന്നിവരുടെയൊപ്പം സ. ലാലപ്പന്റെ  ചിത്രവും ആലേഖനം ചെയ്ത കലണ്ടർ വിതരണം ചെയ്യാൻ എസ്എഫ്ഐ ഏരിയാ കമ്മറ്റി തീരുമാനിച്ചതിനെ അന്നത്തെ സംസ്ഥാന സെക്രട്ടറി സ്വരാജ് നായർ എതിർത്തതിന്റെ ചേതോവികാരം ഇന്നും ദുരൂഹമാണ്. അത് വിതരണം ചെയ്തതിന്റെ പേരിൽ ആ ഏരിയാ കമ്മറ്റി തന്നെ പിരിച്ചു വിടുകയാണവർ ചെയ്തത്.
എന്നിട്ടും ആവേശത്തിരയിളക്കുന്ന പ്രസംഗങ്ങൾക്ക് ഉപ്പും കറിവേപ്പിലയുമായി രക്തസാക്ഷിപ്പട്ടിക അവർ നിവർത്തും. കൈയടിയും വോട്ടും വാങ്ങും. ഈ കപട വൈകാരികതയുടെ ലേബലിൽ എസ്എഫ്ഐക്ക് എത്ര കാലം ക്യാമ്പസുകളെ ഭരിക്കാനാകും.

**രക്തസാക്ഷിത്വം ഓർമ്മപ്പെടുത്തലുകൾ കൂടിയാണ്.. ഓർമ്മകൾ താരാട്ടുപാട്ടല്ല. സുഖസുഷുപ്തിയിൽ മയങ്ങുന്നവരെ ഉണർത്തുന്ന കഠിനകഠോര ശബ്ദങ്ങളാണ്. കലാലയങ്ങളെ അരാഷ്ട്രീയമാക്കാൻ, അവയെ കച്ചവടവൽക്കരിക്കാൻ, ഞങ്ങളുടെ പഴയ സഖാക്കളേ നിങ്ങളോർക്കുക. ഈങ്ക്വിലാബ് മുഴക്കി മരിച്ചുവീണ ധീരസഖാക്കളുടെ ഓർമ്മകൾ ഓരോ ദിനവും നിങ്ങളുടെ പേക്കിനാക്കളായി മാറുമെന്ന്.. നിങ്ങളുടെ മുഖംമൂടിയെ കുത്തിക്കീറുമെന്ന്.. നിങ്ങളിലെ ഒറ്റുകാരന്റെ കൈക്കത്തിയാൽ അവർ അവസ്സാനിക്കില്ലെന്ന്... ഞങ്ങളിലെ ചാവേറുകളായി അവർ ജീവിക്കുമെന്ന്...**

ഫെമിനിസം പറയുന്ന പുരുഷന്മാരുണ്ട്. തന്റെ കൂടെ ജീവിക്കുന്ന, സഹശയനം നടത്തുന്ന, ഏറ്റവും വലിയ കൂട്ടുകാരി എന്നൊക്കെ മൈക്കിലൂടെ വിളിച്ചു പറയുന്ന ആളുകൾക്കിടയിൽ ചന്ദ്രശേഖരൻ വ്യത്യസ്തനായിരുന്നു. രാവിലെ ഉണർന്നു ഭക്ഷണം പാകം ചെയ്തു മകനും ഭാര്യക്കും അമ്മയ്ക്കും വേണ്ട എല്ലാം ചെയ്തുവച്ച് തുടങ്ങുന്ന ഒരു ദിവസം.

സി.പി.ഐ.എമ്മിന്റെ ആക്രമണത്തിനിരയായി നാലഞ്ചു പേർ മരണത്തോട് മല്ലിട്ട് ആശുപത്രിയിൽ കിടന്നപ്പോൾ എവിടെ നിന്നൊക്കെയോ കടം വാങ്ങി വിദഗ്ധ ചികിൽസ നൽകുകയും ജയരാജൻ, ജയൻ, ഏറ്റവും അവസാനം വെട്ടു കിട്ടിയ ബാലേട്ടൻ ആയാലും ദാമോദരൻ ആയാലും കാലിനു വെട്ടുകിട്ടിയ സിനീഷ് ആയാലും അവരെയൊക്കെയും  ജീവിതത്തിലേക്ക് തിരിച്ചു കൊണ്ട് വന്നത് ടി.പി. ആയിരുന്നു. മാത്രമല്ല ഓർക്കാട്ടേരിയിലെ ലാലു എന്ന ചെറുപ്പക്കാരന് ലിവറിനു അസുഖം ബാധിച്ചു കിടന്നപ്പോൾ ഡോക്ടർമാർവരെ രക്ഷയില്ലെന്നു പറഞ്ഞിട്ടും ലക്ഷക്കണക്കിന് രൂപ സംഘടിപ്പിച്ച് മിംസ് ആശുപത്രിയിൽ കൊണ്ടുപോയി ഉറക്കം ഒഴിഞ്ഞു ശുശ്രൂഷിച്ചതും ചന്ദ്രശേഖരൻ ആയിരുന്നു. അങ്ങനെയൊക്കെ ഒരു മാർക്സിസ്റ്റിനു പറ്റാവുന്ന രീതിയിൽ ചന്ദ്രശേഖരൻ തന്റെ ജീവിതം കൊണ്ടു പ്രവർത്തിച്ചിരുന്നു.



**ആഗോളവൽക്കരണ കാലത്ത് മാർക്സിസം പ്രയോഗിക്കുന്നത് പുതിയ രീതിയിൽ ആയിരിക്കണം. സോവിയറ്റ് യൂണിയന്റെ തകർച്ച നമ്മുടെ മുന്നിൽ ഉണ്ട്. കിഴക്കൻ യൂറോപ്യൻ നാടുകളുടെ തകർച്ച നമ്മുടെ മുന്നിലുണ്ട്. ഈ തകർച്ചയിൽ നിന്നും ഒരു പുതിയൊരു പാഠം ലോകത്തെ കമ്മ്യൂണിസ്റ്റു പാർട്ടികൾ പഠിക്കണം .പുതിയ രീതിൽ ഉള്ള ജനാധിപത്യ വികസനത്തിന്റെ സാമൂഹികക്രമം നമുക്ക് രൂപപ്പെടുത്താൻ കഴിയണം.**

**2**

ചന്ദ്രശേഖരൻ ഒഞ്ചിയം സി.പി.ഐ.എം ഏരിയ കമ്മറ്റി മെമ്പർ ആയിരുന്നു. ഏറെ കാലം ഏറാമല ലോക്കൽ സെക്രട്ടറി ആയിരുന്നു. ചന്ദ്രശേഖരനുള്ള കാലത്താണ് ഏറാമല പഞ്ചായത്ത് ജനതാദളിൽ നിന്നും ഏറ്റെടുക്കുന്നത്. ജനതാദളിന്റെ ഈ കുത്തക, പഴയ സോഷ്യലിസ്റ്റ് മാടമ്പിത്തരത്തിനു എതിരായി പുതിയ ഒരു മൂവ്മെന്റ് എന്ന നിലയിൽ സി.പി.ഐ.എം വളർന്നു വരികയും അതിന്റെ നേതൃസ്ഥാനത്ത് സി.പി.ഐ.എം ഇരിക്കുന്ന സമയത്താണ് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ സി.പി.ഐ.എം ഒറ്റയ്ക്ക് ഏറാമല പഞ്ചായത്ത് നേടുന്നത്. ഒഞ്ചിയത്ത് സി.പി.ഐ.എമ്മിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച പോരാളിയാണ് ചന്ദ്രശേഖരൻ. ഏതു പ്രതിസന്ധിഘട്ടം ഉണ്ടായാൽ പോലും മറ്റേതൊരു നേതാവിനെക്കാളും നന്നായി ഇടപെടാൻ ചന്ദ്രശേഖരന് കഴിഞ്ഞു. ഒരു പ്രത്യയശാസ്ത്രത്തിൽ വെള്ളം ചേർത്ത് ആരെങ്കിലും ഇടപെടുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നെങ്കിൽ മുഖം നോക്കാതെ പ്രതികരിക്കാൻ ചന്ദ്രശേഖരന് കഴിഞ്ഞിരുന്നു. തന്റേടിയായ കമ്മ്യൂണിസ്റ്റായിരുന്നു ചന്ദ്രശേഖരൻ. ഒഞ്ചിയത്തെ സി.പി.ഐ.എമ്മിന്റെ നേതാക്കളൊക്കെ കുറ്റകരമായ, സാമ്പത്തിക അനാസ്ഥ കാണിച്ച സന്ദർഭങ്ങളിൽ ഒക്കെയും ശക്തിയുക്തം ചോദ്യം ചെയ്ത ആളാണ് ചന്ദ്രശേഖരൻ. ഒഞ്ചിയത്ത് രക്തസാക്ഷിത്വത്തിന്റെ അമ്പതാംവാർഷികം ആചരിക്കുന്ന സമയത്ത് ലക്ഷക്കണക്കിന് രൂപ പിരിച്ചെടുത്ത കണക്കു ചോദിച്ചതിനു ചന്ദ്രശേഖരനോട് പാർട്ടിയുടെ ഔദ്യോഗിക പാർട്ടി നേതൃത്വത്തിന് നീരസം ഉണ്ടായിരുന്നു. അവിടെ സ്തൂപം നിർമിച്ചതിന്റെ കണക്കു ഞങ്ങൾ പാർട്ടി വിടുന്നത് വരെ പറഞ്ഞിട്ടില്ല. കുഞ്ഞിപള്ളിയിൽ ഐസ് പ്ലാന്റ് വരുന്നതിനെതിരായി ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ സമരം നടന്നിരുന്നു .

കേവലം ഒരു പഞ്ചായത്ത് ഇലക്ഷന്റെ പ്രശ്നം പറഞ്ഞുകൊണ്ടാണ് ചന്ദ്രശേഖരൻ പാർട്ടിക്ക് പുറത്തുവന്നതെന്നാണ് സി.പി.ഐ.എം പറയുന്നത്. യഥാർത്ഥത്തിൽ അതല്ല സംഭവം. സി.പി.ഐ.എമ്മിന്റെ 2005ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മൽസരിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം, സി.പി.ഐ.എമ്മിനു മേൽക്കോയ്മ കിട്ടുന്ന പഞ്ചായത്തിൽ മൽസരിച്ചു പസിഡന്റ് ആകണമെന്നത്  സംസ്ഥാന കമ്മറ്റിയുടെ തീരുമാനം ആ്. അത് രാഷ്ട്രീയ പ്രമേയം കൂടിയാണ്. ജനതാദളുമായി ചേർന്നാണ്  മൽസരിക്കുന്നതെങ്കിലും കൂടുതൽ സീറ്റ് സി.പി.ഐ.എമ്മിനു തന്നെയാണ് വേണ്ടതെന്നു പറഞ്ഞു. അവർ അത് അംഗീകരിച്ചു. അങ്ങനെ തിരഞ്ഞെടുപ്പിൽ മൽസരിച്ചു. എൻ വേണു അഞ്ചു കൊല്ലം റൂറൽ ബാങ്കിൽ നിന്നും ലീവ് എടുത്തു. അങ്ങനെ വേണു പ്രസിഡന്റ് ആവുകയും ചെയ്തു.

എന്നാൽ  രണ്ടര വർഷം കഴിഞ്ഞപ്പോൾ ആണ് പഞ്ചായത്ത് ജനതാദളിനു കൈമാറണം എന്നുപറയുന്നത്. എന്നു പറഞ്ഞാൽ അഴിയൂർ പഞ്ചായത്ത് ഭരിച്ചിരുന്നതു ജനതാദൾ ആണ്. അത് സി.പി.ഐ.എം വാങ്ങുക, പകരം അവിടെ സി.പി.ഐ.എമ്മിന്റെ ഏരിയ കമ്മറ്റി അംഗം പി ശ്രീധരന്  പ്രസിഡന്റ് ആവുകയും ഏറാമല പഞ്ചായത്ത് വേണുവിനു പകരം ജനതാദളിന്റെ എം കെ ഭാസ്കരനോ  മറ്റു  ആർക്കെങ്കിലും കൊടുക്കുകയും ചെയ്യുക എന്ന തീരുമാനം എടുക്കണം എന്ന് പറഞ്ഞപ്പോൾ ഞങ്ങൾ ഈ തീരുമാനം ആദ്യം ഉണ്ടായിരുന്നോ എന്ന് ചോദിച്ചു . തിരഞ്ഞെടുപ്പു വേളയിൽ എൽ.ഡി.എഫ് എന്ന പേരിൽ തീരുമാനം എടുത്തിരുന്നില്ല . ജില്ല കമ്മറ്റി അങ്ങനൊരു തീരുമാനം എടുത്തിരുന്നില്ല. അങ്ങനെയെങ്കിൽ വേണു അഞ്ചു വർഷം ലീവ് എടുക്കുമായിരുന്നില്ല. ചന്ദ്രശേഖരനും വേണുവും അടക്കമുള്ളവർ പാർട്ടിക്കുള്ളിൽ നടത്തിയ ആശയ പോരാട്ടത്തിനോടുള്ള  നീരസവും അസംതൃപ്തിയും



**കമ്മ്യൂണിസ്റ്റ് പാർട്ടി നിറവും മണവും ഗുണവും ഇല്ലാത്ത ഒന്നായി മാറി . ഒരു സോഷ്യൽ ഡെമോക്രാറ്റ് കൊടി പിടിച്ചാൽ അതാണ് നല്ലത്. അതിനെക്കാൾ തരംതാണ അവസ്ഥയിലേക്ക്, വലതുപക്ഷത്തേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ ആണ്, പ്രത്യേകിച്ച് പിണറായി വിജയനെ പോലെയുള്ള, കോടിയേരി ബാലകൃഷ്ണനെ പോലെയുള്ള, എളമരം കരിമിനെ പോലെയുള്ള നവനേതാക്കൾ, ജയരാജനെപ്പോലെ ഉള്ള മാടമ്പികൾ എന്നിവർ സി.പി.ഐ.എം കൈയ്യടക്കാൻ നിന്നപ്പോൾ ആണ് ഞങ്ങൾ സി.പി.ഐ. എമ്മിൽ നിന്നും പുറത്തേക്ക് വന്നത്.**

അവർക്കു വളർന്നു വരുന്ന പൊതുജന സമ്മതി ഇല്ലാതാക്കുന്നതിനും സി.പി.ഐ.എം ചെയ്തു കൂട്ടിയ തന്ത്രത്തിന്റെ ഭാഗമാണ് യഥാർഥത്തിൽ ജനതാദളിന് ഭരണം കൈമാറണം എന്ന് ആവശ്യപ്പെട്ടത്. അതൊരു ചതിയായിരുന്നു. അത് ഞങ്ങൾ അനുവദിക്കില്ല എന്ന് പറഞ്ഞു. കാരണം മുന്നണി ബന്ധം പാലിച്ചിട്ട് ഇത് കൊടുക്കണം എന്ന് പറയുന്ന ആളുകൾ ആണ് എങ്കിൽ കോഴിക്കോട് ലോകസഭ മണ്ഡലത്തിൽ അന്ന് എം പി വീരേന്ദ്ര കുമാറിനെ പുറത്താക്കാൻ പാടില്ലായിരുന്നു . മുന്നണി മര്യാദ പാലിക്കുന്നവർ ആണെങ്കിൽ അവിടെന്താ മുന്നണി മര്യാദ പാലിക്കാതിരുന്നത്? ഏറാമല പഞ്ചായത്തിൽ മാത്രം മുന്നണി മര്യാദ എന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിൽ ആണ്? ഇനി സി.പി.ഐ.എമ്മിന്റെ ഏതെങ്കിലും ഒരു കമ്മറ്റി ഈ തീരുമാനം എടുത്തിട്ടുണ്ടോ? ഇല്ല. ഇവർ ചെയ്തതെന്താണ് സി.പി.എമ്മിന്റെ ഒഞ്ചിയം ഏരിയ കമ്മറ്റി കോഴിക്കോട് ഏരിയ കമ്മറ്റി ഓഫിസിൽ വിളിച്ചു ചേർത്താണ് ഈ തീരുമാനം ഉണ്ടാകുന്നത്. ആ തീരുമാനം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ ആണ് സി.പി.ഐ.എമ്മിന്റെ ഏറാമല പഞ്ചായത്തിലെ രണ്ടു ലോക്കൽ കമ്മറ്റികൾ, കുന്നുമ്മക്കരയും ഓർക്കാട്ടേരിയും, ഇത് അംഗീകരിക്കില്ല എന്ന് പ്രഖ്യാപിച്ചു. മാത്രമല്ല 25 ബ്രാഞ്ചും ഏകകണ്ഠമായി ഇവരുടെ തീരുമാനം തള്ളി. എന്നിട്ടും സി.പി.ഐ.എം ഏരിയ നേതൃത്വമോ ജില്ല നേതൃത്വമോ സംസ്ഥാന നേതൃത്വമോ ക്രിയാത്മകമായ നടപടികൾ എടുക്കാത്തതു കൊണ്ടാണ് അന്ന് ചന്ദ്രശേഖരനും കൂടെ നിന്ന സഖാക്കളും പാർട്ടി വിടുന്നത്. ഇതാണ് പാർട്ടി വിടാൻ കാരണം.

**3**

ഇതൊരു വസ്തുനിഷ്ഠ സാഹചര്യം മാത്രമായിരുന്നു. ഒരു കമ്മ്യൂണിസ്റ്റിനെ സംബന്ധിച്ചിടത്തോളം ആത്മനിഷ്ഠ സാഹചര്യവും പ്രധാനമാണ്. രണ്ടും ഒരുമിച്ചു ചേരുമ്പോഴേ ഒരു പുതിയ രാഷ്ട്രീയ സാഹചര്യം രൂപപ്പെടുകയുള്ളൂ. ആത്മനിഷ്ഠമായി ഒരുപാട് കാലങ്ങളായി അനുഭവിക്കുന്ന സാഹചര്യങ്ങൾ ഉണ്ട്. ഒഞ്ചിയം സമ്മേളന കാലത്തൊക്കെ ഒറ്റ തിരിഞ്ഞു വിഭാഗീയക്കാരാണെന്ന് ഞങ്ങളെയൊക്കെ മുദ്ര കുത്തുന്നതിനു വേണ്ടിയും സമ്മേളനത്തിൽ നിന്ന് പുറത്താക്കുന്നതിനു വേണ്ടിയും തന്നിഷ്ടക്കാരെ പാർട്ടിയിൽ കൊണ്ട് വരുന്നതിനു വേണ്ടിയുമുള്ള ബോധപൂർവമായ ഇടപെടലുകൾ സി.പി.ഐ.എം ഔദ്യോഗിക നേതൃത്വത്തിൽ നിന്നുണ്ടായിരുന്നു. അതേ തുടർന്നാണ് ചന്ദ്രശേഖരൻ സമ്മേളനത്തിൽ തോൽപ്പിക്കപ്പെടുന്നത്. പിന്നീട് പാർട്ടിയിലേക്ക് വരികയാണുണ്ടായത്. ഒരു സമയത്ത് ഇല്ലാകഥകൾ മെനഞ്ഞു ചന്ദ്രശേഖരന്റെ സംഘടനാ ശേഷിയെ ചോർത്തിക്കളയാൻ ഇവർ തീരുമാനിച്ചു. അന്ന് ചന്ദ്രശേഖരൻ ഡി.വൈ.എഫ്.ഐയുടെ ജില്ല സെക്രട്ടറി ആയിരുന്നു. ഇതിനൊക്കെയെതിരായി ഞാനുൾപ്പെടെ ഉള്ളവർ ഉൾപ്പാർട്ടി സമരം നടത്തിയിരുന്നു . അതിനെ തുടർന്നാണ് ഞങ്ങൾ റെവലൂഷണറി പാർട്ടി രൂപീകരിക്കുന്നത് .

ഇത് മാത്രമല്ല 1964ലെ പാർട്ടി പരിപാടി 2000 ൽ ഭേദഗതി ചെയ്തു, ഇത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല എന്ന് പാർട്ടി ഫോറങ്ങളിൽ പറഞ്ഞു. മൂന്നു കാര്യങ്ങൾ ആണ് അതിൽ ഉണ്ടായിരുന്നത്, ജന്മിത്തം അവസാനിപ്പിക്കും എന്ന് 1964 ലെ പാർട്ടി പരിപാടിയിൽ ഉണ്ടായിരുന്നു, 2000ൽ ആ പദപ്രയോഗം തന്നെ എടുത്തു കളഞ്ഞു . രണ്ടാമത് , വിദേശ ഫിനാൻസ് മൂലധനം കണ്ടുകെട്ടും എന്നായിരുന്നെങ്കിൽ 2002ൽ അത് വിദേശ മൂലധനം ഉപയോഗിച്ച് കൊണ്ട് വികസന പ്രവർത്തനം നടത്തും എന്നായി മാറി. മൂന്നാമത്തെ കാര്യം വിദ്യാഭ്യാസം പൊതു ഉടമസ്ഥതയിലാക്കും എന്നത് മാറി 2000ൽ ആയപ്പോൾ വിദ്യാഭ്യാസം സ്വകാര്യ പങ്കാളിത്തത്തോടെ ആക്കും എന്നാക്കി മാറ്റി. ഇത് മൂന്നും ഇല്ലാതായപ്പോൾ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലാതായി തീരുന്നതിനുള്ള കാരണം ആയിമാറി. കമ്മ്യൂണിസ്റ്റ് പാർട്ടി നിറവും

മണവും ഗുണവും ഇല്ലാത്ത ഒന്നായി മാറി , ഒരു സോഷ്യൽ ഡെമോക്രാറ്റ് കൊടി പിടിച്ചാൽ അതാണ് നല്ലത്. അതിനെക്കാൾ തരംതാണ അവസ്ഥയിലേക്ക്, വലതുപക്ഷത്തേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ ആണ്, പ്രത്യേകിച്ച് പിണറായി വിജയനെ പോലെയുള്ള, കോടിയേരി ബാലകൃഷ്ണനെ പോലെയുള്ള, എളമരം കരിമിനെ പോലെയുള്ള  നവനേതാക്കൾ, ജയരാജനെപ്പോലെ ഉള്ള മാടമ്പികൾ  സി.പി.ഐ.എം കൈയ്യടക്കാൻ നിന്നപ്പോൾ ആണ് ഞങ്ങൾ സി.പി.ഐ. എമ്മിൽ നിന്നും പുറത്തേക്ക് വന്നത്. അങ്ങനെയാണ് മാർക്സിസ്റ്റ് റെവലൂഷനറി പാർട്ടി രൂപീകരിക്കുന്നത്.




**4**

റെവലൂഷനറി പാർട്ടി രൂപീകരിക്കുന്ന സമയത്ത് ആളുകളുടെ ചോദ്യം ഇങ്ങനെയായിരുന്നു, ഇതിന്റെ ഭാവി എന്താണ് എന്ന്. ഭാവി രാഷ്ട്രീയം റെവലൂഷനറിയുടേത് തന്നെയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതിനു ഞങ്ങൾ പറയുന്ന ഒരു ന്യായം കേരളത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ആദ്യ ഗ്രൂപ്പ് ഉണ്ടാക്കുന്നത് കോഴിക്കോട് വച്ചാണ്. കോഴിക്കോട് ചെറുവണ്ണൂർ ഒരു പീടികയുടെ മുകളിൽ സഖാക്കൾ പി. കൃഷ്ണപിള്ളയും കെ ദാമോദരനും ഇ എം എസ്, എൻ സി ശേഖർ എന്നിവർ ആണ് ഒരു കൊച്ചു ഗ്രൂപ്പുണ്ടാക്കുന്നത്. അന്നവരോടും ചോദിച്ചിരുന്നു. അന്നവരുടെ കൂടെ അണികൾ അല്ലാതെ ആരും ഉണ്ടായിരുന്നില്ല. ആ പാർട്ടി ആണ് ഏറ്റവും വലിയ കമ്മൂണിസ്റ്റ് പാർട്ടി ആയത്. ആ ചരിത്രം നമുക്ക് മുന്നിൽ ഉണ്ട് . പക്ഷേ ഇന്ന് സി.പി.ഐ.എം വലതു പക്ഷവർക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ആഗോളവർക്കരണ കാലത്ത് മാർക്സിസം പ്രയോഗിക്കുന്നത് പുതിയ രീതിയിൽ ആയിരിക്കണം. സോവിയറ്റ് യൂണിയന്റെ തകർച്ച നമ്മുടെ മുന്നിൽ ഉണ്ട്. കിഴക്കൻ യൂറോപ്യൻ നാടുകളുടെ തകർച്ച നമ്മുടെ മുന്നിലുണ്ട്. ഈ തകർച്ചയിൽ നിന്നും ഒരു പുതിയൊരു പാഠം ലോകത്തെ കമ്മ്യൂണിസ്റ്റു പാർട്ടികൾ പഠിക്കണം .പുതിയ രീതിൽ ഉള്ള ജനാധിപത്യ വികസനത്തിന്റെ സാമൂഹികക്രമം നമുക്ക് രൂപപ്പെടുത്താൻ കഴിയണം. അതിനു മാർക്സിസത്തിൽ അങ്ങേയറ്റം ജനാധിപത്യവൽക്കരണവും, എന്നാൽ തന്നെ ഈ പൊരുതുന്ന വിപ്ലവ പ്രവർത്തനത്തിന്റെ ഒരു കണ്ടെന്റും ഉണ്ടാവണം. ഇത് രണ്ടും എങ്ങനെ കൂട്ടി യോജിപ്പിച്ച് കൊണ്ട് പോകാം എന്നുള്ളതാണ് ലോകത്തെ മാർക്സിസ്റ്റുകൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. ഇത് ഞങ്ങൾ പരിശോധിക്കുന്നു. സി.പി.ഐ.എം പോലെയുള്ള ഒരു പ്രസ്ഥാനത്തിൽ നിന്നും വരുന്ന ഞങ്ങൾക്ക് അതിന്റെ ഒരുപാട് അപചയങ്ങൾ പിടികൂടും. പൂർണമായും അതിൽ നിന്നും മോചനം നേടി എന്ന് വരില്ല. ഇത്തരം ഫ്രെയ്മിൽ ചിലപ്പോൾ നിൽക്കുന്നുണ്ടാകാം. അത് തകർത്തു മറ്റൊരു പരീക്ഷണത്തിനായുള്ള ശ്രമങ്ങൾ ആണ് ഞങ്ങൾ നടത്തികൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഒഞ്ചിയത്തെ റെവലൂഷനറി പാർട്ടി പ്രവർത്തിക്കുന്നത്. അതിനോടനുബന്ധിച്ചു പ്രവർത്തിക്കാൻ കഴിയുന്ന ഇടതുപക്ഷ ഏകോപന സമിതി, മാവൂരിലെ ഒരു പാർട്ടി, തളിക്കുളത്തെ പാർട്ടി , ഷൊർണൂരിലെ മൂവ്മെന്റ്, മുരളിയെ ഇതുമായി കണ്ണി ചേർക്കുന്നില്ല, കാരണം മുരളി യു.ഡി.എഫിന്റെ ഭാഗമായി നിൽക്കുകയാണ്. ആ നിലപാടുമായി ഞങ്ങൾക്ക് യോജിപ്പില്ല. മറ്റു മേഖലയിലുള്ള, നിരവധി ഗ്രൂപ്പുകൾ ഉണ്ട്, അവരെല്ലാം വ്യത്യസ്ത സമരമുഖങ്ങളിൽ സജീവമാണ്. അതായത് പാലിയേക്കരയുള്ള ടോൾ വിരുദ്ധ സമരത്തിൽ പങ്കെടുക്കുന്നവർ, വികസനവുമായി ബന്ധപ്പെട്ടു ആളുകൾ കുടിയിറക്കപ്പെടുന്ന സമയത്ത്, വിളപ്പിൽശാല മാലിന്യസമരവുമായി ബന്ധപ്പെട്ടുകൊണ്ട്, ഞെളിയൻ പറമ്പിൽ , മാവൂരിലെ നോളെഡ്ജ് പാർക്കിന്റെ വിഷയത്തിൽ അങ്ങനെ വ്യത്യസ്തമായ വിഷയത്തിൽ ഇടപെടുന്ന  ഒരുപാട് സമിതികൾ ഉണ്ട്. ജനകീയ സമരങ്ങളുമായി ഐക്യപ്പെടുന്ന ഒരുപാട് കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ ഉണ്ട്. അവരുമായി യോജിച്ചു കൊണ്ട് സംഘടിപ്പിച്ചുകൊണ്ട് ഒരു ഏകീകരണ പാർട്ടിയായി മുന്നോട്ടു പോകാനുള്ള ചെറിയ ശ്രമങ്ങൾ ഞങ്ങൾ തുടങ്ങിയിട്ടുണ്ട്. അഖിലേന്ത്യതലത്തിൽ വിവിധ കമ്മ്യൂണിസ്റ്റു ഗ്രൂപ്പുകാരുമായി ഞങ്ങൾ ബന്ധങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ബീഹാറിലും ഡൽഹിയിലും ഉള്ള ലിബറേഷനുമായിട്ട് രണ്ടു മൂന്നു തവണ യോഗം ചേർന്നിട്ടുണ്ട് .

അഖിലേന്ത്യ ഇടതുപക്ഷ കോ-ഓർഡിനേഷനുമായി പലയിടത്തുവച്ചും യോഗം ചേർന്നിട്ടുണ്ട്. സമരമുന്നണി രൂപീകരിക്കുന്നതിനായി ജലന്ധറിൽ, മഹാരാഷ്ട്രയിൽ, ചെന്നൈയിൽ, പോണ്ടിച്ചേരിയിൽ എന്നിവിടങ്ങളിൽ ഒക്കെ  മീറ്റിങ് കൂടിയിരുന്നു. ലിബറേഷൻ, മഹാരാഷ്ട്രയിലെ ലാൽ നിഷാൻ പാർട്ടി, ബംഗാളിലെ മിഡ്നാപ്പൂരിലെ ഒരു കമ്മ്യൂണിസ്റ്റു ഗ്രൂപ്പുമായി, മഹാരാഷ്ട്രയിലെ ഗോദാവരി പരിലെക്കർ മഞ്ച്, പഞ്ചാബ് സി.പി.എം എന്നീ ഗ്രൂപ്പുകളുമായൊക്കെ  ചേർന്ന് ഉള്ള അനുഭവത്തിൽ നിന്നും ഒരു പുതിയ ഇടതുബദൽ എങ്ങനെ ഇന്ത്യയിൽ മുന്നോട്ടു വെക്കാം എന്നാണു ഞങ്ങൾ നോക്കുന്നത് .

വ്യവസ്ഥാപിത കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇടതുപക്ഷം എന്ന് പറയുന്ന ചില ആളുകളും പാർലമെന്റിൽ എം.പിമാരുടെ ശമ്പളവർധനവിനും മറ്റും ഏകീകരിച്ച നിലപാട് ആണ് എടുക്കുന്നത്. കോൺഗ്രസുമായി ഐക്യപ്പെട്ടു കൊണ്ടാണ് മുന്നേറുന്നത്. ഇന്ത്യയിൽ അടിസ്ഥാന വർഗങ്ങൾക്ക് എന്ത് നേട്ടമാണ് ഉണ്ടാക്കാൻ കഴിയുന്നത് എന്നാണു നോക്കേണ്ടത്. വനിതാസംവരണ ബിൽ, അഴിമതി വിരുദ്ധ ബിൽ എന്നിവയിലൊന്നും കപട ഇടതുപക്ഷത്തിനു ഒരു നിലപാടെടുക്കാൻ കഴിയുന്നില്ല . മുതലാളിത്തവുമായി സന്ധി ചെയ്യുന്ന ഈ സാമൂഹികക്രമത്തിൽ ഒരു നവ ഇടതുപക്ഷം ഉണ്ടാവേണ്ടതും അവർക്ക് പാർലമെന്റിൽ പുതിയ സാമൂഹിക വിഷയങ്ങൾ അവതരിപ്പിക്കാൻ കഴിയുകയും വേണം. ഇനി പാർലമെന്റേതിര വിഷയത്തിൽ സത്യാസന്ധരുടെയും നീതിമാന്മാരുടെയും നിലപാടാണ് കമ്മ്യൂണിസ്റ്റുകാർ എടുക്കേണ്ടത് ജനകീയ സമരങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ് ഇന്ന് കമ്മ്യൂണിസ്റ്റുകാർ ചെയ്യുന്നത്. ഹൈവേ വികസനവുമായി ബന്ധപ്പെട്ടു ഏക കണ്ഠമായാണ് പ്രമേയം പാസാക്കിയത്, രണ്ടുദിവസം കഴിഞ്ഞു ആദ്യത്തെ വെടി പൊട്ടിച്ചത് പിണറായി വിജയൻ ആണ്. പിന്നീട് ആണ് അവർ രാഷ്ട്രപതിയെ കാണാൻ പോയത്. ഐ.ടി മേഖലയിൽ നിരവധി ചെറുപ്പക്കാർക്കാണ് ദിനംപ്രതി ജോലി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. തൊഴിൽ നിയമങ്ങൾ ഒന്നും പാലിക്കാതെ, 8 മണിക്കൂറിൽ അധികം, വിശ്രമമില്ലാതെ കുറഞ്ഞ കൂലിക്ക് പണിയെടുത്ത് ജീവിക്കുന്ന അസംഘടിത മേഖലയിലെ നിരവധി തൊഴിലാളികൾ ഉണ്ട്. ഇത്തരം മേഖലയിൽ ഒക്കെ തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി പുതിയ സമരങ്ങളും ജനകീയപ്രക്ഷോഭങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

**5**

ഇനി സി.പി.ഐ.എമ്മിനെ വിമർശിച്ചാൽ ഇടതുപക്ഷം ഇല്ലാതാകും വലതു പക്ഷം തഴച്ചു വളരും എന്ന് പറയുന്നത് ശുദ്ധ അസംബന്ധമാണ്. ഒരു മകൻ അച്ഛനെ കൊന്നിട്ട് അച്ഛനില്ലേ എന്നെ ആരെങ്കിലും സഹായിക്കണേ എന്ന് പറയുന്നത് പോലെയാണ്. ഇടതുപക്ഷത്തെ അവർ തന്നെയാണ് ബോധപൂർവ്വം ഇല്ലാതാക്കിയത്. അത് അവരുടെ അപചയം ആണ്. അത് അവർക്കറിയാം, അത് തിരുത്താൻ അവർക്കാകുന്നില്ല പകരം മറച്ചു പിടിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ സി.പി.ഐ.എമ്മിനെ എതിർത്താൽ അത് വലതുപക്ഷത്തെ സഹായിക്കും എന്ന് പറയുന്നതിൽ വസ്തുതയില്ല. വലതുപക്ഷ വളർച്ചക്ക് തടയിടാൻ ഒരു പുതിയ ഇടതു ബദൽ ആണ് വേണ്ടത് .

വി.എസ്. അച്യുതാനന്ദൻ പറയുന്നത് സി.പി.ഐ.എമ്മിനകത്ത് തിരുത്താൻ കഴിയും എന്നാണ്. അത് ശരിയല്ല, അതൊരു ഗോത്ര വർഗ വ്യവസ്ഥയിൽ നിൽക്കുന്ന പ്രസ്ഥാനമാണ്. പിണറായി വിജയൻ എന്ന ഗോത്ര തലവൻ കൽപ്പിക്കുന്നു, അംഗങ്ങൾ ഏറ്റുപറയുന്നു. ശബരിമലയിൽ ആളുകൾ പോകുന്നത് പോലെയാണ് ഇന്ന് സി.പി .ഐ.എം സമ്മേളനത്തിന് ആളുകൾ പോകുന്നത്. കേരളത്തിൽ ഒരു കാർണിവൽവൽക്കരണമാണുള്ളത്. കൊടിയേറ്റത്തിലെ ഗോവിന്ദൻ കുട്ടിയെ പോലെയാണ് കേരളത്തിലെ ആളുകൾ. സി.പി.ഐ.എമ്മിന്റെ വലതുവൽക്കരണം തുറന്നുകാണിച്ചുകൊണ്ട് മാത്രമേ ഒരു ഇടതു ബദലിനു സാധ്യമാവുകയുള്ളൂ . ലെനിനിസ്റ്റ് സംഘടനാതത്വം ലെനിനെ പോലെയുള്ള മഹാന്മാരായ ജനാധിപത്യവാദികൾക്ക് മാത്രമേ പാലിക്കാൻ കഴിയുകയുള്ളൂ. അത്രയും മനുഷ്യസ്നേഹപരമായ ഒരവസ്ഥയിലേക്കു മനുഷ്യന് മാറാൻ കഴിയണം. പക്ഷെ ആഗോളവൽക്കരണ കാലത്ത് എല്ലാം സ്വാർത്ഥതയിലേക്ക് ഒതുക്കപ്പെടുകയും ചെയ്യുന്ന കാലത്ത് കമ്മ്യൂണിസ്റ്റു പാർട്ടിയും അതിന്റെ നീരാളിപിടുത്തതിലേക്ക് പോയിരിക്കുന്നു. അതുകൊണ്ട് തന്നെ കമ്മ്യൂണിസ്റ്റു സംഘടനാ തത്വങ്ങൾ പരിശോധിക്കേണ്ടതുണ്ട്. പാർട്ടി കെട്ടിപ്പടുക്കുന്ന സമയത്ത്, അതിലെ ഉൾപ്പാർട്ടി ജനാധിപത്യത്തെ എങ്ങനെ വിനിയോഗിക്കണം എന്നതിനെ കുറിച്ച് പുതിയ രീതിയിൽ പുതിയ കാഴ്ചപ്പാടിൽ അവതരിപ്പിച്ചുകൊണ്ട്. അതും ഒരു പാർട്ടി രൂപീകരണവും അതിലെ ആളുകൾ എടുക്കുന്ന നിലപാടിനെയുമൊക്കെ ആധാരമാക്കിയിരിക്കും. അതിന്റെ ഘടന തന്നെയാണ് അതിനെ തകർക്കുന്നത്. ഒന്നിന്റെ നാശം അതിന്റെ ഉള്ളിൽ തന്നെയുണ്ട് എന്നത് തിരിച്ചറിഞ്ഞു കൊണ്ട് അതിനെ അതിജീവിക്കാനുള്ള പുതിയ പോംവഴികൾ യഥാർത്ഥ മാർക്സിസ്റ്റുകൾ കണ്ടെത്തേണ്ടതുണ്ട്. മാർക്സിസത്തിൽ പുതിയ അന്വേഷണം നടത്തണം. ഒരു പുതിയ സംഘടനാ രീതി  ഉണ്ടാവണം. എന്നാൽ കെ. വേണു ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സാമൂഹിക പ്രക്രിയയെ കണക്കിലെടുത്ത് പരിശോധിച്ചിരുന്നില്ല. ചൂഷണം ഏറ്റവും കൂടുതൽ ഉള്ള ഒരു കാലത്തെ വേണു പുറത്തു നിർത്തുകയാണ് ഉണ്ടായത്.




സഖാവെ രാഷ്ട്രീയം എല്ലാവരുടേയും അവകാശമാണ്. അതിൽ സ്ത്രീയും പുരുഷനും പെടും. നിർഭയം അഭിപ്രായം പറയാനുള്ള എന്റെ അവകാശമാണ് എന്റെ രാഷ്ട്രീയം

# കാര്യം പറയുന്ന സ്ത്രീകളെ **നിങ്ങൾ എന്തു ചെയ്യും സഖാവെ?**

**സരിത കെ വേണു**

മെയ് 4ന് രാത്രി പതിനൊന്നു മണിക്കാണ് ഒരു എസ്.എം.എസ് ആയി ആ വാർത്ത എന്റെ മൊബൈൽ ഫോണിൽ എത്തിയത്. റെവലൂഷണറി നേതാവ് ടി.പി. ചന്ദ്രശേഖരൻ കൊല്ലപ്പെട്ടു. നാളെ ഹർത്താലായിരിക്കും". കണ്ണൂർ ദേശാഭിമാനിയിലെ മാർക്കറ്റിങ് സ്റ്റാഫിന്റേതായിരുന്നു സന്ദേശം. പിറ്റേന്ന് എനിക്ക് കണ്ണൂരിൽ പോകേണ്ടതുണ്ടായിരുന്നു. ആ സന്ദേശം മനസ്സിന് പകർന്നത് വല്ലാത്തൊരു അസ്വസ്ഥതയായിരുന്നു. പത്രവാർത്തകളിൽ നിന്നും വായിച്ചറിഞ്ഞിരുന്നതല്ലാതെ, കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിൽ നടന്ന ഒരു തിരഞ്ഞെടുപ്പു പ്രചാരണയോഗത്തിൽ പ്രസംഗിക്കുന്നത് കണ്ടിട്ടുണ്ടെന്നല്ലാതെ ടി.പി. ചന്ദ്രശേഖരനെ വ്യക്തിപരമായി അറിയില്ലായിരുന്നു. നേരം വെളുക്കാൻ എല്ലാവരെയും പോലെ ഞാനും കാത്തുകിടന്നു. രാവിലെ ആദ്യം കിട്ടിയ പത്രം ദേശാഭിമാനിയാണ്. ഒന്നാം പേജിൽ കീഴ്ഭാഗത്തായി പ്രാധാന്യം കുറഞ്ഞൊരു രണ്ടു കോളം വാർത്തയിൽ വരുംകാല കൊടുങ്കാറ്റിനെ ഞാനും വായിച്ചറിഞ്ഞു. പിന്നീടുള്ള ദിനങ്ങളും കരുതിയതുപോലെ തന്നെ പ്രക്ഷുബ്ധമായി.

"കൊല്ലാനേ കഴിയൂ, തോൽപ്പിക്കാനാവില്ലെ"ന്ന്, കൊലയാളികൾ 51 കഷ്ണമായി വെട്ടിനുറുക്കിയ തന്റെ ജീവിതസഖാവിനെക്കുറിച്ച് ഭാര്യ രമ പറഞ്ഞത് വായിച്ചപ്പോൾ മനസ്സിന് കൂടുതൽ ഊർജ്ജം കിട്ടുന്നത് പോലെ തോന്നി. ടി.പിയുടെ കൊലപാതകത്തെക്കുറിച്ച് ആദ്യമായി പ്രതികരിക്കുകയായിരുന്നു അവർ. ഹൃദയം പറിച്ചെടുക്കുന്ന വേദനയിലും ഇത്രയും യുക്തിയോടെയും ബോധത്തോടെയും ധൈര്യത്തോടെയും ഒരു സ്ത്രീ പറയുന്നു. തീർച്ചയായും അവർ വിഭ്രാ



ചരിത്രത്തിലേക്ക് ചില വണ്ടികൾ കുതിച്ചുവന്നു കൊണ്ടിരുന്നു.
ഉടലിന്റെ ചരിത്രത്തിലേക്കും ചില ആൺ വണ്ടികൾ യാത്ര പുറപ്പെട്ടിട്ടുണ്ട്.
ജ്യോത്സ്ന..




ന്തിയിൽ വിളിച്ചുപറയുന്നതല്ലെന്ന് ഈ നാട്ടിൽ ആർക്കാണ് മനസ്സിലാകാത്തത്. എന്നാൽ ആ കൊലപാതകത്തെക്കാൾ ഞെട്ടലും ഭീതിദായകവുമായിരുന്നു സി.പി.ഐ.എം പാർട്ടി സെക്രട്ടറി സ.പിണറായി വിജയന്റെ പ്രസ്താവന. ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീയുടെ വെറും ഭ്രാന്തൻ ജല്പനങ്ങളാണ് സഖാവ് രമ നടത്തുന്നത്; അതിന് ചെവികൊടുക്കേണ്ടതില്ലെന്ന മട്ടിലുള്ള ന്യായങ്ങൾ നിരത്തിയും, തനിക്കും പാ ർട്ടിക്കും ഈ കൊലപാതകത്തിൽ യാതൊരു പങ്കില്ലെന്നും അയാൾ പ്രസംഗിച്ചു നടന്നു. ഒന്നു ചോദിച്ചോട്ടേ സഖാവേ, ഒരു സ്ത്രീക്ക് ശക്തയായിക്കൂടാ എന്നുണ്ടോ? അവൾക്ക് ധീരമായ രാഷ്ട്രീയ നിലപാടുകൾ എടുത്തുകൂടാ എന്നുണ്ടോ? കണ്ടം തുണ്ടമായി മുഖം വെട്ടി മുറിക്കപ്പെട്ട ഭർത്താവിന്റെ മൃതദേഹത്തിനുമുന്നിലിരുന്ന് സ്വബോധത്തോടെ "കൊല്ലാം, തോൽപ്പിക്കാനാവില്ലെന്ന് പറയുന്ന അവരുടെ വാക്കുകളെ നിങ്ങൾ ഇത്രയേറെ ഭയപ്പെടുന്നത് എന്തിനാണ് എന്ന് എനിക്ക് ഇനിയും മനസ്സിലായിട്ടില്ല. അതല്ല, ഇനി സഖാക്കളുടെ ഭാര്യമാരെപ്പോലെ വീടും കുടുംബവും സീരിയലുമായിക്കഴിഞ്ഞാൽ മതിയെന്നും പാർട്ടി സെക്രട്ടറി അങ്ങു തീരുമാനിക്കുകയാണോ? അതോ അചഞ്ചലയായ സഖാവ് രമ ഭർതൃവിയോഗത്തിൽ കരഞ്ഞ് തളരണമെന്നും നിങ്ങൾ ആശിക്കുന്നുണ്ടോ?

സഖാവെ രാഷ്ട്രീയം എല്ലാവരുടേയും അവകാശമാണ്. അതിൽ സ്ത്രീയും പുരുഷനും പെടും. നിർഭയം അഭിപ്രായം പറയാനുള്ള എന്റെ അവകാശമാണ് എന്റെ രാഷ്ട്രീയം, എന്റെയും സഹജീവികളുടേയും ജീവിതത്തെയും അസ്തിത്വത്തെയും ബാധിക്കുന്ന ഏതിനെയും നേരിടുന്നത് എനിക്ക് രാഷ്ട്രീയ പ്രവർത്തനവുമാണ്. മുഖം നോക്കി അഭിപ്രായവ്യത്യാസം വ്യക്തമാക്കിയ നേതാക്കളെ നിങ്ങൾ വെട്ടിനുറുക്കുമെന്ന് മനസ്സിലായി. എന്നാൽ മുഖത്ത് നോക്കി കാര്യം പറയുന്ന സ്ത്രീകളെ നിങ്ങൾ എന്തു ചെയ്യും സഖാവേ!.

60കളിൽ കുടുംബം വിട്ട് രാഷ്ട്രീയത്തിലേക്ക് ഇറങ്ങാൻ ആവശ്യപ്പെട്ട അതേ പാർട്ടിതന്നെയാണ് സ്ത്രീകളെ വീണ്ടും കുടുംബത്തിൽ മാത്രം ഒതുങ്ങിക്കഴിയേണ്ടവളാക്കിയത്. ഭർത്താക്കൻമാർ രാഷ്ട്രീയ പ്രവർത്തനം നടത്തുമ്പോൾ ഭാര്യമാരെ കോപ്പറേറ്റീവ് സൊസൈറ്റികളിലും ബാങ്കുകളിലും ജോലി ചെയ്യിപ്പിച്ച് കുടുബം നോക്കാൻ പ്രാപ്തരാക്കിയത് പാർട്ടിയാണ്. സ്ത്രീകളിൽ അരാഷ്ട്രീയ ബോധം ഉണ്ടാക്കിയെടുക്കാനും സ്ത്രീകൾ കുടുംബത്തിൽ മാത്രം ഒതുങ്ങിക്കഴിയേണ്ടവളാണെന്ന തോന്നലിനും പാർട്ടി വളമിട്ടു. പാർട്ടി കോൺഗ്രസ് നടക്കുമ്പോൾ മാത്രം പുറത്തിറങ്ങുന്ന നേതാക്കൻമാരുടെ ഭാര്യമാരും ഇതിൽപ്പെടുന്നു.

സഖാവ് രമയുടെ കാര്യമെടുത്താൽ തന്നെ കാണാം. സജീവ രാഷ്ട്രീയ പ്രവർത്തകയായ അവർ വിവാഹത്തോടെ ജോലിചെയ്ത് കുടുംബം നോക്കുന്നു. പാർട്ടി നിർദ്ദേശിക്കുകയാണ് സ്ത്രീ കുടുംബം നോക്കട്ടെ; പുരുഷൻ പാർട്ടിയും. സഖാവ് രമയ്ക്കും വീണ്ടും രാഷ്ട്രീയത്തിലിറങ്ങാൻ സാഹചര്യം ഇത്തരത്തിൽ മാറേണ്ടി വന്നു.

ഏറ്റവും വലിയ കേഡർ പാർട്ടി എന്നു വിശേഷിപ്പിക്കപ്പെടുന്ന പാർട്ടിയിൽ ഇതാണോ സ്ത്രീകൾക്കുള്ള വില. ഒരു വിധവയുടെ ജൽപ്പനങ്ങൾക്ക് മീതെ അതൊന്നുമല്ലെന്ന് ധാർഷ്ട്യത്തോടെ പറയുമ്പോൾ സഖാവെ നിങ്ങൾക്ക് ലജ്ജ തോന്നിയില്ലേ? കാരണം സാമാന്യം മനുഷ്യഗണത്തിൽപ്പെട്ടർക്കൊക്കെ തോന്ന്യാസം പറയുമ്പോൾ തോന്നുന്ന വികാരമാണത്. താൻ പറയുന്നത് ശരിയല്ലെന്ന് അവരുടെ മനസ്സാക്ഷി പറയും. താങ്കൾക്ക് അതൊന്നും ഉണ്ടായില്ലെന്നതിൽ ഖേദമുണ്ട്. സഖാവ് രമ പറഞ്ഞത് ഒരിക്കലും വിഭ്രാന്തിയിൽ നിന്നുണ്ടായതാണെന്ന് തോന്നുന്നില്ല. കാരണം ടി.പി തുടങ്ങി വച്ചത് മുന്നോട്ടുകൊണ്ടു പോവുകതന്നെ ചെയ്യും എന്നു തന്നെയാണ് അവർ ഇപ്പോഴും പറയുന്നത്. ഒരു പക്ഷെ നേതൃനിരയിൽ ഇരുന്നില്ലെങ്കിലും റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിയുടെ വരും ദിനങ്ങളിൽ സഖാവ് രമയുടെ വാക്കുകൾ ഒരു ഊർജ്ജം തന്നെയായിരിക്കും. സംശയമില്ല.

സഖാവ് ടി പിയോ അദ്ദേഹത്തിന്റെ ജീവിത സഖാവ് രമയോ ഇതുവരെ എന്റെ ജീവിതത്തിൽ ആരുമായിരുന്നില്ല. ഇനിയൊരുപക്ഷെ അതായിരിക്കില്ല സ്ഥിതി. എന്നെപ്പോലെ സാധാരണക്കാരായ ജനങ്ങൾക്ക് ചില തിരിച്ചറിവുകൾ ഉണ്ടാകാൻ ഈ കൊലപാതകം സഹായകമായി എന്നു പറയാതെ വയ്യ. സഖാവ് രമയുടെ വാക്കുകളിലെ ഊർജ്ജം അതുതന്നെയാണ് നിങ്ങളെ അലോസരപ്പെടുത്തുന്നത്. അത് ആളിപ്പടരുന്നുണ്ട് സഖാവെ, അത് നിങ്ങൾ തിരിച്ചറിയുന്നുമുണ്ട്.




എന്തുകൊണ്ട് അബ്ദുള്ളക്കുട്ടിയോ ശെൽവരാജോ എം ആർ മുരളിയോ ഇത്രയധികം ആക്രമിക്കപ്പെടുന്നില്ല. കാരണം വലതു രാഷ്ട്രീയം സ്വീകരിച്ച അവർ സിപിഎമ്മിന് ഒരു ദീർഘകാല ഭീഷണിയല്ല. എം ആർ മുരളി ഷൊർണൂരും,ശെൽവരാജ് നെയ്യാറ്റിൻകരയിലും അബ്ദുള്ളക്കുട്ടി കണ്ണൂരും ഒതുങ്ങിക്കൂടും. എന്നാൽ **ടിപിയും മറ്റു സഖാക്കളും കേരളമാകെ പടരുക തന്നെ ചെയ്യും.**

## സംശയമില്ല
## സ: ചന്ദ്രശേഖരനെ കൊന്നത്
# ഇടത് രാഷ്ട്രീയമല്ല

**ചിത്രഭാനു പി.**

വ്യക്തിപരമായി ഈ അടുത്ത കാലത്ത് സ. ടി പിയുടെ മരണത്തെപ്പോലെ വേദനാജനകമായ ഒരു സംഭവം ഉണ്ടായിട്ടില്ല. രാത്രി 1 .30 നു സ. അജയന്റെ ഒറ്റ വാക്യവും ഒട്ടേറെ മൗനവും മാത്രമുള്ള ഒരു ഫോൺകോളിനു ശേഷം സ്തബ്ധമായ അന്തരീക്ഷത്തെ മറികടക്കാൻ അടക്കിപ്പിടിച്ച തേങ്ങലുകൾക്ക് പോലും കഴിഞ്ഞില്ല. എന്തുകൊണ്ട് ഒരു നേതാവിന്റെ വിയോഗം ഇത്രകണ്ട് വൈകാരികമാകുന്നു? അതും മറ്റൊരു സ്ഥലത്തെ ഒരു പ്രാദേശിക പാർട്ടിയിലെ നേതാവിന്റെ?

കുന്ദംകുളത്ത് ഇടതുപക്ഷ ഏകോപന സമിതിയുടെ പഠന ക്യാമ്പിൽ വച്ചാണ് ഒഞ്ചിയംകാരെ നേരിട്ട് പരിചയപ്പെടുന്നത്. സ. ടി പിയെയും. എം ആർ മുരളിയുടെ കോൺഗ്രസ് അടിയറവിനു മുൻപെയാണിത്. 'കുറച്ചുകൂടി സമഗ്രമായി ചിന്തിക്കാതെ പ്രാദേശികമായി എന്തിനൊരു പാർട്ടിയുണ്ടാക്കി, കുറച്ചുകൂടി ശക്തി നേടി പ്രവർത്തനം തുടങ്ങുകയല്ലേ വേണ്ടത്?' എന്നിങ്ങനെയുള്ള എതിർപ്പുകൾ അന്നു ഞങ്ങളിൽ പലർക്കും ഉണ്ടായിരുന്നു. എന്നാൽ അവരുടെ ജീവസ്സുറ്റ ഇടപെടലുകൾ ഞങ്ങളുടെ സംശയം നീക്കി. ഷൊർണൂരുകാരെപ്പോലെ അധികാരം എവിടെ കിട്ടുമോ ആ ചേരിയിലെ കൊടിച്ചായം പൂശാം എന്നു വിചാരിക്കാതെ തുടക്കത്തിൽ തന്നെ 'ഞങ്ങൾ ഉയർത്തുന്നത് ചെങ്കൊടി തന്നെയാണ്; ഞങ്ങളുയർത്തിപ്പിടിക്കുന്നത് വർഗ്ഗ രാഷ്ട്രീയം (ക്ലാസ്സ് പൊളിറ്റിക്സ്) തന്നെയാണ്' എന്ന് വ്യക്തമാക്കിക്കൊണ്ട് സന്ധിയില്ലാതെ പോവാൻ ശക്തമായ ഒരു ചട്ടക്കൂടുള്ള ഒരു പാർട്ടി നിർമിക്കുകയല്ലാതെ മറ്റു വഴിയില്ലായിരുന്നു. മറ്റ് സ്ഥലങ്ങളിലെ മധ്യവർഗ ബുദ്ധിജീവി നേതാക്കൾക്ക് പകരം ഒഞ്ചിയം പാർട്ടിയിലെ നേതാക്കൾ തൊഴിലാളികൾ തന്നെയായിരുന്നു. അതായിരിക്കാം മധ്യവർഗത്തിന്റെ സ്വതസിദ്ധ സമരസ പാതയിലേക്ക് (ഷൊർണൂർ പോലെ) വഴുതി വീഴാതെ സമര പാതയിൽ തുടരാൻ റെവല്യൂഷണറി പാർട്ടിക്ക് കഴിഞ്ഞതിനുള്ള കാരണം. ഞങ്ങൾ വിതരണം ചെയ്യാൻ കയ്യിൽ വച്ചിരുന്ന



‘വിദ്യാർഥി മാസിക’യുടെ ഒരു പതിപ്പ് വാങ്ങി ഹസ്തദാനം ചെയ്ത് പരിചയപ്പെടുമ്പോഴാണ് ഇതാണ് സ. ടിപി ചന്ദ്രശേഖരൻ എന്നറിയുന്നത്. ഒഞ്ചിയം സഖാക്കളെല്ലാം തന്നെ കോപ്പികൾ വാങ്ങുകയും പിറ്റേന്ന് വായിച്ച് അഭിപ്രായം പറയുകയും ചെയ്തത് ഞങ്ങളിൽ ചില്ലറ ആത്മവിശ്വാസമൊന്നുമല്ല ഉണർത്തിയത്. രണ്ടു ദിവസത്തെ ഇടപഴകൽ കൊണ്ട് ഞങ്ങൾക്ക് ബോധ്യമായി. അതെ, ഇവർ കറകളഞ്ഞ കമ്മ്യൂണിസ്റ്റുകൾ തന്നെ.

ഇടതുപക്ഷ ഏകോപന സമിതിയുടെ പിന്നെയുള്ള പോക്ക് നിരാശാജനകമായിരുന്നെങ്കിലും, ഒഞ്ചിയം പാർട്ടി സമരസപ്പെടാതെ നിലനിന്നു. ഏതു രാഷ്ട്രീയത്തിന്റെ സ്വാധീനമാരോപിച്ചാണോ സി.പി.ഐ.എമ്മിൽ നിന്നുമിറങ്ങിയത്, ആ രാഷ്ട്രീയത്തിന്റെ പ്രധാന വക്താക്കളായ കോൺഗ്രസ്സിന്റെ സഹായത്തോടെ അധികാരത്തിലെത്തിയ എം ആർ മുരളിയെപ്പോലുള്ളവർ കേരളം മുഴുവൻ പടരുമായിരുന്ന ഒരു ചലനത്തിനെ പിറകോട്ടടിച്ചു. എന്നാൽ സ. ടിപി യും മറ്റ് ഒഞ്ചിയം സഖാക്കളും എം ആർ മുരളിയോ ശെൽവരാജോ ആയിരുന്നില്ല. കോൺഗ്രസ്സ് പിന്തുണച്ച് നാണം കെടുത്തിയാൽ രാജിവക്കും എന്നു പ്രഖ്യാപിക്കാനുള്ള ചങ്കൂറ്റം ആ സഖാവിനുണ്ടായിരുന്നു. കേരളമൊട്ടാകെ ഇവർ കോൺഗ്രസ്സിന്റെ പക്ഷമാണെന്നു വരുത്തിതീർക്കാൻ സിപിഐഎം ശ്രമിച്ചു. അതിനുള്ള മറുപടിയായിരുന്നു ഈ പ്രസ്താവന.

**ഇടതുരാഷ്ട്രീയത്തെ സിപിഎം ഭയപ്പെടുന്നു?**

എന്തുകൊണ്ട് അബ്ദുള്ളക്കുട്ടിയോ ശെൽവരാജോ എം ആർ മുരളിയോ ഇത്രയധികം ആക്രമിക്കപ്പെടുന്നില്ല. കാരണം വലതുരാഷ്ട്രീയം സ്വീകരിച്ച അവർ സി.പി.ഐ.എമ്മിന് ഒരു ദീർഘകാല ഭീഷണിയല്ല. എം ആർ ഷൊർണ്ണൂരും, ശെൽവരാജ് നെയ്യാറ്റിൻകരയിലും അബ്ദുള്ളക്കുട്ടി കണ്ണൂരും ഒതുങ്ങിക്കൂടും. എന്നാൽ ടിപിയും മറ്റു സഖാക്കളും കേരളമാകെ പടരുക തന്നെ ചെയ്യും. കാരണം അവർ ഉയർത്തുന്ന യഥാർത്ഥ ഇടതുനയങ്ങൾ തന്നെ. സി.പി.ഐ.എമ്മിന്റെ കപട ഇടതിൽനിന്ന് വേറിട്ട് കേരളം യഥാർത്ഥ ഇടതിൽ ചേക്കേറും. അതിനാൽ അവർ ഇടതുരാഷ്ട്രീയത്തെ അങ്ങേയറ്റം ഭയക്കുന്നു. ഒരുദാഹരണം പറയാം. കേരളവർമ്മ ക്യാമ്പസ്സിൽ ഞങ്ങൾ ഒരുതവണ പി.എസ്.എഫിന്റെ (പ്രോഗ്രസ്സിവ് സ്റ്റുഡന്റ്സ് ഫെഡറേഷൻ) ക്യാമ്പയിനിങ്ങിനു പോയി. പി.എസ്.എഫ് എന്നത് എസ്.എഫ്.ഐ യിൽ നിന്നും കെ.വി.എസ്സിൽ നിന്നും ഇറങ്ങി വന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെ സംഘടനയാണ്. എസ്.എഫ്.ഐടെയും എ.ബി.വി.പിയുടേയും കെ.എസ്.യുവിന്റേയും നേതാക്കൾ പലരും ക്യാമ്പസ്സിൽ വന്നു പോവാറുള്ളതാണ്. അപ്പോഴൊന്നും ആരും പ്രശ്നമുണ്ടാക്കാറില്ലായിരുന്നു. ഞങ്ങൾ അവിടുത്തെ പരിചയമുള്ള ചില വിദ്യാർത്ഥികളോട് സംസാരിക്കുന്നതിനിടയിൽ എസ്.എഫ്.ഐ പ്രവർത്തകർ ബഹളം വച്ച് പ്രിൻസിപ്പാളിനെ വിളിച്ച് ഞങ്ങളെ പുറത്താക്കി! പിറ്റേ ദിവസം ഞങ്ങൾക്കെതിരെ ജില്ലയിൽ വ്യാപകമായ പ്രകടനവും നടത്തി! എബി.വി.പി .യോടോ കെ.എസ്.യുവിനോടോ ഇല്ലാത്ത ശത്രുതയാണ് ഇടതു രാഷ്ട്രീയം പറയുന്ന പി.എസ.എഫ് നോട് കാണിച്ചത്. ഇതിന്റെ പതിന്മടങ്ങാണ് ഒഞ്ചിയം പാർട്ടിയോട് സി.പി.ഐഎം കാണിക്കുന്നത്. ഇടതുരാഷ്ട്രീയത്തെ ഭയപ്പെടുന്നത് വലത് ബൂർഷ്വാസികളും വർഗീയവാദികളുമാണെന്ന് നമ്മെ ചരിത്രം പഠിപ്പിച്ചിട്ടുള്ളതാണ്. അതിനാൽ സിപിഎമ്മിൽ കുടിയേറിക്കിടക്കുന്ന വലത് ആശയ ചേരിക്ക് ഇടതു രാഷ്ട്രീയത്തെ ഭയമാണ്. കാരണം അതിന് അവരെ കടപുഴക്കിയെറിയാനുള്ള കരുത്തുണ്ട്.

**സ. ചന്ദ്രശേഖരനെ കൊന്നത് ഇടതുപക്ഷക്കാരല്ല**

ടിപി നിലനിന്നത് ഇടതു രാഷ്ട്രീയത്തിനു വേണ്ടിയായിരുന്നു. ചൂഷണങ്ങളില്ലാത്ത, അന്യന്റെ സ്വരം സംഗീതം പോലെ ശ്രവിക്കുന്ന ഒരു കാലത്തെക്കുറിച്ചുള്ള സ്വപ്നം തന്നെയായിരുന്നു സ. ചന്ദ്രശേഖരനിൽ നിറഞ്ഞിരുന്നത്. ഏതു പാർട്ടിയായിക്കൊള്ളട്ടെ ഒരു ഇടതു ചിന്താഗതിക്കാരന് ആ സ്വപ്നത്തെ കൊല്ലാനാവില്ല. സ. ചന്ദ്രശേഖരൻ വലത് ആശയങ്ങളുടെ നിലനില്പ്പിനും ഒരു ഭീഷണിയായിരുന്നു. സ.ചന്ദ്രശേഖരനെ കൊന്നത് വലത് രാഷ്ട്രീയ വാദികൾ തന്നെയാണ്. അത് വലതു പാർട്ടികൾ മാത്രമല്ല, കമ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ മുതലാളിത്ത ആശയം പ്രചരിപ്പിക്കുന്നവരും കൂടിയാണ്. നിർഭാഗ്യവശാൽ അത് പാർട്ടി നേതൃത്വമായതിനാൽ പാർട്ടിയെ പ്രതി ചേർക്കാതെ വയ്യ. ആശയ സമരത്തെ അക്രമസമരം കൊണ്ട് നേരിടുന്ന ഫാസിസ്റ്റ് രീതി തന്നെയാണവർ പിന്തുടർന്നു പോരുന്നത്. തിരുത്തൽ ശക്തികളില്ലാതായി പാർടി ഒരു ബ്യൂറോക്രാറ്റിക് യന്ത്രമായി അധപ്പതിച്ചിരിക്കുന്നു. അത്തരം യന്ത്രം ഒരു മർദ്ദനോപകരണമായി മാറും എന്ന് വിജയൻ മാഷ് പറഞ്ഞത് ഓർക്കുക. സി.പി.ഐ.എം നേതാക്കൾ കൊലക്ക് കോൺഗ്രസ്സിനെ പഴിചാരുന്നത് കാണുമ്പോൾ ഒരേ ചേരിയിലുള്ളവർ പരസ്പരം ചൂണ്ടിക്കാണിക്കുന്നപോലെയാണ് തോന്നുന്നത്. വർഷങ്ങളായി സിപിഐഎം പറഞ്ഞുവരുന്ന നുണയാണ് സ. ചന്ദ്രശേഖരൻ വലതു ക്യാമ്പിലേക്ക് ചേക്കേറി എന്നത്. അങ്ങനെയെങ്കിൽ കോൺഗ്രസ്സുകാർ എന്തിനദ്ദേഹത്തെ കൊല്ലണം. അധികാര രാഷ്ട്രീയത്തിന്റെ, മുതലാളിത്ത രാഷ്ട്രീയത്തിന്റെ, ഫാസിസ്റ്റു രാഷ്ട്രീയത്തിന്റെ ദല്ലാളുകളാണ് സ. ചന്ദ്രശേഖരനെ കൊല ചെയ്തത്. ഇത് കേരള യുവത്വം തിരിച്ചറിയുക തന്നെ ചെയ്യും.

ഒരാളെ ഇല്ലാതാക്കിയതുകൊണ്ട് അയാളുടെ ആശയത്തെ ഇല്ലാതാക്കാനാവില്ല എന്നത് ചരിത്രം നമ്മെ പഠിപ്പിച്ചതാണ്. ചന്ദ്രശേഖരന്റെ രക്തസാക്ഷിത്വം കേരളത്തിൽ ഉയർന്നു വരുന്ന യഥാർത്ഥ ഇടതുപക്ഷത്തെ ആളിപ്പടർത്തും. ഒരു ജനതയെയും കുറേക്കാലം വിഡ്ഢികളാക്കാനാവില്ല. വിജയന്മാഷ് പറഞ്ഞപോലെ ഒരു ബ്രേക്കിങ് പോയന്റ് വരുമ്പോൾ അവരുണരും. അതിതാ വന്നു കഴിഞ്ഞു.

# ഒരു സഖാവിന്റെ രാജിക്കത്ത്

ജിനേഷ് മടപ്പള്ളി

അൻപത്തി ഒന്ന് വെട്ടുകളിൽ
ആദ്യ വെട്ടിനു തന്നെ
നീ മരിച്ചിരിക്കണമെന്നു
ഞാൻ വേദനയോടെ
ആഗ്രഹിക്കുന്നു.

എന്തെന്നാൽ
ആദ്യത്തേതിനും
അവസാനത്തേതിനും
ഇടയിലുള്ള
നിന്റെ
നിസ്സഹായത
എനിക്ക് ഓർക്കാൻ വയ്യ

എങ്കിലും
അത് നിന്റെ
ധീരതയോളം വരില്ല
എന്നെനിക്കുറപ്പുണ്ട്.

സഖാവേ ഞാൻ നിന്റെ കൂടെ നിൽക്കുന്നു
ലോകത്തിലെ എല്ലാ കമ്യൂണിസ്റ്റു-
രക്തസാക്ഷികളുടെയും കൂടെ നിൽക്കുന്നു...
കൂടുതൽ കൂടുതൽ ചേർന്ന് നിൽക്കുന്നു.



# രക്തസാക്ഷി

വീരാൻകുട്ടി

ചോരവീണു നനഞ്ഞ
നിലങ്ങളിൽ വേരുതാഴ്ത്തി
മുതിരും മരങ്ങളിൽ
ചോന്ന പൂവുകൾകൊണ്ടൊരു
വാചകം
നാളെയിങ്ങനെ
വായിച്ചിടാമൊരാൾ
നൂറുവെട്ടിനാൽ
തീർക്കുവാനാവില്ല
നേരുകാക്കാൻ പിറന്ന
പോരാളിയെ
വീണതല്ലവൻ
വീണ്ടുമുയിർക്കുവാൻ
വിത്തുപോലെ മറഞ്ഞിരിപ്പുണ്ടവൻ

# മനുഷ്യൻ

ഉമേഷ്ബാബു കെ.സി




സംസ്കാരത്തിലെ പുലയാടികളേ,
കാണുന്നുണ്ടോ,
അൻപത്തൊന്നു വെട്ടുകളാൽ പുതപ്പിക്കപ്പെട്ട
ഒരു ധീരന്റെ ശവം,
മനുഷ്യസ്നേഹത്തിന്റെ ഉറവയ്ക്കരികിൽ,
തീ പടർത്തിക്കിടക്കുന്നത്?

ഘന ലോഹ മുദ്രകളാൽ പൂട്ടിയ
നിങ്ങളുടെ തുരുമ്പിച്ച നാവുകളിലിപ്പോൾ,
ഏത് ഭയ പുരസ്കാര സുരതത്തിന്റെ
മധുരമാണ് കിനിയുന്നതെങ്കിലും
വാ തുറക്കുക.

അനീതിയാണെന്ന് പറയുന്നതിനിടയിൽ
പൊട്ടിപ്പോകുന്ന ഒരു ഹൃദയം
കൊണ്ടെങ്കിലും
നിങ്ങൾ മനുഷ്യരാണെന്ന്
ലോകമറിയുമാറാകട്ടെ

# കൊലയാളികളുടെ തമാശ

സൂര്യൻ

കാടെരിയുമ്പോൾ
കാട്ടുപൂക്കളെക്കുറിച്ച്
കവിതയെഴുതുന്നവൻ
കവിയല്ലെന്ന്
പാടിയത് തീയിൽ
കരിഞ്ഞ ചിറകുള്ളൊരു
കുഞ്ഞിക്കുരുവിയല്ല...
ലെനിനാണ്.



മനുഷ്യശരീരം തെരുവിൽ
വിറകു കഷണം പോലെ
വെട്ടിക്കീറിച്ചോരയൊഴുക്കുമ്പോൾ
ഏറനാടൻ തമാശകൾ
പറയുന്നവനും
അതാസ്വദിക്കുന്നവനും
കമ്യൂണിസ്റ്റല്ലെന്ന് പറഞ്ഞത്
മുതലാളിയല്ല..
ചെഗുവേരയാണ്..!

വരൂ സഖാവേ...
വന്നീ തെരുവിലെ
രക്തം കാണൂ...
ഒരു കമ്യൂണിസ്റ്റിന്റെ രക്തം..!

പ്രിയ സഖാവേ
ഞങ്ങൾ അഭിമാനിക്കുന്നു.
ഞങ്ങൾ കൊതിക്കുന്നു
ഓരോ ചന്ദ്രശേഖരന്മാരായ് മാറാൻ...
പക്ഷിത്തൂവൽ പോലെ
കനം കുറഞ്ഞ മരണത്തെ
പുല്ലു പോലെ വലിച്ചെറിഞ്ഞ്
പർവ്വതം പോലെ കനമേറിയ
മരണം തിരഞ്ഞെടുത്തതിന്.

കമ്മ്യൂണിസ്റ്റാവുക എന്നാൽ
ഈ തിരഞ്ഞെടുപ്പാണെന്ന്
പാർലമെന്റിന്റെ രാഷ്ട്രീയം
തെരഞ്ഞെടുത്തവർക്ക്
അറിയില്ല.
നിനക്ക് രൂപാന്തരം മാത്രമേ സംഭവിച്ചിട്ടുള്ളൂ.
ഓർമ്മകൾ
താരാട്ടു പാട്ടല്ലെന്ന് പഠിപ്പിച്ച
വൃദ്ധനെകരളിൽ കൊണ്ട് നടക്കുന്ന
യുവത്വമാണ് ഞങ്ങൾ...
യുവത്വത്തിന്റെ തൊലി
ശരീരത്തിലൊട്ടിച്ചുവെച്ച്
ആലസ്യത്തിൽ അടയിരിക്കാൻ
ഞങ്ങൾക്കാവില്ല.
കാരണം
അരിവാൾ ചുറ്റിക
ശരീരത്തിൽ സ്വയം ചാപ്പകുത്തിയ
ആയുധങ്ങളല്ല ഞങ്ങൾ..
ഹൃദയത്തിന്റെ
ഓരോ അറകളിലുമൊഴുകുന്ന
ചോരയിൽ ഞങ്ങളത് ലയിപ്പിച്ചിട്ടുണ്ട്..



# കാലം നൽകിയ മുന്നറിയിപ്പുകൾ

**കേരളത്തിലെ കലാലയങ്ങൾ സി.പി.ഐ.എമ്മിന്റെയും എസ്.എഫ്ഐയുടെയും നയവ്യതിയാനങ്ങളെ നേരത്തേകണ്ട് മനസ്സിലാക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. 2005 ൽ തൃശ്ശൂർ ശ്രീ കേരളവർമ്മകോളേജിലിറങ്ങിയ 'പക്ഷം', വടകര മടപ്പള്ളി കോളേജിൽ 2006ൽ ഇറങ്ങിയ This Number Does Not Exist,എന്നീ മാസികകളിൽ അന്നത്തെ വിമതപക്ഷം ഈ വ്യതിയാനങ്ങൾക്കുനേരെ വിരൽ ചൂണ്ടിയിട്ടുണ്ട്...**

## പക്ഷത്തിൽ നിന്ന്..

'അമ്മയെ തല്ലിയാലും രണ്ടു പക്ഷമെന്ന് പഴമൊഴി
'
പക്ഷമെന്ന പദത്തിന് ചേരി ,ചിറക് എന്നിങ്ങനെ
നാനാർത്ഥം.
ചിറകുകൾ പറക്കാനാണ്. ചേരി തിരിഞ്ഞു ചേക്കേറണം...
ഉദയ ചക്രവാളത്തിന്റെ ചുവന്ന കൂട്ടിലേക്ക്...
വിമോചന സ്വപ്നങ്ങളുടെ വിശാല ലോകത്തിലെ
ചുഴികളിലും കാറ്റിലും പെടാത്ത ഒരൊറ്റ
ലക്ഷ്യത്തിലേക്ക്... ഏറ്റവും പ്രിയരേ,
എങ്കിലും ചില ആകുലതകൾ...
ചേരിയിലും ചെളിയിലും പിറന്നു വളർന്ന നാം
ചേരികളായി പിരിഞ്ഞതെന്നാണ്?
സമരസപ്പെടുന്ന സമരങ്ങളുടെ ഷണ്ഡത്വത്തിലേക്ക്
നാമെങ്ങനെ കൂപ്പു കുത്തി?
ഓർമ്മകളെല്ലാം നഷ്ട്ടപ്പെട്ട് ഒറ്റയാകുന്നു നാം...
നാം കൊണ്ട വെയിലുകൾ....
നനഞ്ഞു തീർത്ത മഴകൾ ഒഴുക്കിയ ചോര...
വിയർപ്പ്...കണ്ണുനീർ... മുഴക്കിയ മുദ്രാവാക്യങ്ങൾ...
തുടിതാളം...
സമരനടനമാടിയ തെരുവുകൾ...
തീർച്ചയായും നമ്മിൽനിന്ന് ആരൊക്കെയോ വഴി
പിരിയുന്നുണ്ട്..
തിരിച്ചുപോകാനാവില്ലെങ്കിലും നമുക്ക് തിരിച്ചറിയാനാവുമല്ലോ പിഴച്ച നീതികളെ... ദ്രവിച്ച
അസ്ഥികളെ...
കറുത്ത ചോരപ്പൊട്ടുകളെ... അളിഞ്ഞ മാംസ
ളതയെ...
പുതിയ പോരാട്ടങ്ങൾക്കായുള്ള അന്വേഷണവും
ഓർമ്മപ്പെടുത്തലുമായി ഇങ്ങനെ...
ഇങ്ങനെയൊരു പക്ഷം

## This number does not exist ൽ നിന്ന്

കാത്തിരുന്ന് മടുത്തിരിക്കും അല്ലെ?
ഞങ്ങളും ഒരു നീണ്ട കാത്തിരിപ്പിലായിരുന്നു
പെരുവഴികളുടെ സ്ഥൂലതയിലേക്ക് വഴിപിരിഞ്ഞു
പോകുമ്പോൾ ഒരിക്കൽ എല്ലാം നേരെയാകുമെന്നും
ആൾക്കൂട്ടം വർഗപരമായി ബാധ്യതകൾ നിറ
വേറ്റുമെന്നും പ്രത്യാശിച്ചിരുന്നു.
ജീർണ്ണതയുടെ ആൾപ്പെരുപ്പത്തിനിടയിൽനിന്ന് ഇവിടെ
എല്ലാം ഭദ്രമാണെന്നു പറയുന്ന പോസ്റ്റ് മോഡേൺ
സോഷ്യലിസത്തിന്റെ കമ്പോള ഭാഷ്യം ഞങ്ങൾക്ക് വശ
മില്ല.

ഞങ്ങളപ്പോൾ ആത്മനാശത്തിന്റെ കോമിക്
ചിത്രീകരണം നടക്കുന്ന കൂടാരത്തിന് പുറത്താണ്.
കൂടാരത്തിനു പുറത്തുനിന്ന് എളുപ്പം ചെയ്യാനാകുക
കൂടാരം കത്തിക്കുക എന്നതാണ് ഏതെല്ലാമോ
തലമുറകളോടുള്ള കടപ്പാട് ഹൃദയത്തിൽ
സൂക്ഷിക്കുന്നത് കൊണ്ട് കൂടാരം നശിപ്പിക്കാൻ
ഞങ്ങൾക്കാവില്ല അതിനായി നമുക്ക് കാവൽ
നില്ക്കാം.

അകത്തുള്ളവർ ശ്വാസം മുട്ടി മരിക്കും വരെയും
കൂടാരത്തിന് പുറത്തു കാവൽ നിൽക്കാം ആട്ടിൻ
തോലിട്ട ചെന്നായികൾ ചുടുകുടുമ്പോൾ
തോലഴിച്ചു വെച്ചു പുറത്തുവരും അതുവരെയും
കാവൽ നിൽക്കാം മറ്റൊരു ലോകം വരാനുണ്ട്.
ഇല്ലെന്ന് അവർ മറുപടി പറയുന്ന പഴയ നമ്പരിൽ
ഡയൽ ചെയ്യുക.
'നിങ്ങൾ വിളിക്കുന്ന സബ്സ്ക്രൈബർ
ഇപ്പോൾ പരിധിക്ക് പുറത്താണ് ദയവായി അൽപ്പ
സമയം കഴിഞ്ഞു വിളിക്കൂ'
അപ്പോൾ ഈ നമ്പർ നിലവിൽ ഉണ്ടാവും ഇപ്പോൾ
ഞങ്ങൾ പരിധിക്ക് പുറത്താണ്.
അകപ്പുരയിലെ ഇരുട്ടിൽ
കൂട്ടിയും കിഴിച്ചും അവർ പുതിയൊരു സമവാക്യം
തീർക്കുന്നുണ്ട്.
പക്ഷേ തീർച്ചയാണ് ഇതിനൊരു കാലം വരും അന്നിത്
പൊടി തട്ടിയെടുത്തു ഞങ്ങൾ വരും സോറി, നോ
കോംപ്രമൈസ്.

**ചിലവാക്കുകൾ ചില കാലങ്ങളിൽ**
**ആവർത്തനവിരസമാകും**
**കാരണം അവ അത്രമേൽ**
**യാഥാർത്ഥ്യങ്ങളാണ്...**

# ഇത് വീടിന്റെ മേൽക്കൂര

# പൊളിക്കേണ്ട കാലം




**കെ അജയൻ**

കേരളത്തിലെ കാമ്പസ്സുകളെ ഒറ്റ നിറം കൊണ്ട് അടയാളപ്പെടുത്താനാവശ്യപ്പെട്ടാൽ ഏതായിരിക്കും നാം തിരഞ്ഞെടുക്കുക? പ്രതിഷേധത്തിന്റെ ചുവപ്പോ ആദർശത്തിന്റെ വെള്ളയോ ആകാൻ തരമില്ല. നിലച്ചുപോയ ശ്വാസത്തിന്റെയോ, ചടുലമല്ലാത്ത ചുവടുകളുടേയോ നിറം ഏതാണെന്ന് അന്വേഷിക്കേണ്ടി വരും. വല്ല മഞ്ഞയോ മറ്റോ? വിളറിപ്പോയ എന്നും ഒരേ അളവിൽ പുറത്തുവിടുന്ന നിശ്വാസത്തിന്റെ നിറം. അരാഷ്ട്രീയത എന്ന വാക്കിന് ഇത്ര ഭീകരമായ ഒരർത്ഥമാകാൻ കഴിയും എന്ന് നാമിന്ന് തിരിച്ചറിയുന്നു. ആദ്യത്തെ കൊടിയും ആദ്യത്തെ ആർപ്പും ഉയരുക കാമ്പസ്സിൽ നിന്നായിരിക്കും എന്ന് പറഞ്ഞ പൂർവ്വികന് പ്രഫഷണലിസത്തെ പറ്റി എന്തറിയാം നമ്മൾ അടിമത്തം ഇരന്നു വാങ്ങാൻ ഇഷ്ടപ്പെടുന്നവർ.

മറവി ഒരു സാമൂഹ്യ രോഗമാണെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത് എം.എൻ വിജയൻ മാഷാണ്. നാം നയിച്ച സമരങ്ങളേയും സമരം നടമാടിയ വഴികളേയും മഴയായ് പെയ്തിറങ്ങിയ തുടിതാളങ്ങളുടെയും ഗദ്ദറിനേയോ, സുരാസുവിനേയോ ഓർമ്മിപ്പിക്കുന്ന അരങ്ങിനെ വേർതിരിച്ചെടുക്കാനാവാത്ത തെരുവുകളേയും ഒക്കെ മറന്ന് ഒരു കാമ്പസ്സ് സെലക്ഷനോ, ഒരു റിയാലിറ്റി ഷോയോ ഒക്കെയായി കേരളത്തിലെ കാമ്പസ് ചുവടുമാറിയെങ്കിൽ അതിനുത്തരവാദികൾ കപ്പലിൽ തന്നെയുണ്ട്. കെ.എസ്.യുവോ എ.ബി.വി.പി.യോ ചിന്തകളെ വഴിതിരിച്ചുവിടുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടാകാൻ തരമില്ല. കാരണം അവർ വഴിയിൽ നിന്ന് എന്നേ തെറിച്ചു പോയവരാണ്.അതുകൊണ്ട് തന്നെയാണ് എല്ലാ കണ്ണുകളും ചൂണ്ടു വിരലുകളും എസ്.എഫ്.ഐയിലേയ്ക്ക് നീളുന്നത്. വിദ്യാഭ്യാസ മേഖലയുടെ മുഴുവൻ കൽവിളക്കായിരുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്ന ഒരു പ്രസ്ഥാനം അരാഷ്ട്രീയതയുടെ മുലപ്പാൽ കുടിച്ചുകൊണ്ട് വഴിതിരിച്ചുവിട്ടിരിക്കുന്നു. നമ്മൾ നിരന്തരം ഉരുവിടാറുള്ളതുപോലെ കാമ്പസ് എന്നത് ഒറ്റപ്പെട്ട ഒരു ദ്വീപ സമൂഹമല്ല. ജീവിച്ചിരിക്കുന്ന നാടിന്റെ നേർപരിച്ഛേദം തന്നെയാണത് അതുകൊണ്ട് തന്നെ ചലനവും ജീർണ്ണതയും അതേ അളവിൽതന്നെ ആ മതിലുകളിലൂടെ അരിച്ചിറങ്ങും. അതുകൊ


BOOKED
RS-
2012
BOSS

**പട്ടാമ്പി ഗവ. സംസ്കൃത കോളേജിലെ വിദ്യാർത്ഥിയും കേരളത്തിലെ ആദ്യത്തെ രക്തസാക്ഷിയുമായിരുന്ന സ. സെയ്താലിയുടെ സ്മരണയെത്തന്നെ തൂക്കി വിറ്റുകൊണ്ടാണവർ അധപതനത്തിന്റെ ഗ്രാഫ് കുത്തനെ ഉയർത്തിയത്. ടസയ്താലി വധക്കേസിൽ പ്രതിയും പിന്നീട് തിരുത്തൽ പ്രക്രിയ മൂലം പതിമൂന്നാം പ്രതിയുമായി മാറിയ ശങ്കരനാരായണൻ, പൂർവാശ്രമം വെടിഞ്ഞ് ബാബു എം പാലിശ്ശേരിയെന്ന വേഷപ്രച്ഛന്നനായി എത്തിയപ്പോൾ അദ്ദേഹത്തിന് വോട്ടുപിടിക്കാനും തൃശ്ശൂർ ജില്ലയിൽ ഏറ്റവും ഭൂരിപക്ഷത്തോടെ വിജയിപ്പിക്കാനും എസ്എഫ്ഐ മുമ്പിലെത്തിയിരുന്നു.**

ണ്ടുതന്നെയാണ് നിരുപദ്രവകരമായ നയങ്ങളും വ്യക്തികേന്ദ്രീകൃതങ്ങളുമല്ലാത്ത ഒറ്റ സമരങ്ങളും കുറേ കാലമായി വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ കാമ്പസ്സിനകത്തും പുറത്തുമുണ്ടാകാത്തത്. വിദ്യാർത്ഥി സംഘടനകൾ വിശിഷ്യ ഇടതുപക്ഷം ചേരുന്നു എന്ന് പ്രഖ്യാപിച്ചവ തങ്ങൾ ജീവിച്ചിരിക്കുന്ന കാലത്തെ ചുവന്ന ലിപികൾ കൊണ്ട് അടയാളപ്പെടുത്താൻ ബാധ്യസ്ഥരാണ്. അത്യന്തം ചൂഷണത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിനകത്തും സമരസപ്പെടുത്തുന്ന സമരങ്ങളുടെ ചൂഷണത്തിലേയ്ക്ക് കൂപ്പുകുത്താൻ മാത്രം ശീലിച്ച നേതൃത്വം മുഴുവൻ വിദ്യാർത്ഥിസമൂഹത്തിന്റെയും കലാപ കമ്പനങ്ങളെയാണ് ഒറ്റു കൊടുക്കുന്നത്.

എസ്.എഫ്.ഐ എന്ന പ്രസ്ഥാനത്തിന്റെ വലതുപക്ഷ വ്യതിയാനത്തെപ്പറ്റി പഠിക്കാൻ കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ എസ്.എഫ്.ഐ സമ്മേളനങ്ങളും അതിന്റെ പരിപാടിയിൽ വരുത്തിയ പരിഷ്കരണങ്ങളും മാത്രം ശ്രദ്ധിച്ചാൽ മതി. വിദേശ ഫണ്ടിങ്ങിന്റെ ചുഴിയിൽപ്പെട്ടുകൊണ്ട് എപ്രകാരമാണോ സി.പി.ഐ.എം എന്ന സംഘടന പൂർണ്ണമായും സോഷ്യൽ ഡെമോക്രസിലേയ്ക്ക് വഴുതി വീണത് അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് തന്നെയാണ് എസ്.എഫ്.ഐ നിയോലിബറൽ നയങ്ങളുടെ വക്താക്കളായി മാറിയത്. എപ്പോഴും പുരോഗമനമെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കും എന്നുള്ളതാണ് നിയോലിബറലിസത്തിന്റെ സവിശേഷത. ജനകീയാസൂത്രണവും കുടുംബശ്രീയുമൊക്കെ ജനകീയ ജനാധിപത്യ വിപ്ലവത്തിലേയ്ക്കുള്ള ചെങ്കൽപാതകളാണെന്ന് വിശേഷിപ്പിക്കാൻ അവർക്കൊട്ടും മടിയുണ്ടായിരുന്നില്ല. അതുപോലെയാണ് ഇന്നും എസ്.എഫ്.ഐ വർഗ്ഗീയ കക്ഷികളെ മാത്രം ശത്രുക്കളായി കാണുകയും ജനാധിപത്യ ധ്വംസനങ്ങൾക്കെതിരെയും വിദ്യാഭ്യാസ മേഖലയിലെ അധിനിവേശത്തിനെതിരെയും കണ്ണടക്കുകയും ചെയ്യുന്നത്. വർഗ്ഗീയതയ്ക്കെതിരെ എന്ന് നടിക്കുകയും അവർണ്ണർക്കെതിരെ മാത്രം പട്ടികക്കലാപങ്ങൾ നടത്തുകയും അതിന്റെ വീറിലും വാശിയിലും കുറേ വിയർപ്പുതുള്ളികളെ ഇപ്പോഴും സംഭരിച്ചുവരികയുമാണവർ ചെയ്യുന്നത്. ഒരർത്ഥത്തിൽ അതൊരു നിഴൽയുദ്ധമാണ്. സാമ്രാജ്യത്വ വിരുദ്ധ സമരത്തിനു പൂരകമായിടാത്ത ഫാസിസ്റ്റ് വിരുദ്ധ സമരങ്ങൾക്ക് എന്താണ് പ്രസക്തി? സാമ്രാജ്യത്വത്തിന്റെ അസ്ഥിയിൻമേൽ കൂടുകൂട്ടിയിരിക്കുന്നവരാണ് ഫാസിസ്റ്റുകൾ. തീർച്ചയായും അവർക്ക് നിലനിൽക്കണമെങ്കിൽ ഒരു ശത്രു കൂടിയേതീരൂ. അങ്ങനെ എ.ബി.വി.പിക്കാരന്റെ ശത്രുത സമ്പാദിച്ചു എന്ന ഒറ്റ ഗുണം കൊണ്ട് എസ്.എഫ്.ഐ ഇന്നും കാമ്പസ്സുകളിലെ ഇടതുപക്ഷ നാട്യമായി നിലകൊള്ളുന്നു. വൈകാരികത തളം കെട്ടി നിൽക്കുന്ന രാഷ്ട്രീയ പരിസരമായിരുന്നു അക്ഷരാർത്ഥത്തിൽ എസ്.എഫ്.ഐയുടെ അടിസ്ഥാനം. മുപ്പതോളം വരുന്ന രക്തസാക്ഷികളുടെ ഇരമ്പിയാർക്കുന്ന സ്മരണകൾക്ക് ഇരുമ്പുകൂടത്തിന്റെ ശക്തിയുണ്ടാകും



**സാമ്രാജ്യത്വ വിരുദ്ധ സമരത്തിനു പൂരകമായിടാത്ത ഫാസിസ്റ്റ് വിരുദ്ധ സമരങ്ങൾക്ക് എന്താണ് പ്രസക്തി? സാമ്രാജ്യത്വത്തിന്റെ അസ്ഥിയിൻമേൽ കൂടുകൂട്ടിയിരിക്കുന്നവരാണ് ഫാസിസ്റ്റുകൾ. തീർച്ചയായും അവർക്ക് നിലനിൽക്കണമെങ്കിൽ ഒരു ശത്രു കൂടിയേതീരു.**

എന്നത് സ്വാഭാവികം മാത്രം. വെള്ളക്കൊടിയിൽ നിന്ന് സ്വാതന്ത്ര്യവും ജനാധിപത്യവും സോഷ്യലിസവും നീക്കം ചെയ്യാൻ പോലും തുനിഞ്ഞ ഒരു പ്രസ്ഥാനത്തിന്, വിദ്യാർത്ഥി സംഘടനക്ക് യോജിച്ചവയല്ല ആ മുദ്രാവാക്യങ്ങൾ എന്നു കണ്ടെത്താൻ വലിയ മടിയൊന്നുമുണ്ടായില്ല എന്നത് ചരിത്രം. പ്രത്യയശാസ്ത്രത്തെ കപ്പലണ്ടി പൊതിയാൻ കൊടുത്ത ഈ സംഘടന ഇന്നും നിലനിൽക്കുന്നത് ഫാസിസ്റ്റ് വിരുദ്ധ കാപട്യം കൊണ്ടും (പലയിടത്തും എൻ.ഡി.എഫ് ഫാസിസ്റ്റുകൾ അല്ലാതാവുന്നുണ്ടെന്നതും 'തണ്ണിമത്തൻ' എന്ന പ്രയോഗം തന്നെ നിലനിൽക്കുന്നുണ്ടെന്നതും ഓർക്കുക) രക്തസാക്ഷിത്വത്തിന്റെ പലിശയിലും ആണെന്നതുമാണ് വസ്തുത.

പട്ടാമ്പി ഗവ. സംസ്കൃത കോളേജിലെ വിദ്യാർത്ഥിയും കേരളത്തിലെ ആദ്യത്തെ രക്തസാക്ഷിയുമായിരുന്ന സ.സെയ്തലിയുടെ സ്മരണയെത്തന്നെ തൂക്കി വിറ്റുകൊണ്ടാണവർ അധപതനത്തിന്റെ ഗ്രാഫ് കുത്തനെ ഉയർത്തിയത്. സെയ്തലി വധക്കേസിൽ പ്രതിയും പിന്നീട് തിരുത്തൽ പ്രക്രിയ മൂലം പതിമൂന്നാം പ്രതിയുമായി മാറിയ ശങ്കരനാരായണൻ, പൂർവാശ്രമം വെടിഞ്ഞ് ബാബു എം പാലിശ്ശേരിയെന്ന വേഷപ്രച്ഛന്നനായി എത്തിയപ്പോൾ അദ്ദേഹത്തിന് വോട്ടുപിടിക്കാനും തൃശ്ശൂർ ജില്ലയിൽ ഏറ്റവും ഭൂരിപക്ഷത്തോടെ വിജയിപ്പിക്കാനും എസ്എഫ്ഐ മുമ്പിലെത്തിയിരുന്നു. ഒരു പ്രമേയവും ആ സ്ഥാനാർത്ഥിക്കെതിരെ പുറംലോകം കണ്ടില്ല. അടിയന്തിരാവസ്ഥക്കാലത്ത് ക്യാമ്പസ് സന്ദർശിക്കാനെത്തിയ കെ. കരുണാകരനെ ചാണകത്തിൽ മുക്കിയ ചൂലുകൊണ്ട് എതിരേറ്റ വനിതാ സഖാക്കളുടെ പാരമ്പര്യമുള്ള പ്രസ്ഥാനമാണ് പൂർവാശ്രമത്തിലെ ശങ്കരനാരായണന് ജയജയ പാടിയതെന്നോർക്കണം.

മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റു പോലെ സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ മുതിർന്ന കാലത്ത് അതിനെതിരെ ഭരണകൂട യന്ത്രത്തിന്റെ പീറ വെടിയുണ്ടകൾ വിരിമാറിലേറ്റുവാങ്ങി മണ്ണിനെ പുളകിതരാക്കിയ റോഷനും ഷിബുലാലും മധുവും ബാബുവും രാജീവനും: കൂത്തുപറമ്പിന്റെ അനശ്വര നക്ഷത്രങ്ങൾ, അവരുയർത്തിയ കലാപക്കൊടികളെ ജി.പി.സി നായരുടെയും എൻഎസ്എസ്സിന്റെയും എംഇഎസ്സിന്റെയും ഒക്കെ അടുക്കളയിൽ പണയം വച്ചിട്ട് കുണുപോലെ ഉയർത്തുന്നതിൽ ഉപ്പായി പ്രവർത്തിക്കാൻ എസ്എഫ്ഐക്ക് സാധിച്ചു. സ്വാശ്രയ കോളേജുകൾ അല്ല തെറ്റ് മറിച്ച് ഫീസ് ഘടനയാണെന്ന തിരിച്ചറിവിൽ നിന്ന് വെളിപാടു പോലെ അതും അവർ ക്ഷമിച്ചിരിക്കുന്നു. ഓരോ വിദ്യാർത്ഥിയും ആത്മഹത്യ ചെയ്യുമ്പോൾ മാത്രം കൊടിയുയർത്തുന്ന ഇവർ എന്തുകൊണ്ട് അവർക്ക് ചാടി മരിക്കാൻ തക്ക ഉയരത്തിൽ കോളേജുകൾ ഉയരാൻ സമ്മതിച്ചു? സഖാവിന്റെ മകൻ ലണ്ടനിൽ പഠിക്കുന്നതുകൊണ്ട് ഒരു സ്വാശ്രയ വിരുദ്ധ സമരത്തിനും ഇനി സ്കോപ്പുണ്ടാകാൻ വഴിയില്ല.



തൃശ്ശൂർ ജില്ലയിലെ എസ്എഫ്ഐയെ ചോര കൊടുത്ത് പടുത്തുയർത്തിയ ലാലപ്പനെന്ന വിപിൻലാലിനെ ആരും അത്ര പെട്ടന്ന് മറക്കാൻ വഴിയില്ല. പഠനത്തിനു ശേഷവും വർഷങ്ങളോളം മുഴുവൻ സമയ പ്രവർത്തകനായിരുന്ന എസ്എഫ്ഐയുടെ തൃശ്ശൂർ ഏരിയാ കമ്മറ്റിയുടെ സെക്രട്ടറി കൂടിയായിരുന്ന ആ സഖാവ് ഒരു കൊള്ളിയാൻ മറഞ്ഞ പോലെയാണ് മാഞ്ഞു പോയത്. വളവുകളും തിരിവുകളുമുള്ള പാതയുടെ കയറ്റിറക്കങ്ങളിൽ ആരോ മുള്ളുകൾ വിതറിയിരിക്കുന്നു എന്ന് ഞങ്ങൾ ഇന്നും വിശ്വസിക്കുന്നു. അപ്രിയ സത്യങ്ങൾ വിളിച്ചു പറഞ്ഞതിന് അദ്ദേഹത്തെ സംഘടനയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കി. എന്നിട്ടും ജില്ലയിലെ പോരാളികൾ ലാലപ്പന്റെ പിന്നിൽ അണിചേർന്നു. ജീവിതത്തിന്റെ അവസാന യാത്രയിലും എസ്എഫ്ഐക്കു വേണ്ടി തുടിച്ച ആ ജീവിതത്തെ അവഹേളിക്കുന്നതിൽ നേതാക്കന്മാർ മത്സരിക്കുകയായിരുന്നു. ഇ.കെ.ബാലൻ, കെ.ആർ.തോമസ്, ആർ.കെ.കൊച്ചനിയൻ, കെ.എസ്.വിപിൻലാൽ എന്നിവരുടെ ചിത്രം ആലേഖനം ചെയ്ത കലണ്ടർ വിതരണം ചെയ്യാൻ എസ്എഫ്ഐ ഏരിയാ കമ്മറ്റി തീരുമാനിച്ചതിനെ അന്നത്തെ സംസ്ഥാന സെക്രട്ടറി സ്വരാജ് നായർ എതിർത്തതിന്റെ ചേതോവികാരം ഇന്നും ദുരൂഹമാണ്. അത് വിതരണം ചെയ്തതിന്റെ പേരിൽ ആ ഏരിയാ കമ്മറ്റി തന്നെ പിരിച്ചു വിടുകയാണവർ ചെയ്തത്.

**ശേഷം 50-ാം പേജിൽ...**

# അവർ എന്തിനെയോ ഭയക്കുന്നുണ്ട്

**പി ഗീത**




ടി പി ചന്ദ്രശേഖരന്റെ വധത്തെ തുടർന്ന് പുത്തനച്ഛൻമാർ സമൃദ്ധമായി പുരപ്പുറം തൂത്തു. പിണറായിയോ, വി എസോ ശരി എന്നതല്ല ഇവിടുത്തെ വിഷയം. ജീവിച്ച ഓരോ വർഷത്തിനും ഓരോ വെട്ടു മുഖത്തേറ്റുവാങ്ങി മരിച്ച ചന്ദ്രശേഖരന്റെ പ്രകാശിക്കുന്ന കണ്ണുകളാണ് ഇത്തരം അച്ഛൻമാരെ ഭയപ്പെടുത്തിയത് എന്നു വേണം കരുതാൻ. അതുകൊണ്ട് ചന്ദ്രശേഖരന്റെ ജഡത്തെ ആദരിച്ച വി എസിനെതിരേ അവർ ആഞ്ഞടിച്ചു. യഥാർത്ഥ കുലംകുത്തിയെന്ന് ബാബു എം പാലിശ്ശേരി, പാർട്ടി പ്രതിസന്ധിയിലാവുമ്പോൾ കോലിട്ടിളക്കി ഇടങ്ങേറുണ്ടാക്കുന്നയാളെന്ന് ടി കെ ഹംസ. വി എസിന്റെ മാത്രമല്ല ടി പി ചന്ദ്രശേഖരന്റേയും സംഘടനാ ബന്ധം ഇവർക്ക് അവകാശപ്പെടാൻ സാധ്യമല്ല. കാരണം വി എസും ടി പിയും പാർട്ടിയിൽ വന്നിട്ട് ഏറെക്കാലം കഴിഞ്ഞാണ് ബാബു എം പാലിശ്ശേരിയും ടി കെ ഹംസയും പാർട്ടിയിലേക്ക് വന്നത്.

എളമരം കരീമിനെ തുടർന്ന് ടി പി വധത്തോട് പ്രതികരിച്ച ഇടുക്കി ജില്ലയിലെ മണി സഖാവ്, ഇത്തരം സാമൂഹിക ഭർസനങ്ങളുടെ പരകോടിയിലാണ് സ്വയം സ്ഥാനം ഉറപ്പിച്ചത്. ഏറെപ്പേരെ പലതരത്തിലും കൊന്നിട്ടുണ്ട്, ഇനിയും കൊല്ലുമെന്നും അദ്ദേഹം ജനങ്ങളെ അറിയിച്ചു. അതോടൊപ്പം മറ്റൊരു കാര്യംകൂടി പറയുന്നു. എങ്ങിനെയാണ് മഹാശ്വേതാ ദേവിക്ക് ജ്ഞാനപീഠം കിട്ടിയതെന്ന് അന്വേഷിക്കാൻ കമ്മീഷനെനിയോഗിക്കണം. അവരുടെ 'കഴപ്പ്' അദ്ദേഹത്തിനും കൂട്ടർക്കും അറിയാമെത്രെ. എന്താണ് മണി ഉദ്ദേശിച്ച കഴപ്പ്? വയസ്സായ മഹാശ്വേതാദേവിക്ക് എന്തിന്റെ കഴപ്പുണ്ട് എന്നാണ് മണിയേപ്പോലുള്ളവർ പറയാൻ ശ്രമിക്കുന്നത്? സഖാവ് പിണറായി മഹാശ്വേതാദേവിയുടെ ടി പി വധത്തോടുള്ള പ്രതികരണത്തെ തന്റെ പ്രസംഗത്തിൽ പ്രശ്നവൽക്കരിച്ചിരുന്നു. ഇതിനോടുള്ള കൂറായിരിക്കാം മണി ഈ വിധത്തിലുള്ള സ്ത്രീ നിന്ദ കൊണ്ട് സാധിച്ചത്.

എഴുത്തിനെ മാത്രമല്ല സ്ത്രീത്വത്തെയും പ്രായത്തെയും വരെ അപമാനിക്കാൻ മണിയെ പ്രേരിപ്പിച്ചത് എന്തായിരിക്കും? ടി പി ചന്ദ്രശേഖരന്റെ വിധവയെ അവർ സന്ദർശിച്ചത്, ടി പി ചന്ദ്രശേഖരന്റെ അനുസ്മരണത്തിൽ അവർ പങ്കെടുത്തത്? എന്തായാലും ഒരുകാര്യം തീർച്ചയാണ് ഊണിലും ഉറക്കത്തിലും തൂണിലും തുരുമ്പിലും ഈ നേതാക്കൾ ടി പി ചന്ദ്രശേഖരനെ ഭയപ്പെടുന്നു. അവർക്ക് എന്തുകൊണ്ടാകാം ഈ ഭയം ഉണ്ടായത്? കഴിഞ്ഞ ഏതാനും വർഷങ്ങളായി അവരുടെ ശരീരഭാഷ തന്നെ ശ്രദ്ധിച്ച് നോക്കൂ. മനുഷ്യസ്നേഹത്തിന്റേയോ, കാരുണ്യത്തിന്റേയോ, നൻമയുടേയോ, സാഹോദര്യത്തിന്റേയോ, സഹപ്രവർത്തനത്തിന്റേയോ, കണിക പോലും അവരുടെ ആരുടേയും കണ്ണുകളിൽ കാണാൻ കഴിയില്ല. ശബ്ദത്തിലോ ശരീരഭാഷയിലോ അനുഭവിക്കാൻ കഴിയില്ല. അധികാരം ധാർഷ്ട്യം, ആർത്തി, വെറുപ്പ് എന്നിങ്ങനെയുള്ള പല്ലിറുമ്മലുകളോടെയാണ് അവർ നമ്മളോട് ആജ്ഞാപിച്ചുകൊണ്ടിരിക്കുന്നത്. നമ്മളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

അടിയന്തരാവസ്ഥാകാലത്തെ ഇന്ത്യൻഭരണകൂടം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച ഏകാധിപത്യത്തേക്കാൾ എന്തൊക്കെയോ ആണ് ഈ നേതൃത്വം സ്വന്തം അണികൾക്കും അനുഭാവികൾക്കും സ്നേഹിതർക്കും മേൽ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. അ്തുതന്നെയാണ് സുഹൃത്തെ പറയുന്നത് അവർക്ക് എന്തൊക്കെയോ ഒളിക്കാനുണ്ട്. പ്രതിരോധത്തിന് പകരം അക്രമത്തിലേക്ക് എത്തിച്ചേർന്ന ഏതു വ്യക്തിയും പ്രസ്ഥാനവും അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പ്രതിസന്ധിയെ തന്നെയാണ് ഈ നേതാക്കളും അഭിമുഖീകരിക്കുന്നത്. ഏത് ഫാസിസ്റ്റിന്റേയും ഭീതിയാണ് ഇപ്പോൾ ഇവർക്കും ഉള്ളത്. അതുകൊണ്ടാണ് അവർ നമ്മെ ഭയപ്പെടുത്തുന്നത്,നിന്ദിക്കുന്നത്, നമ്മുടെ ചന്ദ്രശേഖരൻമാരെ കൊല്ലുന്നത്.

**ചന്ദ്രേട്ടനെ കൊല്ലാനേകഴിയൂ തോൽപ്പിക്കാനാവില്ല..**
**-രമ**

**സഖാവേ, നിന്റെ ഈ വാക്കുകൾ ഇന്നിന്റെ സത്രീത്വത്തിന്റെ ധീരതയാണ്. ഞങ്ങളിലെ ആവേശമാണ്. ഫാസിസ്റ്റുകളായ ചെകുത്താൻമാരുടെ ചെകിടത്തു നൽകിയ പ്രഹരമാണ്. അതാണവർ ഈ വാക്കുകൾക്കു നേരെ കുരച്ചു ചാടുന്നത്...**

यहाँ काट कर खोलिए TO OPEN CUT HERE

अन्तर्देशीय पत्र कार्ड
INLAND LETTER CARD

भारत INDIA 250

महात्मा गांधी MAHATMA GANDHI

यहाँ काट कर खोलिए TO OPEN CUT HERE

To,

പാർട്ടിസെക്രട്ടറി
എ.കെ.ജി മാളിക
അനന്തപുരി

(इस लाइन के नीचे न तो लिखें और न ही मुद्रित करें Do not write or print below this line) ___ पिन PIN

यहाँ काट कर खोलिए TO OPEN CUT HERE

दूसरा मोड़ SECOND FOLD

इस पत्र के अन्दर कुछ न रखें NO ENCLOSURES ALLOWED
पते में पिन कोड लिखें WRITE PIN CODE IN ADDRESS
प्रेषक का नाम और पता :— SENDER'S NAME AND ADDRESS :—

From,
അന്ത്യാഭിലാഷമുള്ള
കമ്മ്യൂണിസ്റ്റ് കാരണവന്മാർ

पिन PIN

હોય જ્યાં એક જ વફાદાર સાથી
એઇડ્સ ભલા ત્યાં આવે ક્યાંથી ?
સંયમ, નિરોધ, સલામતી, વફાદારી ...
દૂર રાખે એચ.આઇ.વી. / એઇડ્સ ની બિમારી
- ગુજરાત સ્ટેટ એઇડ્સ કંટ્રોલ સોસાયટી

ഒടുക്കത്തെപാലിൽ
ഞങ്ങടെ മരണസർട്ടിഫിക്കറ്റ്
ഉണ്ടാക്കുമോ?

ചന്ദ്രശേഖരനെക്കൊന്ന

## കുലത്തിൽ പിറന്ന കമ്മ്യൂണിസ്റ്റുകൾക്ക്

# ആദരവോടെ

04-05-2012
ഒഞ്ചിയം രക്തസാക്ഷി മണ്ഡപം

സർ,

ഒരിക്കൽ സഖാവേ എന്നു വിളിച്ചു പോയ അവിവേകത്തിന് മാപ്പ്. അരയിൽ പിസ്റ്റളും ചുറ്റും ആയുധധാരികളായ അംഗരക്ഷകരും കാവൽ നിൽക്കുന്ന വിപ്ലവ വർത്തമാനത്തിൽ അങ്ങയെക്കേറി സഖാവേ എന്നു വിളിച്ചാൽ, അതു മതി എന്റെ മുതുകിൽ ചാപ്പ കുത്തപ്പെടാനെന്നു എനിക്കറിയാം. അതുണ്ടാക്കുന്ന അസ്വസ്ഥതകളെ മറികടക്കാൻ ചൈനയ്ക്കോ ദുബായ്ക്കോ പോകാവുന്ന ഒരു സാമ്പത്തിക പരിതസ്ഥിതിയല്ല എന്റേത്. ബാങ്കുകൾ , ഹയർ സെക്കണ്ടറികൾ, സഹകരണ സംഘങ്ങൾ, പത്രമാധ്യമങ്ങൾ, ചാനലുകൾ, പാർക്കുകൾ, ഇനിയും പട്ടിക നിരത്താവുന്ന ഇത്തരം പുത്തൻ വിപ്ലവ നിലങ്ങളിൽ തൊഴിൽ ദാതാവ് എന്ന നിലയിൽ അങ്ങ് മുതലാളിയാണ്. എൻ.ജി.ഒ കളും കോർപ്പറേറ്റുകളും ഭരിക്കുന്ന അങ്ങയുടെ പാർട്ടി കുടുംബം ഒരേഴയുടെ ബുദ്ധിമോശത്തിന് എളുപ്പം വിധിക്കാവുന്ന ശിക്ഷ മരണ ശിക്ഷയായിരിക്കുമല്ലോ. അങ്ങേക്കറിയുമോ എന്നറിയില്ല, ഏഴകളുടെ ഞരമ്പിലൂടെ ഓടുന്ന ചെമന്ന നിറമുള്ള കൊഴുത്ത ദ്രാവകത്തിനും രക്തം എന്നു തന്നെയാണ് സർ പേര്. അത്തരം ചോരമഴകളൊന്നും അങ്ങയിൽ യാതൊരു അസ്വസ്ഥതയും ഉണ്ടാക്കുകയില്ല എന്നത് അങ്ങയുടെ ചരിത്രം ഒരു പാർട്ടിയുടെ ചരിത്രം തിരുത്തി വലുതാവുന്നത് കണ്ടു ശീലിച്ച ഞങ്ങൾക്കറിയാം.

അമ്പത്തൊന്നു കഷണങ്ങളായി വെട്ടിമുറിക്കപ്പെട്ട ഒരുടൽ മനഃസാക്ഷിയുടെ മുമ്പിൽ വന്ന് വെള്ള പുതച്ച് കിടക്കുമ്പോഴും ഞങ്ങളുടെ ഞെട്ടലിനും പൊട്ടിക്കരച്ചിലിനും മുകളിൽ നിന്ന് 'ഇതൊക്കെയും കാണുന്നവന്റെ മാനസികസ്ഥിതിക്കനുസരിച്ചിരിക്കും' എന്ന് നിങ്ങൾ പറയുന്നത് ഇത്തരം കാഴ്ചകൾ കണ്ടുശീലിച്ചയാളുടെ തഴക്കത്തിന്റെ കരുത്തിൽ നിന്നുകൊണ്ടാണ് എന്ന് ഞങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട് . കഥ്ടേഷൻ കാലത്തെ രാഷ്ട്രീയപ്രവർത്തനത്തെക്കുറിച്ച് നിങ്ങളോളം അറിവോ പ്രവൃത്തിപരിചയമോ ഞങ്ങൾക്കില്ല. ഞങ്ങൾ, മാധ്യമസിൻഡിക്കേറ്റുകളുടെ ഇരകളും വിഡ്ഢികളുമായ പൊതുജനം, വിനയത്തോടെ ഒന്ന് ചോദിച്ചോട്ടെ,
അല്ലയോ പതിനായിരങ്ങളുടെ അന്നദാതാവും ആശ്രയവുമായ ഗുരുനാഥാ, അപ്പോൾ അങ്ങയുടെ മനസിൽ എന്തായിരുന്നു? അനുസരണക്കേടുകാട്ടിയ ശരീരഭാഷ ഞങ്ങളുടെ സങ്കടപ്പാടുകൾക്ക് മീതെ വിരിയിച്ച അത്യുത്സാഹത്തിന്റെയും ആനന്ദത്തിന്റെയും ഒരു ചിരിയല്ലാതെ അമ്പരപ്പോ, അനാവശ്യമെങ്കിലും ഒരിത്തിരി അനുകമ്പയോ തോന്നാൻ മാത്രം നിങ്ങളുടെ ഉള്ളിൽ ഇനിയും മരിക്കാതെ ഒരു കമ്മ്യൂണിസ്റ്റ് ബാക്കിയുണ്ടായിരുന്നോ?

സർ, നിങ്ങൾ നിരന്തരം കുലത്തെപ്പറ്റിയും കുലമഹിമയെപ്പറ്റിയും വാതോരാതെ പറയുന്നുണ്ടല്ലോ? ഏതു കുലത്തിന്റെ ചരിത്രമാണ് നിങ്ങൾ പഠിച്ചുവെച്ചിരിക്കുന്നത്? തോക്കിനും ലാത്തിക്കും മുമ്പിൽ പതറാതെ നവോത്ഥാനത്തിനു പൊരുതിയ കമ്മ്യൂണിസ്റ്റുകൾ ചവറ്റുകുട്ടയിലേക്ക് വലിച്ചെറിഞ്ഞ ഉച്ചനീചത്വത്തിന്റെ കാവൽപ്പുരകളായിരുന്ന കുലപ്പേരും കുലമഹിമയുമാണോ? വീട്ടടിമത്തത്തിൽനിന്ന് സ്വയം മോചിപ്പിക്കപ്പെട്ടതിന്റെയും പൂണൂൽ പൊട്ടിച്ചെറിഞ്ഞതിന്റെയും വിപ്ലവം വിളംബരം ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന്റെ സെക്രട്ടറി സവർണ്ണ ഫാസിസ്റ്റുകളുടെ ഫ്യൂഡൽ കുടുംബസങ്കല്പത്തിൽ വിരാജിക്കുകയും അതിന്റെ മഹിമയിൽ ആത്മരതികൊള്ളുകയും ചെയ്യുന്നൊരു പിന്തിരിപ്പനാണെന്ന് തിരിച്ചറിയുമ്പോൾ ഞങ്ങൾക്ക് ലജ്ജ തോന്നുന്നുണ്ട്.

ആരാണ് സർ, കമ്മ്യൂണിസ്റ്റ് എന്ന് അങ്ങയെ നാമകരണം ചെയ്തത്. അങ്ങേക്ക് കമ്മ്യൂണിസ്റ്റുകളുടെ രാഷ്ട്രീയമറിയുമോ?
ഇത്തറവാടിത്തഘോഷണത്തെപ്പോലെ വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ' എന്നെഴുതിവെച്ചത് ഇടശ്ശേരിയാണ്. സിപിഎമ്മിന് സ്വന്തമായി ഒരു നിഘണ്ടുവും അതിലെ ഭാഷ ഭരണഭാഷയാക്കാൻ പൊരുതുന്ന സ്പോൺസേഡ് സാഹിത്യവേദികളും, വത്സലരും ഭാസുരേന്ദ്രരുമായ ആചാര്യൻമാരുമുള്ളപ്പോൾ പാവം ഇടശ്ശേരി അഭിമതനായിക്കൊള്ളണമെന്നില്ല. ഒരുപക്ഷേ കാലം ഇത്രമേൽ വേഗത്തിൽ നടന്നുപോയതറിയാതെ തറവാടിത്തം ഒരംഗീകാരമായി വിശ്വസിച്ചുപോന്നിരുന്ന പിൽക്കാലങ്ങളിലെവിടെയോ കുടുങ്ങിപ്പോയ ഒരു പുരാതനമനുഷ്യനായിരിക്കാം പിണറായി വിജയൻ. അല്ലെങ്കിൽ, ചരിത്രപ്രസിദ്ധമായ ഒരു തറവാടുണ്ടെന്നും, അതിന് പേര് സിപിഐഎം എന്നാണെന്നും അതിൽ കിടന്നാൽ ഒരു രാത്രികൊണ്ട് കമ്മ്യൂണിസ്റ്റാവുമെന്നും അതിന് നിങ്ങൾ ഇത്ര പണം ചെലവഴിക്കേണ്ടിവരുമെന്നും, കോഴ്സ് ഫീസ് എന്നല്ല, ലെവി എന്നോ മെമ്പർഷിപ്പ് തുക എന്നോ അതിനെ വിശേഷിപ്പിക്കണമെന്നും വിളിച്ചുപറയുന്ന ഒരു വരുംകാലം തിരിച്ചറിഞ്ഞ ക്രാന്തദർശിയായ കച്ചവടക്കാരനായിരിക്കണം പിണറായി വിജയൻ.

വിദ്യാർത്ഥി

എങ്കിൽ പറയൂ,

അങ്ങ് ജീവിച്ച കുലത്തിൽ ചന്ദ്രശേഖരനുണ്ടായിരുന്നില്ലേ? ചന്ദ്രശേഖരൻ ജീവിച്ച കുലത്തിൽനിന്ന് പുറത്ത് പോയത് നിങ്ങളല്ലേ. ശാസ്ത്രീയമായ പ്രത്യയങ്ങളിൽ നിന്ന് സ്ഥാപനവൽക്കരിക്കപ്പെട്ട മിത്തുകളിലേക്ക്, ശീതീകരിച്ച മുറികളിലേക്ക്, മണിമന്ദിരങ്ങളിലേക്ക്, ആഡംബര വാഹനങ്ങളിലേക്ക്, കമ്മ്യൂണിസ്റ്റ് നിലങ്ങളിൽ നിന്ന് വഴിമാറി വഴിമാറി കുലംവിട്ടത് നിങ്ങളോ ചന്ദ്രശേഖരനോ?

ഹിസ് ഹൈനസ് പിണറായി വിജയൻ,
അങ്ങയുടെ വലിപ്പത്തെക്കുറിച്ച് അങ്ങേക്ക് ആത്മ നിർവൃതി കൊള്ളാവുന്ന ചില സത്യങ്ങൾ പറഞ്ഞു എന്നേയുള്ളു. അങ്ങ് ഒരു വ്യക്തി മാത്രമല്ല എന്നും അങ്ങില്ലെങ്കിലും ഈ പാർട്ടി ഇങ്ങനെയൊക്കെ തന്നെയായിരിക്കുമെന്നും ഞങ്ങൾക്കറിയാം. മരിച്ചവന്റെ രക്തത്തിൽ ചവിട്ടി നിന്ന് കൊന്നവന് അഭിവാദ്യം വിളിക്കുന്ന പേപിടിച്ച ആൾക്കൂട്ടത്തിന്റെ പേരാണ് സി.പി.ഐ.എം എന്ന് ഞാൻ തിരിച്ചറിഞ്ഞത് എന്റെ ജീവിതം കൊണ്ടാണ്. അങ്ങില്ലെങ്കിലും മനുഷ്യത്വ രഹിതമായ എല്ലാ അരാജക പ്രവണതകളേയും പ്രോത്സാഹിപ്പിക്കുന്ന ഫാസിസത്തിന്റെ ഈ ആൾക്കൂട്ടം ഇങ്ങനെ തന്നെ നിലനിൽക്കും. അതിന്റെ ദുരന്തങ്ങൾ ഞങ്ങൾക്കു മേൽ തീമഴയായ് പെയ്യും. ആ പെയ്ത്തിൽ തീപ്പെട്ടു തീരേണ്ടവരാണ് ഞങ്ങളെന്നും ഞങ്ങൾക്കറിയാം. അതിനുമുമ്പ് ഞങ്ങളുടെ സഹ സഖാക്കളെ കൊന്നു കളയാൻ അച്ചാരം കൊടുത്ത ആരാച്ചാരൻമാരോട് നേർക്കു നേർ നിന്ന് ഒരൊറ്റ ശ്വാസത്തിൽ പറഞ്ഞു തീർക്കാൻ, ഒരായുസ്സു കൊണ്ട് വിളിച്ചു തീർക്കാനാവാത്ത അസഭ്യവാക്കുകൾ . എന്റെയുള്ളിൽ ഞാൻ സൂക്ഷിച്ച് വെയ്ക്കുന്നുണ്ട്. പിന്നീട് തികച്ചും അരാഷ്ട്രീയമെന്ന് പേര് വിളിക്കപ്പെടുന്ന ഒരു കൊലപാതകപ്പട്ടികയ്ക്ക് എന്റെ ബയോഡാറ്റ വിട്ടുകൊടുത്ത് അങ്ങയുടെ സാമ്രാജ്യത്തിൽ നിന്ന് ഞാൻ പുറത്താക്കപ്പെടും.

പക്ഷേ അങ്ങനെ ഒന്നും അവസാനിക്കുകയില്ല. മരണത്തിന്റെ ഭാഷയിലൂടെ ഒരു കമ്മ്യൂണിസ്റ്റുകാരൻ തലമുറകളോട് നിരന്തരമായി അവന്റെ രാഷ്ട്രീയം സംസാരിച്ചു കൊണ്ടേയിരിക്കും. അത് പേടിക്കണം. മരിച്ചവരാരും മരിച്ചിട്ടില്ലെന്ന് ഓർത്താൽ നന്ന്.

വിധേയൻ,
**ലിജീഷ്കുമാർ**





# ഇരകളെ മൂടി വെയ്ക്കുന്ന പ്രത്യയ ശാസ്ത്രം

**കെ.കെ. സിസിലു**

ആത്മഹത്യകൾ നമ്മൾ നിരവധി കണ്ടിരിക്കുന്നു. അയൽപക്കത്തും നമ്മുടെ ഗ്രാമത്തിലും, ജില്ലയിലും എന്ന് വേണ്ട അങ്ങ് വടക്കൻ സംസ്ഥാനങ്ങളിലും വരെ നാം ദിവസവും കേൾക്കാറുള്ളതാണ്. ചിലത് നേരിട്ടറിയുന്നതുമാണ്, എന്നാൽ ഞെട്ടലില്ലാതെ നാം അത് കേൾക്കാൻ പഠിച്ചിരിക്കുന്നു. അന്യന്റെ വേദനകൾ അറിയുന്ന കാലത്തെ കുറിച്ചുള്ള സ്വപ്നങ്ങൾ വരെ നാം എപ്പോഴോ മറന്നു കഴിഞ്ഞിരിക്കുന്നു .പാടിച്ചിറയിലെ കർഷകരുടെ ആത്മഹത്യ നമുക്കൊരു വിഷയം പോലും അല്ല. മറക്കാൻ നമുക്ക് എളുപ്പമാണ് .അത് കൊണ്ട് തന്നെ നാം മരണത്തിന്റെ കാര്യങ്ങളെ അന്വേഷിച്ചു പോകാറില്ല ,അത് നമ്മെ ഒരു നാൾ തേടി വരുന്നത് വരെ.

പ്രയാസങ്ങളിൽ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടി മുട്ടിക്കാൻ ശ്രമിക്കുന്ന സാധാരണക്കാരായ മനുഷ്യ ജീവിതത്തിന്റെ വലിയ പങ്കും നഷ്ടപ്പെടുകയാണ്, ഇനിയില്ലെന്നും തിരിച്ചറിയുന്ന നിമിഷം തന്നെയാണ് അവൻ ആത്മഹത്യയിൽ അഭയം കണ്ടെത്തേണ്ടി വരുന്നത്. അത്

ചിലപ്പോൾ ജീവിതത്തോടുള്ള, ജിവിത സാഹചര്യങ്ങളോടുള്ള കടുത്ത പ്രതിഷേധവുമായിട്ടാകാം. ലോക വ്യാപാര സംഘടനയുടെ സമ്മേളനത്തിനെതിരെ തന്റെ നെഞ്ചത്ത് കത്തി കുത്തിയിറക്കിയ കൊറിയൻ കർഷക നേതാവിന്റെ ആത്മാഹുതി നിലവിലുള്ള വ്യവസ്ഥയുടെ ദുരിത പൂർണമായ അവസ്ഥയോടുള്ള വലിയ പ്രതിഷേധമായിരുന്നു. സ്വാശ്രയ കോളേജിന്റെ ഇരയായ രജനി എസ് ആനന്ദ് തന്റെ അമ്മയ്ക്കെഴുതിയ കത്തിന്റെ ഉള്ളടക്കം ജീവിതം മടുത്ത ഒരു കുട്ടിയുടെയോ ഒളിച്ചോട്ടത്തിന്റെ ദുർബലതയുടെയോ വിഷയമായിരുന്നില്ല പറഞ്ഞു തന്നിരുന്നത്. മറിച്ച് നിലവിലുള്ള വിദ്യാഭ്യാസ നയത്തിനെതിരായ പ്രതിഷേധം തന്നെയായിരുന്നു. എന്നിട്ടുമെന്തേ നമ്മുടെ ഇടതുപക്ഷ ബുദ്ധിജീവികൾക്കും വിദ്യാർഥി പ്രസ്ഥാനങ്ങൾക്കും ഈ ഒരു പ്രശ്നം ഒരു പ്രശ്നമായി തോന്നിയില്ല . ഇന്നലെ വരെ സമരങ്ങളുടെ കുത്തക അവകാശപ്പെട്ടിരുന്ന ഇടതുപക്ഷം സമരങ്ങളിൽ നിന്നും പിൻവലിഞ്ഞത് എന്ത് കൊണ്ടാണ്? ഈ അടുത്ത കാലത്തായി നഴ്സിംഗ് മേഖലയുമായി ബന്ധപ്പെട്ടു കൊണ്ടുയർന്നു വന്ന സമരങ്ങൾ യാദൃശ്ചികമായി ഉയർന്നു വന്നതല്ലെന്നും കാണാൻ കഴിയും.

1500-3000 രൂപയ്ക്കു ജോലി ചെയ്യേണ്ടി വരുന്ന ചൂഷണത്തിന്റെ പാരമ്യത്തിലെത്തി നിൽക്കുന്ന ഇവരുടെ പ്രശ്നങ്ങളിൽ നിന്ന് സംഘടിത പ്രസ്ഥാനങ്ങൾ ഇന്ന് മുഖം തിരിഞ്ഞു നിൽക്കുകയാണ്. സംഘടിത മതങ്ങളും സമുദായ കുത്തകകളും നടത്തുന്ന സ്ഥാപനങ്ങൾ പോലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും നടത്തുന്ന കോളേജുകളും ആശുപത്രികളും ഉണ്ടാകുമ്പോൾ എങ്ങനെയാണ് ഇവർക്കെതിർക്കാൻ കഴിയുക? തങ്ങളുടെ പാർട്ടിക്ക് വരുന്ന ലാഭത്തിന്റെ കണക്കിന് കുറവ് വരാൻ അവർ തയാറാവുകയില്ല . അതിനു വേണ്ടി അവർ മാർക്സിനെ വരെ തള്ളിപ്പറയും. നവ ലിബറൽ നയങ്ങൾ നടപ്പാക്കിയ പത്തു പതിനഞ്ചു വർഷ കാലത്തെ നമ്മുടെ അനുഭവം ഇങ്ങനെയൊക്കെയാണ്. അതുകൊണ്ടുതന്നെ രജനി എസ് ആനന്ദിൽ നിന്നും ശ്രുതിയിലെത്തുമ്പോൾ ഇത് ഒറ്റപെട്ട സംഭവം അല്ലെന്നു തിരിച്ചറിയേണ്ടതുണ്ട് ഉന്നതവിദ്യാഭ്യാസം അസാധ്യമാവുകയും പാ വല്പെട്ടവനെ വിദ്യാഭ്യാസ മേഖലയിൽനിന്നും ആട്ടിയോടിക്കുന്നതിലേക്കും എത്തിച്ചേർന്നു. നമ്മുടെ വിദ്യാഭ്യാസ മേഖലയെ ജാതി മത കുത്തകകൾക്കും കോർപ്പറേറ്റുസ്ഥാപനങ്ങൾക്കും തീറെഴുതി കൊടുത്തതിന്റെയും സ്വാശ്രയ നയം നടപ്പാക്കിയതിന്റെയും ദുരന്തത്തിലെക്കാണ് എത്തിചെർന്നിരിക്കുന്നത്. യു ഡി എഫ് ഭരിച്ചാലും എൽ ഡി എഫ് ഭരിച്ചാലും വിദ്യാഭ്യാസ മന്ത്രിമാർ മുസ്ലീം ലീഗിന്റേതോ കേരള കോൺഗ്രസിന്റേതോ ,അല്ലെങ്കിൽ മറ്റേതെങ്കിലും സാമുദായിക സംഘടനയിൽ നിന്നോ ആയിരിക്കും .കൂടാതെ സർക്കാരും മാനേജുമെന്റുകളും തമ്മിലുള്ള സീറ്റ് കച്ചവടത്തിനപ്പുറം ഈ മേഖല നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനോ കഴിഞ്ഞിട്ടില്ല.

സ്വാശ്രയ കോളേജുകൾ വിദ്യാഭ്യാസ കച്ചവടത്തെയാണ് ലക്ഷ്യം വെക്കുന്നത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് കേരളത്തിലെമ്പാടും ഉയർന്നു വന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായി കൂത്തുപറമ്പിൽ അഞ്ചു പേരുടെ രക്തസാക്ഷിത്തതിലേക്ക് എത്തിച്ചേരുകയുണ്ടായി .എന്നാൽ പിന്നീട് നാം കാണുന്നത് ആ സമരങ്ങളെ വഞ്ചിച്ചുകൊണ്ട് അഞ്ചോളം സ്വാശ്രയ കോളേജുകൾ ആരംഭിച്ചുകൊണ്ട് മുഖ്യധാര ഇടതുപക്ഷം സ്വാശ്രയ കോളേജിന്റെ വക്താക്കളായി മാറിയതാണ്. പിന്നീട് പുഷ്പഗിരിയും അമൃതയുമുൾപ്പടെയുള്ള വമ്പൻ സ്വാശ്രയ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും കടന്നുവരവോടെ സാധാരണക്കാരുടെ മക്കൾക്ക് ബാങ്കുകളെ ആശ്രയിക്കേണ്ടതായും വന്നു ചേർന്നു. വിദ്യാഭ്യാസം അവനവന്റെ ചുമതലയാണെന്നു വരുത്തി തീർക്കുകയും അതിന്റെ സാമൂഹ്യ സ്വഭാവത്തെ ഇല്ലാതാക്കുകയുമാണ് ചെയ്തത്. തന്മൂലം അഞ്ചും പത്തും ലക്ഷം കേപ്പിറ്റേഷൻ ഫീസ് കൊടുത്ത് പഠിക്കുകയോ അല്ലെങ്കിൽ കേരളത്തിനു പുറത്തുപോയി പഠിക്കുകയോ ചെയ്യേണ്ടതിലേക്ക് മലയാളി എത്തിച്ചേർന്നു.

കടം എടുത്തു പഠിക്കുക, സർക്കാരിനു നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ ആവില്ല, ഇതാണ് പുതിയ കാലത്തെ സർക്കാർ പോളിസി. ലോൺ അടയ്ക്കാനുള്ളവരുടെ പ്രശ്നങ്ങൾ സർക്കാരിനറിയേണ്ട ആവശ്യമില്ല

**കടം എടുത്തു പഠിക്കുക, സർക്കാരിനു നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ ആവില്ല, ഇതാണ് പുതിയ കാലത്തെ സർക്കാർ പോളിസി. ലോൺ അടയ്ക്കാനുള്ളവരുടെ പ്രശ്നങ്ങൾ സർക്കാരിനറിയേണ്ട ആവശ്യമില്ലല്ലോ. ഉപരിപഠനത്തിനു വേണ്ടി ലോണെടുത്ത മൂന്ന് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ഗുരുതരമായ അവസ്ഥയിലേക്ക് എത്തപ്പെടാൻ പോകുകയാണ്.**

ല്ലോ. ഉപരിപഠനത്തിനു വേണ്ടി ലോണെടുത്ത മൂന്ന് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ഗുരുതരമായ അവസ്ഥയിലേക്ക് എത്തപ്പെടാൻ പോകുകയാണ്. പഠിച്ചിറങ്ങിയവർക്ക് തന്നെ ജോലി കിട്ടാതിരിക്കുകയും കിട്ടിയ ജോലിക്കു തന്നെ പരിമിതമായ ശമ്പളം കൊണ്ടും ബുദ്ധിമുട്ടുന്നതിനിടയിൽ തിരിച്ചടവിന്റെ വലിയ ഭാരം അവരെ തീരാ ദുരിതത്തിലേക്ക് തള്ളിവിടുകയാണ്. എത്ര പേർക്ക് തിരിച്ചടക്കാനാവും? , എത്ര എത്ര ഡോക്ടർമാരും എഞ്ചിനീയർമാരും നെഴ്സുമാരും അനുദിനം പുറത്തിറങ്ങുന്നത്. ഇവർക്കൊക്കെ ജോലികൊടുക്കാൻ എവിടെ സർക്കാരിന്റെ കയ്യിൽ മാന്ത്രികവടി, എല്ലാം സ്വാശ്രയ കച്ചവടക്കാർക്ക് വിട്ടു കൊടുക്കുകയും വിദ്യാർത്ഥികളെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കുകയാണ് സർക്കാർ. നെഴ്സിങ്ങ് മേഖലയിൽ ഇന്ന് കിട്ടുന്ന ശമ്പളത്തിന്റെ കണക്കു നോക്കിയാൽ ഒരായുസ് മുഴുവൻ അധ്വാനിച്ചാലും തിരിച്ചടവ് അവർക്ക് പ്രയാസമായിരിക്കും. കൂലി കൂടുതലിനു വേണ്ടി അവർ നടത്തുന്ന സമരം മുഖ്യധാര പ്രസ്ഥാനങ്ങൾ അവഗണിക്കുകയാണുണ്ടായത്. കാരണം ഇത് ഒരു രാഷ്ട്രീയ പരിഹാരം ആവശ്യപെടുന്നുണ്ട്. അത് ഈ നയങ്ങൾ തുടർന്ന് മുന്നോട്ടു കൊണ്ട് പോകണോ എന്നതു തന്നെയാണ്, സമരം ബാങ്കിനെതിരെയല്ല വേണ്ടത് എന്ന് തന്നെയാണ്. അമ്പാടിയും രജനിയും ഫസിലയും വിജിയും ശ്രുതിയും എല്ലാം ആത്മഹത്യ ചെയ്യുന്നത് ആഗോളീകരണ വിദ്യാഭ്യാസനയങ്ങൾ അവരുടെ ജീവിതത്തെ തകർത്തതുകൊണ്ടാണ്. അതിനോടുള്ള പ്രതിഷേധം എന്നനിലക്ക് ഇതൊരു ഘോഷയാത്രയായി തുടരുക തന്നെ ചെയ്യും.. ഇതിനൊരറുതി വരുന്നത് വരെ ....




കൊണ്ടും കൊടുത്തും അനുസരിപ്പിച്ചും പിന്നെ നാല് മിനുട്ടിനുള്ളിൽ അൻപത്തിയൊന്നോളം വെട്ടുകളോടെയും രാഷ്ട്രീയം നടപ്പാക്കേണ്ടതുണ്ട് എന്നു പുരോഗമന പ്രസ്ഥാനമെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു പ്രസ്ഥാനം തീരുമാനിക്കുകയും അങ്ങനെ സോഷ്യലിസത്തിലേക്കുള്ള പാത എളുപ്പമാക്കാമെന്നുമാണ് പാർട്ടി  നയമെങ്കിൽ പിന്നെ 'ഫാസിസ്റ്റു പാർട്ടി ഓഫ് ഇന്ത്യ' എന്ന് പേരുകൂടി മാറ്റുന്നതാവും ഉചിതം.

## ഭീരുക്കളുടെ രാഷ്ട്രീയമാണ്

# ഫാസിസം

**ദിവ്യ ദിവാകരൻ**

'ഞാൻ ഒരു രാഷ്ട്രീയ പ്രവർത്തകനല്ല, എന്നാൽ ഇന്ന് എന്റെ ഉള്ളിൽ രാഷ്ട്രീയം ഉണ്ട്' എന്നൊരാൾ സഖാവ് ടി.പിയുടെ രക്തസാക്ഷിത്വത്തിനു ശേഷം സഖാവ് രമയുടെ മുന്നിൽ ചെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഇന്നത്തെ പൊള്ളുന്ന രാഷ്ട്രീയ സാഹചര്യത്തിൽ ഒരു സാധാരണ മനുഷ്യന്റെ ചിന്തയിൽ നിന്നുയർന്നതാണ്, ആ പ്രതികരണം പ്രതിഷേധവും അതേ സമയം പ്രത്യാശാപരവുമാണ്. അത്രത്തോളം ഒരു ജനതയുടെ ഹൃദയത്തിലേക്കിറങ്ങി ചെല്ലുന്നുണ്ട് സഖാവ് ടി പിയുടെ രക്തസാക്ഷിത്വം. ഒഞ്ചിയത്തിന്റെ മണ്ണിൽ നിന്നും കേരളമാകെ വ്യാപിച്ചു ലോക ചരിത്രത്തിൽ സ്ഥാനം പിടിക്കേണ്ടുന്ന ധീര രക്തസാക്ഷിത്വം. ഇടതുപക്ഷമെന്നിപ്പോഴും ആർത്തു വിളിക്കുന്ന കേരളത്തിലെ മുഖ്യധാരാ ഇടതുപാർട്ടിയുടെ ഫാസിസ്റ്റു നടപടിയിലൂടെ തന്നെയാണ് മറ്റൊരു ഇടതുപക്ഷ പ്രവർത്തകന്റെ രക്തസാക്ഷിത്വവുമെന്നത്

ചരിത്രത്തിലെ വിരോധാഭാസം തന്നെയാകുമ്പോൾ നാം ചിന്തിച്ചു പോകുന്നു, എങ്ങനെയാണ് ഒരു ഇടതുപക്ഷ രാഷ്ട്രീയത്തിന് മറ്റൊരു ഇടതുപക്ഷ രാഷ്ട്രീയത്തെ ഇങ്ങനെ കൊന്നു കുഴിച്ചു മൂടാനാവുക? പുരോഗമന പ്രസ്ഥാനത്തിന്റെ വക്താക്കൾക്ക് എപ്പോഴാണ് ഇതും പുരോഗമനമായി മാറിയത്? ഫാസിസത്തെ വെല്ലുവിളിച്ചിരുന്ന, ജനാധിപത്യത്തെയും സോഷ്യലിസത്തെയും ആശ്ലേഷിച്ചു കൊണ്ട് കടന്നുവന്ന ഒരു പാർട്ടിക്ക് എങ്ങനെയാണ് ഫാസിസത്തിന്റെ പാത തന്നെ സ്വീകരിക്കാനാവുന്നത്?

മുതലാളിത്തപാതയിലേക്കും ജനവഞ്ചനാപരമായ നിലപാടുകളിലേക്കും വോട്ടിന്റെയും അഴിമതിയുടെയും രാഷ്ട്രീയത്തിലേക്കും കൂപ്പു കുത്തുന്ന പാർട്ടിയിൽ നിന്നും പോരടിച്ചു കൊണ്ട്, നേരെ വലതുചേരിയിലേക്ക് ചേക്കേറാതെ, ശരിയായ നിലപാടുമായി, ജനാധിപത്യാധിഷ്ഠിതമായ കൂട്ടായ്മക്ക് രൂപം കൊടുക്കുകയും ശരിയായ ദിശാബോധത്തിലേക്ക് സ്വന്തം ജീവിതത്തിലൂടെ മാതൃകയാവുകയും അതിലൂടെ പോരാട്ടത്തിന്റെ പുതിയ ഇടതുമാതൃക സ്വീകരിച്ചത് കൊണ്ടുമാണ് സഖാവ് ടി പി ചന്ദ്രശേഖരൻ തന്റെ രാഷ്ട്രീയ പ്രതിയോഗികൾക്കു മുന്നിൽ വെല്ലുവിളിയായതും രക്തം കൊണ്ട്, തന്നെ അടയാളപ്പെടുത്തേണ്ടിവന്നതും.

ആർ എസ് എസ് ഭീകരതയെന്നും വലതുപക്ഷ ഭീകരതയെന്നും മുസ്ലീം തീവ്രവാദമെന്നുമൊക്കെ പറഞ്ഞു കൊണ്ട് പല സാഹചര്യത്തിലും നിലവിലുള്ള മുഖ്യധാരാ ഇടതുപക്ഷത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും വിശ്വാസമർപ്പിക്കുകയും ചെയ്തിട്ടുണ്ട് നമ്മൾ. ചരിത്രത്തിലെ പാർട്ടിയുടെ സ്ഥാനത്തിൽ അഭിരമിക്കുന്ന ഒരു കൂട്ടത്തിനു വൈകാരികമായിത്തന്നെ സ്വാധീനം ചെലുത്തുന്ന മാർക്സിസ്റ്റു പാർട്ടിക്കപ്പുറം ഒന്നിൽ മനസ് പ്രതിഷ്ഠിക്കാൻ മറ്റൊന്നും നമുക്ക് മുന്നിൽ ഉണ്ടായിരുന്നില്ലല്ലോ. എന്നാൽ ഒരു ഇടതുബദൽ അന്വേഷണത്തിന്റെയും രൂപീകരണത്തിന്റെയും ഭാഗമായി, വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കമ്മ്യൂണിസ്റ്റാശയങ്ങളോടും അതിലെ തൊഴിലാളിവർഗ്ഗ കാഴ്ചപ്പാടിലും അടിസ്ഥാനപ്പെടുത്തിയ ഒരു ജനതയുടെ വാർത്തെടുക്കലിന്റേതായ പല മുന്നേറ്റങ്ങളും കേരളത്തിന്റെ പലയിടങ്ങളിലും പ്രത്യക്ഷപ്പെടുന്ന സാഹചര്യങ്ങൾ തീർച്ചയായും വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ അപചയം തിരിച്ചറിഞ്ഞ ബോധത്തിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്.

അടിച്ചമർത്തലിന്റെ നിരവധിയായ അനുഭവങ്ങളിലൂടെയാണ് ഈ പ്രാദേശിക കൂട്ടായ്മകളൊക്കെത്തന്നെയും മുന്നേറിയത്. മാനവികതയുടെ രാഷ്ട്രീയം തന്നെയാണ് വ്യവസ്ഥാപിത ഇടതുപക്ഷത്തിനും ഈ പ്രാദേശിക മുന്നേറ്റങ്ങൾക്കുമെങ്കിൽ എന്തു കൊണ്ടാണ് അഴിയൂർ-ചുങ്കം പ്രദേശത്ത് സി.പി.ഐ.എമ്മിന്റെ ചെങ്കൊടി ഉയർത്തിപ്പിടിച്ചു കൊണ്ട് നാല് പതിറ്റാണ്ടോളം നിലയുറപ്പിച്ചിരുന്ന അബ്ദുൽ ഖാദറിന് നേരെ സി.പി.ഐ.എമ്മിന്റെ അക്രമ രാഷ്ട്രീയത്തിന്റെ കരങ്ങൾ ഉയർന്നത്? പിന്നെയും സ. പുതിയെടത്തു ജയരാജൻ ,സ. കെ കെ ജയൻ, കുളങ്ങര സിനീഷ്, എം പി ദാമോദരൻ, സഖാവ് ബാലൻ, (ഈ അടുത്ത സമയത്ത് പാർട്ടി കോടതിയുടെ വിധിയിലൂടെ കൊല്ലപ്പെട്ട ഷുക്കൂറിനെ ഇവിടെ മറക്കാനാവില്ല. പാർട്ടി നേതാക്കളെ തടഞ്ഞു എന്നാരോപിച്ചു കൊണ്ടാണ് കണ്ണൂരിലെ ഷുക്കൂർ എന്ന ഇരുപത്തിയൊന്നുകാരനെ ഇരുനൂറോളം പേരെ സാക്ഷി നിർത്തി ക്രൂരമായി കൊലപ്പെടുത്തിയത്). ഇപ്പോഴിതാ രക്തസാക്ഷിത്വവുമായി സഖാവ് ടി പി ചന്ദ്രശേഖരൻ എന്ന ധീരനായ കമ്മ്യൂണിസ്റ്റും. ഇതിനൊക്കെ ഉത്തരം പറയേണ്ടവർക്ക് അതിനു കഴിയില്ല, കാരണം ശരിയുടെ രാഷ്ട്രീയം ഫാസിസമാണെന്നവർ വിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. എന്തു കൊണ്ടാണിത് സംഭവിക്കുന്നത് എന്ന ചോദ്യം ചോദിച്ചു ചോദിച്ചു പ്രസക്തി നഷ്ടപ്പെട്ടതാണ്. എങ്കിലും ചോദിച്ചു പോകുന്നു. അധികാര രാഷ്ട്രീയത്തിന്റെ സുഖാനുഭൂതിയിൽ, ആമഗ്നമായ ഒരു പാർട്ടിക്ക് അതിൽ നിന്നും വിട്ടു പോകാനാവില്ല എന്നത് തന്നെയല്ലേ കാരണം? ലക്ഷങ്ങൾ ചെലവിട്ട് പാർട്ടി കോൺഗ്രസ് കെങ്കേമമാക്കുമ്പോൾ ഈ കാശെല്ലാം എവിടുന്ന് കിട്ടിയെന്ന് സാധാരണ ജനങ്ങളോട് പറയേണ്ടുന്ന ഉത്തരവാദിത്തതിന്റെ ആശങ്ക തെല്ലുമി



ല്ലാതെ പ്രത്യക്ഷമായിത്തന്നെ തങ്ങൾ സമ്പന്നരുടെതെന്നു വിളിച്ചോതുന്ന പാർട്ടി. ആരിൽ നിന്നാണ് സഖാക്കളെ നിങ്ങളിതിനു കാശ് പിരിച്ചെടുത്തത്? ചോദ്യം നിങ്ങളിൽ വിശ്വാസമർപ്പിച്ച, നിസ്സഹായരായിപ്പോയ ഓരോ സിപിഐഎം വിശ്വാസിയിൽ നിന്നുമാണുയരുന്നത്.

ഭൂതകാലപ്പെരുമയിൽ അഭിരമിച്ചാണോ തങ്ങൾ ഇനിയും അരിവാൾ ചുറ്റിക കാണുമ്പോൾ രക്തം തിളപ്പിക്കേണ്ടത് എന്ന ചോദ്യം കേരളത്തിലെ വളർന്നു വരുന്ന യുവതലമുറയിൽ നിന്നുയരുമ്പോൾ സഖാക്കളേ, നിങ്ങൾ സ്വന്തം വളർത്തിക്കൊണ്ടുവരുന്ന പുതിയ തലമുറയോടാണ് ഉത്തരം പറയേണ്ടി വരിക. അവർ ഭൂതകാലത്തിന്റെയും




വർത്തമാനകാലത്തിന്റെയും പ്രതിനിധികളാണ്. അവർക്ക് ചിന്തിക്കാതിരിക്കാനാവില്ല. ടി.പി.യുടെ രക്തസാക്ഷിത്വം ഉയർത്തുന്ന ചോദ്യങ്ങൾക്കു മുന്നിൽ നിങ്ങൾ ഏതു പ്രത്യയശാസ്ത്രം കൊണ്ടാണ് ഉത്തരം പറയുക? ഞെട്ടലില്ലാതെ കേട്ടുവെന്ന പാർട്ടി സെക്രട്ടറിയുടെ ചങ്കൂറ്റത്തോടെയുള്ള വിളമ്പരം ഹൃദയമില്ലാത്തൊരുത്തന്റെ ജല്പനമെന്നേ കരുതേണ്ടതുള്ളു. അല്ലെങ്കിലും അപ്രതീക്ഷിതമാണെങ്കിൽ മാത്രമല്ലേ ഞെട്ടലുണ്ടാവുകയുള്ളൂ. അതിന് അദ്ദേഹത്തെ തെറ്റുപറയാനാവില്ലല്ലോ. പാർട്ടി ഭേദമന്യേ ഒഞ്ചിയത്തെ വീട്ടിലേക്കൊഴുകുന്ന ജനത്തിന് ഇനിയും ഞെട്ടൽ അടങ്ങിയിട്ടില്ല, ഒഞ്ചിയത്തെ മണ്ണിൽ നിൽക്കുമ്പോൾ നാം അറിയുന്നു ടി പി മരിച്ചിട്ടില്ലെന്ന്. ഒരേ സമയം നേതാവും അതേ സമയം ആത്മബന്ധമുള്ള സുഹൃത്തായും ജീവിച്ച (ആവേശത്തോടെ ടി പിയെ ഓർമിച്ച ഒഞ്ചിയത്തുകാരോട് അസൂയ തോന്നി അപ്പോൾ, അവിടെ ജനിച്ചില്ലല്ലോ എന്നോർത്തുകൊണ്ട്) ധീരനായ ആ മനുഷ്യൻ ഇന്ന് ഒഞ്ചിയത്തിന്റെതു മാത്രമല്ല, മനസാക്ഷിയുള്ള എല്ലാവരും ആ രക്തസാക്ഷിത്വത്തിന്റെ ധീരതയോർത്ത് അഭിമാനിക്കുന്നു. വ്യക്തമായ നിലപാടിലൂന്നി ജീവിച്ച, മരിച്ചിട്ടും തോൽക്കാത്ത, തോൽപ്പിക്കാനാവാത്ത, ജനങ്ങൾക്കു വേണ്ടി നിലകൊണ്ട, ജീവിതം കൊണ്ട് കപട രാഷ്ട്രീയത്തെ വെല്ലുവിളിച്ച , രക്തം കൊണ്ട് അനശ്വരനായ ടി.പി. തീർച്ചയായും ആ രാഷ്ട്രീയം ഒരിക്കലും ഒരു ഇടതുപക്ഷ രാഷ്ട്രീയ വിശ്വാസിക്കല്ല ഭീഷണിയാവേണ്ടത്, കാരണം ഇടതുപക്ഷം ആവുന്നതു തന്നെ ജനങ്ങൾക്കു വേണ്ടി നിലകൊള്ളുമ്പോൾ ആണല്ലോ.

രാഷ്ട്രീയ നിലപാടുകൾ തമ്മിലുള്ള വൈരുദ്ധ്യം വിമർശിക്കപ്പെട്ടും തിരുത്തിയും മുന്നേറുന്ന ഒരു സംയമന രാഷ്ട്രീയത്തിന്റെ പാതവിട്ട് കേരളം ഏറെ പിന്നാക്കം പോയിരിക്കുന്നു. കൊണ്ടും കൊടുത്തും അനുസരിപ്പിച്ചും പിന്നെ നാല് മിനുട്ടിനുള്ളിൽ അൻപത്തിയൊന്നോളം വെട്ടുകളോടെയും രാഷ്ട്രീയം നടപ്പാക്കേണ്ടതുണ്ട് എന്നു പുരോഗമന പ്രസ്ഥാനമെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു പ്രസ്ഥാനം തീരുമാനിക്കുകയും അങ്ങനെ സോഷ്യലിസത്തിലേക്കുള്ള പാത എളുപ്പമാക്കാമെന്നുമാണ് പാർട്ടി നയമെങ്കിൽ പിന്നെ 'ഫാസിസ്റ്റു പാർട്ടി ഓഫ് ഇന്ത്യ' എന്ന് പേരുകൂടി മാറ്റുന്നതാവും ഉചിതം. വലതുപക്ഷ പാർട്ടികളും സങ്കുചിത വർഗ്ഗീയ പാർട്ടികളും മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയത്തെ പോലെ ഭീകരമാണ് ഫാസിസ്റ്റു രാഷ്ട്രീയവും. അപ്പോൾ ഒരേ രാഷ്ട്രീയം പേറുന്നവർ എന്ന നിലയിൽ ടി പി യുടെ രക്തസാക്ഷിത്വം ഇവർക്കെല്ലാമാണ് ഭീഷണിയുയർത്തിയിരുന്നത്. കോൺഗ്രസുകാർ ഈ രാഷ്ട്രീയഹത്യയിൽ മുതലെടുപ്പ് നടത്തുമെന്ന് പറയേണ്ടതില്ല, എന്നാൽ കോൺഗ്രസിന്റെ വലതുപക്ഷ നില പാട് പണ്ടേ തന്നെ നമ്മൾ തിരിച്ചറിഞ്ഞതാണല്ലോ. ഇടതു പക്ഷ വിശ്വാസിക്ക് മരണത്തോടൊപ്പമല്ലാതെ ആ വിശ്വാസം വെടിയാനാവില്ല. ഒരു ചേരിയിൽ നിന്നും മറുചേരിയിലേക്ക് മാറുമ്പോൾ മുൻപുണ്ടായിരുന്നതിൽ കൂടുതൽ എന്തെങ്കിലും കിട്ടണ്ടേ?

എല്ലാ രാഷ്ട്രീയവും കണ്ടും അനുഭവിച്ചും മടുത്തിരിക്കുകയാണ് കേരളത്തിലെ സാധാരണ ജനങ്ങൾ. ടി.പി.യുടെ ജീവിതവും രക്തസാക്ഷിത്വവും ഉണർത്തിയ ഉണർവ്വിന്റെ കരുത്ത് ശരിയുടെ, അനിവാര്യതയുടെ ചരിത്രംകൂടിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. നിങ്ങൾക്ക് ഒരു ചന്ദ്രശേഖരനെ കൊല്ലാൻ കഴിഞ്ഞേക്കും. എന്നാൽ ഇനിയും ഉയർന്നുവരുന്ന ഒരായിരം ചന്ദ്രശേഖരൻമാരെ കൊന്നൊടുക്കാൻ കഴിയില്ല. കാരണം ജനങ്ങൾ നിങ്ങൾക്കൊപ്പം ഇല്ലാത്തിടത്തോളം കാലം നിങ്ങൾക്ക് വെല്ലുവിളിയായി നിരവധിയായ ചന്ദ്രശേഖരൻമാർ ഉയർന്നുകൊണ്ടേയിരിക്കും.



# സെക്രട്ടറി സാറിന്റെ കുടുമവിറപ്പിച്ച കുലംകുത്തി

ഷഫീക്ക് എച്ച്

'അവനവനു വേണ്ടിയല്ലാതെ അപരന്നു ചുടു ചോര ചീന്തി കുലം വിട്ടു പോന്നവൻ രക്തസാക്ഷി ' എന്ന് കവി. എന്നാൽ കുലം വിട്ടു പോന്നവൻ 'കുലംകുത്തി ' എന്നാണു സെക്രട്ടറി സാറിന്റെ പുതുമൊഴി. കുലംകുത്തി എന്നത് പഴയ പ്രയോഗമാണ് .കുലത്തിൽ കുത്തുന്നവനാണ് കുലംകുത്തി . അപ്പോൾ എന്താണ് കുലം ? പണ്ട് പണ്ട് വളരെ പണ്ട് ജന്മിത്തത്തിനുംമുമ്പ് ഇവിടെ നില നിന്നിരുന്ന സമ്പ്രദായമത്രെ കുലം. ജനാധിപത്യമെന്നത് ഇതിന് അന്യമാണ്. കുറെ കുടുംബങ്ങളുടെ കൂട്ടം. അതിനൊരു നേതാവുണ്ടായിരുന്നു. ഗണത്തിന്റെ പതി ഗണപതി എന്നത് പോലെ കുലത്തിന്റെ പതി കുലപതിയാണ്. കുലപതി പറഞ്ഞാൽ കുലം അനുസരിക്കണം. ചോദ്യം അരുത്. നിറവേറ്റൽ മാത്രം ബാധകം. ചോദ്യം ചെയ്യുകയോ ആജ്ഞ നിറവേറ്റുകയോ ചെയ്യാതിരുന്നാൽ അയാളെ വിചാരണ ചെയ്യാം, ശിക്ഷിക്കാം. പ്രാകൃതമായിരുന്നു ശിക്ഷകൾ. ഞാനീ പറയുന്നത് വായിച്ചപ്പോൾ സെക്രട്ടറിയുടെ വാക്കുകൾക്കു അർത്ഥം വെച്ച പോലെ തോന്നുന്നില്ലേ? അതെ

സുഹൃത്തേ. പാർട്ടി കുലം തന്നെയാണ് .ഈ കുലത്തിന്റെ ഘടന ജനാധിപത്യ വിരുദ്ധമാണ്. ഇതിന്റെ ലക്ഷ്യം ഫാസിസം ആണ്. ഈ കുലത്തിൽ കുത്തി പുറത്തു പോകുമ്പോൾ കുലപതിയായ സെക്രട്ടറി കൊല്ലാൻ ആജ്ഞ പുറപ്പെടുവിക്കും, കാരണം കുലത്തിനു പിന്നെ നിലനിൽപ്പില്ല. ആലങ്കാരികമായി ഇങ്ങനെയൊക്കെയാണെങ്കിലും ആധുനിക യുഗത്തിൽ ജീവിക്കുന്ന നമ്മൾ രാഷ്ട്രീയമായി മറുപടി പറയേണ്ടിയിരിക്കുന്നു എന്നതിന് തെളിവാണ് സഖാവ് വി.എസിന്റെ വാക്കുകൾ. അദ്ദേഹം 'കുലം കുത്തലിനെ' ചരിത്രവൽക്കരിച്ചു. 2008ൽ നടന്ന പിളർപ്പിനെ 64ൽ നടന്ന പിളർപ്പിനു സമാനമായാണ് അദ്ദേഹം വിശദീകരിച്ചത്.

**ഡാങ്കെ എന്നത് ഇന്ത്യൻ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ ഒരു വ്യതിയാനം ആണ്. പാർട്ടിയെ വലതു പക്ഷത്തേക്ക് നയിക്കുകയും സോവിയറ്റ് കമ്മൂണിസ്റ്റ് പാർട്ടിയുടെ ആധുനിക തിരുത്തൽ വാദത്തിന്റെ വാലിൽകെട്ടിയിടാൻ ശ്രമിക്കുകയും ആ തിരുത്തൽ വാദത്തെ പാർട്ടിക്ക് മുകളിൽ ഏകപക്ഷീയമായി എകാധിപതിയെപോലെ അടിച്ചേൽപ്പിക്കുകയും ചെയ്തു ഡാങ്കെ.**

നാഷണൽ കൗൺസിലിൽ നിന്നും സഖാവ് മുസാഫിർ അഹമ്മദും അച്യുതാനന്ദനും ഇ.എം.എസും ടി.എൻ റെഡ്ഡിയും ബാസവ പുന്നയ്യയുമടക്കം 32 സഖാക്കൾ ഇറങ്ങി വന്ന് സി പി ഐ എം

വർഗ്ഗങ്ങൾക്കു വേണ്ടി കൊടാനുകോടിയോളം വരുന്ന പാവപ്പെട്ടവരുടെ താൽപര്യങ്ങളെ അടിയറ വെയ്ക്കുന്നതാണത്രേ വർഗ്ഗ വഞ്ചന. ഇതിനെ തിരുത്തൽ വാദമെന്നും പറയുന്നതായി



അപ്പോൾ ഇന്നത്തെ സി പി ഐ എം-നെ അന്നത്തെ സി പി ഐയോടും ഇന്നത്തെ പാർട്ടി സെക്രട്ടറിയെ അന്നത്തെ ഡാങ്കെയോടുമായിരിക്കുമല്ലോ ഉപമ. അദ്ദേഹം അർദ്ധ ശങ്കക്കിടയില്ലാത്ത വിധം അങ്ങനെ തന്നെ ചെയ്തു.

എന്തുകൊണ്ടാണ് ഇത് ചരിത്രപരമായി പ്രസക്തമാവുന്നത്? ഡാങ്കെ എന്നത് ഇന്ത്യൻ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ ഒരു വ്യതിയാനം ആണ്. പാർട്ടിയെ വലതു പക്ഷത്തേക്ക് നയിക്കുകയും സോവിയറ്റ് കമ്മൂണിസ്റ്റ് പാർട്ടിയുടെ ആധുനിക തിരുത്തൽ വാദത്തിന്റെ വാലിൽകെട്ടിയിടാൻ ശ്രമിക്കുകയും ആ തിരുത്തൽ വാദത്തെ പാർട്ടിക്ക് മുകളിൽ ഏകപക്ഷീയമായി എകാധിപതിയെപോലെ അടിച്ചേൽപ്പിക്കുകയും ചെയ്തു ഡാങ്കെ. ഈ തിരുത്തൽ വാദത്തോട് കലഹിച്ചാണ് 1964 ഏപ്രിലിൽ രൂപീകരിച്ചത്. ഇത് ചരിത്രം. ഈ ചരിത്രമാണ് വീണ്ടും ആവർത്തിക്കുന്നത് എന്ന് പറയുമ്പോൾ നാമോർക്കേണ്ടത് ചരിത്രം വെറുതെയങ്ങു ആവർത്തിക്കുകയില്ല. ഒരു ഉയർന്ന തലത്തിലേക്ക് മാത്രമേ ആവർത്തിക്കുകയുള്ളൂ. അപ്പോൾ സഖാവ് അച്യുതാനന്ദൻ പറയുന്നത് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അത്തരത്തിലുള്ള ഒരു ആവർത്തനം എന്നാണ്. ഇത് തന്നെയാണ് ചരിത്ര യാഥാർത്ഥ്യം. (ഇത് തന്നെയാണ് കുലംകുത്തികളുടെ ചരിത്രവും)

വർഗ്ഗ വഞ്ചന എന്നത് ഒരു കമ്മ്യൂണിസ്റ്റിനും സഹിക്കാനാവാത്ത കുറ്റകൃത്യമാണ്. മുതാലാളിമാർക്കു വേണ്ടി, ഭരണ വർഗ്ഗങ്ങൾക്കു വേണ്ടി, അടിച്ചമർത്തുന്ന വരേണ്യ

പാർട്ടി ക്ലാസ്സുകളിൽ അന്ന് പഠിപ്പിച്ചിട്ടുണ്ട് സഖാക്കൾ. അപ്പോൾ കാര്യം ഇങ്ങനെയൊക്കെയാണ്. ഈ അർത്ഥമാണ് നമ്മുടെ പാർട്ടി മുതലാളി കുലംകുത്തിയെന്ന പദം കൊണ്ട് ഉദ്ദേശിച്ചതെങ്കിൽ സർ വിനീതമായിത്തന്നെ പറയട്ടെ താങ്കൾ നുണ പറയുന്നു. സാമ്രാജ്യത്വമെന്നത് ഞങ്ങളുടെ ദൗത്യമാണെന്ന് സ്വന്തം പരിപാടിയിലെഴുതിവെച്ചിട്ടുള്ള ഒരു പാർട്ടിയുടെ സിംഹാസനത്തിലിരുന്ന് നിങ്ങൾ ഇതു പറയുമ്പോൾ ആസനത്തിൽ മുള്ള് കൊള്ളുന്നുവെങ്കിൽ സൂക്ഷിക്കുക, അത് മുള്ളുകളല്ല, നിങ്ങളുടെ ആസനത്തിന്റെ ഭാരം കൊണ്ട് നുറുങ്ങിപ്പോയ ഒരായിരം രക്തസാക്ഷിത്വങ്ങളുടെ എല്ലിൻ കഷ്ണങ്ങൾ കുത്തിക്കയറുന്ന വേദനയാണത്.

ഇത് ഇന്ന് തുടങ്ങിയതല്ല. വളരെ പണ്ട് സഖാവ് ലെനിന്റെ കാലത്ത്. അ



ന്ന് രണ്ടാമത്തെ കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണൽ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ നയിക്കുന്ന കാലം. അന്നതിന് നേതൃത്വം കൊടുത്തിരുന്ന ബേൺസ്റ്റൈനെയും കാറൽ കൗട്സ്കിയെയും നമ്മൾ മലയാളിക്ക് അത്ര പരിചയമല്ലെന്നു കരുതിയാണ് നമ്മുടെ സെക്രട്ടറി ഇത്തരം നുണകൾ അടിച്ചിറക്കുന്നത്. ബേൺസ്റ്റൈനും കാറൽ കൗഡ്സ്കിയും മുതലാളി വർഗ്ഗത്തിനുവേണ്ടി മാർക്സിസത്തെ തിരുത്താൻ തുടങ്ങി. തിരുത്തുക എന്നത് നല്ലൊരു കാര്യമാണ്, തെറ്റുകളാണ് തിരുത്തുന്നതെങ്കിൽ. ഇവിടെ ഈ കേമൻമാർ തിരുത്തിയത് മാർക്സിസത്തിന്റെ ശരികളെയാണ്. ശരികളെ വളച്ചൊടിക്കുകയായിരുന്നു. അങ്ങനെ തൊഴിലാളി വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രത്തെ മുതലാളിമാർക്കുവേണ്ടി തിരുത്തിയെഴുതിക്കൊടുത്തു, ഈ 'കമ്മ്യൂണിസ്റ്റുകൾ'.

ഇവിടെയാണ് നമുക്ക് അൽപ്പമൊന്ന് വാക്കുകളെ പരിശോധിക്കേണ്ടത്. ഇവിടെ ആരാണ് വർഗ്ഗ വഞ്ചകർ? പ്രിയപ്പെട്ടവരെ നെഞ്ചിൽ കൈവെച്ച് ചിന്തിക്കേണ്ടതുണ്ട്. ഇവിടെ ഈ വിശകലനത്തിന് നമുക്ക് ഒരു വികാരവും, വിലങ്ങുതടിയാവരുത്. പാർട്ടിയെ, തൊഴിലാളി വർഗ്ഗത്തെ ആരാണ് ചതിച്ചത്? പാവപ്പെട്ടവന്റെ പാർട്ടി ഇന്ന് സാന്തിയാഗോ മാർട്ടിന്റെ പാർട്ടിയായി അധപ്പതിപ്പിച്ചത് ആരാണ്? അതിനെതിരെ പോരാടിയത് ആരാണ്? ടാറ്റ ഇന്ത്യയിലെ വൻകിട മുതാളിയാണെന്ന് നമുക്ക് ആശങ്കയുണ്ടോ? ആ മുതലാളിക്ക് വേണ്ടി ആയിരക്കണക്കിന് കൃഷിഭൂമി തട്ടിപ്പറിക്കാൻ ശ്രമിച്ചതാരാണ്? അതിനായി പാവപ്പെട്ട കർഷകരെ കൊന്നൊടുക്കിയതാരാണ്? സുഹാർത്തോ ആരായിരുന്നു? ഇന്തോനേഷ്യയിൽ ആയിരക്കണക്കിന് കമ്മ്യൂണിസ്റ്റുകളെ കൊന്നൊടുക്കിയ ഈ സ്വേച്ഛാധിപതിയുടെ ബന്ധുവിന്റെ കുത്തക സ്ഥാപനമായ സാലിം ഗ്രൂപ്പിനു വേണ്ടി ആരാണ് സിങ്കൂരിൽ ജനലക്ഷങ്ങളെ സ്വന്തം കിടപ്പാടത്തുനിന്നു പുറത്താക്കിയത്? (സെക്രട്ടറി തമ്പുരാന് ഇവരെ പെട്ടെന്ന് മനസ്സിലായില്ലെങ്കിൽ ഒരു കാര്യം ഓർമ്മിപ്പിക്കാം. ഇവരെല്ലാം കണ്ണൂരിലെ ചിറക്കൽ തമ്പുരാക്കൻമാരുടെ ബന്ധുക്കൾ മാത്രമാണ്.) ഇവിടെ ചെങ്ങറയിൽ കാടിന്റെ മക്കൾ സമരം ചെയ്തപ്പോൾ അവരെ മൃഗീയമായി പീഡിപ്പിച്ചത് ആരായിരുന്നു? അപ്പോൾ ഇതൊക്കെ ചെയ്ത ഒരു പാർട്ടിയുടെ, അഥവാ കോർപ്പറേറ്റ് സ്ഥാപനത്തിന്റെ മുതലാളിയായി ചമഞ്ഞുകൊണ്ട് നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റിനെ വർഗ്ഗ വഞ്ചകനെന്ന് ആവർത്തിച്ചു വിളിക്കുമ്പോൾ നിങ്ങൾ മലർന്നു കിടന്നു തുപ്പുകമാത്രമാണെന്ന യാഥാർത്ഥ്യം ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. അതിനു മറയിടാൻ വഞ്ചകരായ ഒരു എളമരത്തിനും മാധവനും ഭാസുരേന്ദ്രനുമാവില്ല എന്ന് നിങ്ങൾ തിരിച്ചറിയാതെ പോവുന്നത് ചരിത്രത്തിന്റെ വൈപരീത്യം മാത്രമാണ്.

അതങ്ങനെയാണ്. മുസ്സോളിനിയും ഹിറ്റ്ലറും കരുതിയിരുന്നത് എല്ലാ കാലവും എല്ലാ സത്യവും മറച്ചു വെയ്ക്കാമെന്നും സത്യം ഒരിക്കലും മറനീക്കി പുറത്തു വരില്ല എന്നുമാണ്. അത് കേവലം പകൽ കിനാവു മാത്രമായിരുന്നുവെന്ന് അവർ മനസ്സിലാലാക്കിയത് ജനങ്ങൾ അവരോട് അക്കമിട്ട് മുഴുവൻ കണക്കുകളും തീർത്ത നിമിഷം മാത്രമാണ്. പിണറായി എന്ന വാക്ക് എനിക്കേറ്റവും ഇഷ്ടമേറിയ വാക്കാണ്. അത് പങ്കു വെയ്ക്കുന്ന ചരിത്രത്തിന്റെ ചൂര് നമുക്ക് മറക്കാനാവില്ല. ആ ചരിത്രമാണ് നമ്മുടെ സെക്രട്ടറി മുപ്പതു വെള്ളിക്കാശിനായി ഒറ്റിക്കൊടുത്തിരിക്കുന്നത്. ആ ഒറ്റുകാരനാണ് കമ്മ്യൂണിസത്തിനായി ജീവൻ ബലിയർപ്പിച്ച ധീര രക്തസാക്ഷിത്വത്തെ കാർക്കിച്ചു തുപ്പി അവഹേളിക്കുന്നത്. വാസ്തവത്തിൽ നമുക്കത് സന്തോഷമാണ്. വർഗ്ഗ വഞ്ചകർ യഥാർത്ഥ കമ്മ്യൂണിസ്റ്റുകളെ 'കമ്മ്യൂണിസ്റ്റേ' എന്നു വിളിക്കില്ലല്ലോ. ഇതൊരു മാനദണ്ഡമായെടുക്കാമെങ്കിൽ സഖാവ് ചന്ദ്രശേഖരൻ, അങ്ങയുടെ ധീര സ്മരണയ്ക്കു മുന്നിലെ രക്തപുഷ്പങ്ങൾ മാത്രമാണ് കുലംകുത്തിയെന്ന സെക്രട്ടറിയുടെയും അനുചരവൃന്ദത്തിന്റെയും ആട്ടും തുപ്പും....

**സാമ്രാജ്യത്വമെന്നത് ഞങ്ങളുടെ ദൗത്യമാണെന്ന് സ്വന്തം പരിപാടിയിലെഴുതിവെച്ചിട്ടുള്ള ഒരു പാർട്ടിയുടെ സിംഹാസനത്തിലിരുന്ന് നിങ്ങൾ ഇതു പറയുമ്പോൾ ആസനത്തിൽ മുള്ള് കൊള്ളുന്നുവെങ്കിൽ സൂക്ഷിക്കുക, അത് മുള്ളുകളല്ല, നിങ്ങളുടെ ആസനത്തിന്റെ ഭാരം കൊണ്ട് നുറുങ്ങിപ്പോയ ഒരായിരം രക്തസാക്ഷിത്വങ്ങളുടെ എല്ലിൻ കഷ്ണങ്ങൾ കുത്തിക്കയറുന്ന വേദനയാണത്.**

# കേരള ജനത ടി.പിയ്ക്കൊപ്പമാണ്

**ലാൽ ഷിദീഷ്**



സമരങ്ങളുടെ പാതയിലൂടെയാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വളർന്നുവന്നത്. പുന്നപ്ര വയലാർ സമരങ്ങൾ. ഒഞ്ചിയം ചെറുത്തുനിൽപ്പുകൾ. കയ്യൂരിലെയും കരിവള്ളൂരിലെയും കർഷക സമരങ്ങൾ. കാവുമ്പായിയിലെയും ചിറയ്ക്കലിലെയും കർഷക സമരങ്ങൾ തുടങ്ങിയ സമര പോർമുഖങ്ങളിലൂടെ സഖാക്കളുടെ രക്തം സാക്ഷിയാക്കി വളർന്നുവന്ന പ്രസ്ഥാനം ഇന്ന് സമരങ്ങളുടെ പാത മറക്കുന്നുവെന്നു മാത്രമല്ല ജനകീയ സമരങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്യുന്നു.
ഇടതു സർക്കാറിന്റെ കാലത്ത് കിനാലൂരിൽ പോലീസ് നടത്തിയ നരനായാട്ട് കേരള മനസാക്ഷിയെ ഞെട്ടിച്ചതാണ്. മൂലമ്പിള്ളിയിലെയും ചെങ്ങറയിലെയും സമരങ്ങളോട് മുഖ്യധാരാ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുഖം തിരിച്ചു നിന്നു. കേരളത്തെ മുഴുവൻ ബാധിക്കുന്ന ദേശീയപാത സ്വകാര്യവത്കരണത്തിനെതിരെയുള്ള സമരങ്ങളോടും ശത്രുതാ മനോഭാവമായിരുന്നു മുഖ്യ ധാരാ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക്.

അവിടെയാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ കടമകൾ എന്തൊക്കെയാണെന്നുള്ള ചോദ്യം ഉയർന്നുവരുന്നത്. ഒരു കമ്യൂണിസ്റ്റുകാരന്റെ പോരാട്ടം ജൻമിത്വത്തിനെതിരായിരിക്കണം. മുതലാളിത്തതിനെതിരായിരിക്കണം. സാമ്രാ ജ്യത്വത്തിനെതിരായിരിക്കണം. പാർട്ടി നേതാക്കൻമാർ ആധുനിക ജൻമികളായി മാറുമ്പോൾ, മുതലാളിമാരുടെ ബഡാദോസ്തുക്കൾ ആയി മാറുമ്പോൾ, രാഷ്ട്രീയ ആദർശങ്ങളിൽ വെള്ളം ചേർക്കാത്ത അണികൾ പാർട്ടിയിൽ നിന്നും വിട പറയും. അങ്ങനെ വിട പറയുന്ന ചേർച്ചയുള്ള മാനസങ്ങൾ വീണ്ടും ഒത്തുചേരും. ഇടതുപക്ഷത്തിന് ആഴത്തിൽ വേരോട്ടമുള്ള കേരള മണ്ണിൽ വ്യവസ്ഥാപിത നിലപാടുകളുമായി പുതിയ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉദിച്ചുയരും.

അതാണ് ഒഞ്ചിയം എന്ന രക്തസാക്ഷി ഗ്രാമത്തിൽ നാം കണ്ടത്. തളിക്കുളത്തും ഷൊർണ്ണൂരിലും കുന്ദംകുളത്തും മാവൂരിലും അത്തോളിയിലും പുതിയ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. ഇടതുപക്ഷം എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന പ്രസ്ഥാനങ്ങൾ നിറവേറ്റാത്ത കടമകൾ ഞങ്ങൾ നിറവേറ്റും എന്ന് ലോകത്തോട് വിളിച്ച് പറഞ്ഞുകൊണ്ട്. ഒഞ്ചിയത്ത് റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി രൂപീകരിച്ച വേളയിൽ സ. ടി പി നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞതും അതായിരുന്നു. 'സി പി എമ്മിന്റെ പ്രഖ്യാപിത നിലപാടുകളിൽ ഉള്ള എന്നാൽ സി പി എം നടപ്പാക്കാത്ത നയങ്ങൾ റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് കൊണ്ട് നമ്മൾ നടപ്പിലാക്കും'.

നയപരിപാടികളിൽ ഉറച്ചു നിന്നുകൊണ്ട് ശക്തമായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയായാണ് റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി പ്രവർത്തിച്ചു പോന്നത്. സി പി എമ്മിനുണ്ടായിരുന്ന എല്ലാ വർഗ്ഗ ബഹുജന സംഘടനകളും റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിയ്ക്കുമുണ്ടായിരുന്നു. എസ്എഫ്ഐ (റെവല്യൂഷണറി), ഡിവൈഎഫ്ഐ (റെവല്യൂഷണറി), സിഐടിയു (റെവല്യൂഷണറി), മഹിള അസോസിയേഷൻ (റെവല്യൂഷണറി) തുടങ്ങി നവബാലസംഘം വരെ ആർഎംപിയ്ക്കുണ്ടായിരുന്നു. ടി പി ചന്ദ്രശേഖരൻ എന്ന സംഘാടകനും രക്തസാക്ഷി ഗ്രാമത്തിലെ മനസുകളും ഒത്തുചേർന്നപ്പോൾ ഒരു സ്വപ്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒഞ്ചിയത്ത് ഉടലെടുത്തു. ഒഞ്ചിയത്തുകാർക്ക് ടി പി ഒരു നേതാവായിരുന്നില്ല തങ്ങളിൽ ഒരാളായിരുന്നു. ഖദർ മുണ്ടും ഷർട്ടും ധരിച്ച് അനർഗനിർഗളം പ്രസംഗിച്ച് നേതാവായ വ്യക്തി ആയിരുന്നില്ല ടി പി. ജനങ്ങളുടെ കൂടെ നിന്ന് പ്രവർത്തിച്ച്, സമരങ്ങൾ നയിച്ച്, ഒരു രക്തസാക്ഷി ഗ്രാമത്തിന്റെ മുഴുവൻ മനസ് കീഴടക്കിയ സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു അദ്ദേഹം.
ഇന്ത്യയുടെ സ്വാതന്ത്ര സമരം തൊട്ട് ഫ്രഞ്ച് വിപ്ലവം വരെ നമ്മൾ പഠിച്ചിട്ടുണ്ട്. വാക്കുകൾ കൂട്ടി വായിക്കാൻ കഴിഞ്ഞ പ്രായത്തിൽ. ഒഞ്ചിയം സമരത്തെ കുറിച്ച്, രക്തസാക്ഷികളെ കുറിച്ച് ഒഞ്ചിയത്തുകാർ കേട്ടറിഞ്ഞത് അമ്മയുടെ മുലപ്പാലിന്റെ കൂടെയാണ്. അതു തന്നെയാണ് ഒഞ്ചിയത്തുകാരുടെ രാഷ്ട്രീയ ബോധവും സംസ്ക്കാരവും.

സി പി എമ്മിന്റെ പടിയിറങ്ങി നാല് വർഷം കഴിഞ്ഞിട്ടും വലതുപക്ഷത്തേക്ക് പോവാതെ, തങ്ങളെക്കാൾ കരുത്തരായ ഇടത് പക്ഷമായി റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി വളർന്നു വന്നത് കുറച്ചൊന്നുമല്ല സി പി എം നേതാക്കളെ അലോസരപ്പെടുത്തിയത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപമെടുത്ത സി പി എം വിമത പ്രസ്ഥാനങ്ങളെ കോർത്തിണക്കി ഇടതുപക്ഷ ഏകോപന സമിതിക്ക് രൂപം കൊടുത്തതിൽ പ്രധാനി ആയിരുന്നു ചന്ദ്രശേഖരൻ. ഹിന്ദി മേഖലയിലെ സജീവസാന്നിദ്ധ്യമായ സി പി ഐ (ലിബറേഷൻ), പഞ്ചാബ് സി പി എം, മഹാരാഷ്ട്രയിലെ ലാൽ നിഷാൻ പാർട്ടി തുടങ്ങിയ പാർട്ടികളുമായി ചേർന്ന് അഖിലേന്ത്യ ലെഫ്റ്റ് കോർഡിനേഷൻ കമ്മിറ്റി (എഐഎൽസിസി) രൂപീകരിക്കാനും ടി പി മുൻനിരയിലുണ്ടായിരുന്നു.
പിണറായിയിലെ പാറപ്പുറത്ത് നാലുപേർ ചേർന്ന് രൂപീകരിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരെ കുറഞ്ഞ വർഷങ്ങൾ കൊണ്ട് കേരളം ഭരിച്ച ചരിത്രമറിയുന്ന സി പി എം നേതാക്കൾക്ക് ആർഎംപിയുടെ വളർച്ച തടയേണ്ടത് അവരുടെ നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു. അതിനവർ കണ്ടെത്തിയ മാർഗ്ഗം നേതാവിനെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നു. മനുഷ്യമനസാക്ഷിയിൽ 51 വെട്ടുകൾ ഏൽപിച്ചുകൊണ്ട് അത് അവർ നടപ്പാക്കുകയും ചെയ്തു.
നമ്മുടെ നാട്ടിൽ കമ്മ്യൂണിസ്റ്റ് പച്ച എന്നൊരു ചെടിയുണ്ട്. അപ്പ ചെടി എന്നാണതിന്റെ യഥാർത്ഥ പേര്. ഈ ചെടിയ്ക്ക് ഒരു പ്രത്യേകതയുണ്ട്. എത്ര വെട്ടി മാറ്റിയാലും എത്ര പറിച്ചു കളഞ്ഞാലും വളരെ കുറഞ്ഞ ദിവസങ്ങൾ കൊണ്ട് ഈ ചെടി വീണ്ടും പടർന്നു പന്തലിക്കും. അതു കൊണ്ടാണതിനെ കമ്മ്യൂണിസ്റ്റ് പച്ച എന്നു വിളിക്കുന്നത്. ഒരു കമ്മ്യൂണിസ്റ്റുകാരനെയോ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയോ വെട്ടി മാറ്റാനോ പിഴുതെറിയാനോ കഴിയില്ല. വളരെ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് പൂർവ്വാധികം ശക്തിയോടെ അത് തിരിച്ചുവരും. ഒരു ചന്ദ്രശേഖരനെ വെട്ടിനുറുക്കിയാൽ ആയിരം ചന്ദ്രശേഖരൻമാർ ഉദിച്ചുവരും. ഒരു രക്തസാക്ഷിയുടെയും ചോര പാഴായ ചരിത്രമില്ല.

സഖാവ് ടി പി, നിങ്ങൾ ഉയർത്തിപ്പിടിച്ച രാഷ്ട്രീയം നെഞ്ചിലേറ്റാൻ ഇന്ന് ഒഞ്ചിയത്തെ ജനങ്ങൾ മാത്രമല്ല, കേരള ജനത തന്നെ കൂടെയുണ്ട്. മനസാക്ഷി മരവിച്ചിട്ടില്ലാത്ത കേരള ജനത.

**കേരളീയ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വകാര്യമൂലധന ശക്തികൾ കയ്യേറുന്നതിനു മറയായി പ്രവർത്തിച്ചത് സി പി ഐ എം ആണെന്നും ലെനിനിസ്റ്റ് സംഘടനാ തത്വങ്ങളുടെ ദുരുപയോഗത്തിലൂടെയാണ് ഇത് സാധ്യമായതെന്നും സഖാവ് ടി പി പറയുന്നു. മാർക്സിസം കയ്യൊഴിഞ്ഞ ഒരു പാർട്ടി ലെനിനിസം കൊണ്ട് നടക്കുന്നത് ഫാസിസത്തിന് കാരണമായെന്നും സി പി ഐ എം പോലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളെ വർഗ രാഷ്ട്രീയ വീഥികളിൽ തിരിച്ചെത്തിക്കാൻ കഴിയാത്ത വിധം അവർ അടിസ്ഥാന മാർക്സിസ്റ്റ് ദർശനങ്ങളിൽനിന്നു അകന്നു പോയെന്നും അദ്ദേഹം അടിവരയിടുന്നു.**

# നിർഭയമായ ജീവിതമാണ് സ്വാതന്ത്ര്യം

**കെ.പി. ലിജുകുമാർ**



മാനവികത, സ്വാതന്ത്ര്യം, രാഷ്ട്രീയം, രാഷ്ട്രീയക്കാരൻ, കമ്മ്യൂണിസ്റ്റ് തുടങ്ങിയ പദങ്ങൾക്ക് ജീവിതാർത്ഥങ്ങൾ കൽപ്പിക്കുന്നതരത്തിൽ വഴിത്തിരിവിന്റെ ഭൂമിക സൃഷ്ടിച്ചിരിക്കുകയാണ് പുതിയ കേരളീയ പരിസരം. സഖാവ് ടി പി ചന്ദ്രശേഖരന്റെ രക്തസാക്ഷിത്വം അതിന്റെ വിശാലമായ അർത്ഥങ്ങൾ മുന്നോട്ടുവെയ്ക്കുന്നു. അത് കേരളിയന്റെ രാഷ്ട്രീയ-സാമുഹ്യ ബോധതലങ്ങളെ ഉഴുതുമറിച്ചുകൊണ്ടിരിക്കുന്നു. തെളിമയാർന്ന ഈ അകക്കണ്ണിനെ മൂടിവരിയനുള്ള വെപ്രാളത്തിലാണ് സി പി ഐ എം നേതൃത്വം. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലല്ല ആർ എം പി പ്രവർത്തിക്കുന്നതെന്നും  ചന്ദ്രശേഖരൻ സ്ഥാനമോഹവും പാർലമെന്ററി ആർത്തിയുമുള്ളവനെന്നും സി പി ഐ എം നേതൃത്വം പ്രമേയം പാസാക്കുന്നു. ഇരട്ട ചങ്കുള്ള കമ്മ്യൂണിസ്റ്റ് ആയും കുലത്തിൽ തന്നെയുള്ള ധീരനായ പോരാളിയായും സമൂഹം ഏറ്റുപറയുകയും ജീവിതം കൊണ്ട് അത് സ്വയം അടയാളപെടുത്തുകയും ചെയ്ത ധീരനെയാണ് സി പി ഐ എം നേതൃത്വം കരിപിടിച്ച മനസിലെ കറുത്ത മഷികൊണ്ട് വെളുത്ത കടലാസി

ലെ കറുത്ത കരടാക്കി അവതരിപ്പിക്കുന്നത്. ഇതിനു ടി പി ചന്ദ്രശേഖരൻ തന്നെ മറുപടി കൊടുക്കുന്നുമുണ്ട്. 2012 ജനുവരി ലക്കം ഇടതുപക്ഷം മാസികയിൽ ടി പി എഴുതിയ ലേഖനം രാഷ്ട്രീയവും സംഘടനാപരമായും സി പി എമ്മിനെ വിലയിരുത്തുകയും പുതിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ദിശയെ വ്യക്തമാക്കുകയും ചെയ്യുന്നു.

'1964 ൽ സി പി ഐ എം അംഗീകരിച്ച പാർടി പരിപാടി 2000ൽ തിരുവനന്തപുരത്ത് ചേർന്ന് നടത്തിയ ഭേദഗതികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉന്മൂലനം ചെയ്യാനുള്ള ആസൂത്രിത ഗൂഢാലോചനയായിരുന്നെ' ന്നു ടി പി വിശദീകരിക്കുന്നു. വിദേശ മൂലധനം കണ്ടുകെട്ടണമെന്ന 64ലെ പരിപാടി ഭേദഗതി ചെയ്തു തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ വിദേശ ഫിനാൻസ് മൂലധനം ആകാം എന്ന് പ്രഖ്യാപിച്ചു. പ്രതിഫലമില്ലാതെ ജന്മിത്തം അവസാനിപ്പിക്കണമെന്ന വാദം പരിപാടിയിൽ നിന്ന് നീക്കം ചെയ്തു. വിദ്യാഭ്യാസം പൊതു ഉടമസ്ഥതയിലായിരിക്കണമെന്ന ഭാഗം പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തണമെന്നാക്കി വെള്ളം ചേർത്തു. ഇങ്ങനെ വിദേശ ഫിനാൻസ് മൂലധന ശക്തികൾക്കും ഭൂപ്രഭുത്വത്തിനും മറ്റു കമ്പോള ശക്തികൾക്കും ഇളവും അയവും ചെയ്തുകഴിയുമ്പോൾ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്ത് വിപ്ലവകരമായ കടമയാണ് നിർവ്വഹിക്കാനാവുക എന്ന് ടി പി ചോദിക്കുന്നു. അതുവരെ പാത്തും പതുങ്ങിയും പ്രച്ഛന്ന വേഷങ്ങളിലും അവതരിപ്പിക്കപ്പെട്ട നവസാമ്പത്തിക അജണ്ടകൾ 2000-ലെ പുതുക്കിയ ഈ പരിപാടിയോടെ സി പി ഐ എം നേതൃത്വം അക്രമോത്സുക മാക്കുകയാണ് ഉണ്ടായതെന്ന് അദേഹം വ്യക്തമാക്കുന്നു.

കേരളീയ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വകാര്യമൂലധന ശക്തികൾ കയ്യേറുന്നതിനു മറയായി പ്രവർത്തിച്ചത് സി പി ഐ എം ആണെന്നും ലെനിനിസ്റ്റ് സംഘടനാ തത്വങ്ങളുടെ ദുരുപയോഗത്തിലൂടെയാണ് ഇത് സാധ്യമായതെന്നു സഖാവ് ടി പി പറയുന്നു. മാർക്സിസം കയ്യൊഴിഞ്ഞ ഒരു പാർട്ടി ലെനിനിസം കൊണ്ട് നടക്കുന്നത് ഫാസിസത്തിന് കാരണമായെന്നും സി പി ഐ എം പോലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളെ വർഗ രാഷ്ട്രീയ വീഥികളിൽ തിരിച്ചെത്തിക്കാൻ കഴിയാത്ത വിധം അവർ അടിസ്ഥാന മാർക്സിസ്റ്റ് ദർശനങ്ങളിൽനിന്നു അകന്നു പോയെന്നും അദ്ദേഹം അടിവരയിടുന്നു. വ്യവസ്ഥാപിത ഇടതുപക്ഷം ഉപേക്ഷിച്ചു പോയ വർഗ്ഗസമര പാതകളെ വീണ്ടെടുക്കാനും സോഷ്യലിസ്റ്റ് പ്രയോഗത്തിന്റെ അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാനും മുതലാളിത്ത സാമ്രാജ്യത്വ ചൂഷണ പദ്ധതികൾക്കെതിരെ ലോകത്തെങ്ങും വ്യാപകമാകുന്ന സമരങ്ങളെ നയിക്കാനും ശേഷിയുള്ള ഒരു പ്രസ്ഥാനം കെട്ടി പടുക്കുക എന്ന ത്യാഗനിർഭരമായ ചുമതല ഏറ്റെടുക്കാൻ സഖാവ് ടി പി ആഹ്വാനം ചെയ്യുന്നു.

പ്രത്യയശാസ്ത്രവും രാഷ്ട്രീയവും കയ്യൊഴിഞ്ഞത് ഞങ്ങളല്ലെന്നും അത് അടിമുടി കുഴിച്ചുമൂടിയത് സി പി ഐ എം ആണെന്നുമുള്ള പ്രഖ്യാപനത്തിലൂടെ കഴിഞ്ഞ കാലങ്ങളിൽ ടി പിയുടെ നേതൃത്വത്തിൽ റെവലൂഷണറി മാർക്സിസ്റ്റ് പാർടിയും പുതിയ കാലത്തെ സമരങ്ങൾക്കും സംഘടനകൾക്കും വേണ്ടി അഹോരാത്രം നിർഭയമായ ജീവിതം നയിക്കുകയായിരുന്നു. റെവലൂഷണറി മാർക്സിസ്റ്റ് പാർട്ടി എന്ന പേര് സ്വീകരിക്കുന്നതിനു മുൻപ് ഒഞ്ചിയം വിപ്ലവകാരികളുടെ സംഘടനക്കു മാർക്സിസ്റ്റ് പാർടി എന്നായിരുന്നു പേര്. രജിസ്ട്രേഡ് പാർട്ടി എന്ന നിലയിൽ സി പി ഐ എം ആ പേരിനെ തെരഞ്ഞെടുപ്പു കമ്മിഷനിൽ ചോദ്യം ചെയ്തു. ആ പേരില്ലാതായാൽ പുതിയ പ്രസ്ഥാനം ഇല്ലാതാകും എന്ന് സി പി ഐ എം ബുദ്ധികേന്ദ്രങ്ങൾ കരുതിക്കാണും. മാർക്സിസ്റ്റ് പാർട്ടി എന്ന പേര് ഉപയോഗിക്കുന്നതിൽ നിന്നു തെരഞ്ഞെടുപ്പു കമ്മീഷൻ പുതിയ പ്രസ്ഥാനത്തെ വിലക്കി. എന്നാൽ പുതിയ പ്രസ്ഥാനത്തെ ജനങ്ങളും മാധ്യമങ്ങളും കൂടി റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി എന്ന് വിളിച്ചു തുടങ്ങി. അങ്ങനെ സംഘടന റവലൂഷനറി മാർക്സിസ്റ്റ് പാർട്ടിയായി.

2008ലാണ് ഒഞ്ചിയത്തെ വിപ്ലവകാരികൾ സി പി ഐ എമ്മിൽ നിന്നും പുറത്തുവരുന്നത്. സി പി ഐ എമ്മിന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം നടത്തുന്ന സമയം. നിരവധി ജനകീയ സമരങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന വി എസ് അച്യുതാനന്ദനു നിയമസഭ സീറ്റ് നിഷേധിച്ചതിന്റെ അനുരണനങ്ങൾ വിട്ടു മാറാത്ത സമയം. എം എൻ വിജയന്റെ നേതൃത്വത്തിൽ സി പി ഐ എമ്മിനകത്ത് നാലാം ലോക വാദത്തിനെതിരെ പ്രത്യയശാസ്ത്ര സമരം ഒരു വശത്തും, മൂന്നാർ, ലാവ്‌ലിൻ, സാന്റിയാഗോ മാർട്ടിൻ, ഫാരിസ് അബൂബക്കർ, വിജയ് മല്യ തുടങ്ങി രക്തക്കറ പുരണ്ട ഫിനാൻസ് മൂലധനത്തിന്റെ ഇടനിലക്കാരായി സി പി ഐ എം നേതൃത്വം മാറി, എല്ലാ മറകളും നീക്കി പുറത്തു വന്ന ഘട്ടം. ഈ ഘട്ടത്തിൽ സിപി ഐ എമ്മിനകത്തു നിരവധി ധ്രുവീകരണങ്ങൾ ഉണ്ടായി. അധിനിവേശ പ്രതിരോധ സമിതി, കമ്മ്യൂണിസ്റ്റ് കാമ്പയിൻ, കമ്മറ്റി ഇടതു പക്ഷ ഏകോപനസമിതി തുടങ്ങിയ സംഘടനകൾ ആയും വ്യക്തികള് ആയും സി പി എം നകത്ത് നിന്നും അതിന്റെ നയ വ്യതിയാനങ്ങൾക്കെതിരെ പുറത്തു വന്നു. ഇതിന്റെ ഭാഗം തന്നെയായിരുന്നു ആർ എം പി.

ഇത് തികച്ചും ആശയപരമായിരുന്നു. എന്നാൽ ഇതിനെ സി പി ഐ എം നേതൃത്വം കൈകാര്യം ചെയ്തത് സാങ്കേതികവും സംഘടനാപരവുമായ രീതിയിൽ ആയിരുന്നു. ഒഞ്ചിയത്ത് തന്നെയുള്ള ഒരു ഉദാഹരണം എടുക്കാം. 2003 വർഷം പിണറായി വിജയൻ എന്ന സി പി ഐ എം സംസ്ഥാന സെക്രട്ടറിയുടെ വീടിനെക്കുറിച്ച് വിവാദമുയർന്നു. വസ്തുത അന്വേഷിക്കാൻ പോയ സഖാക്കൾ സുധീഷ്, സജീഷ്


**പ്രത്യയശാസ്ത്രവും രാഷ്ട്രീയവും കയ്യൊഴിഞ്ഞത് ഞങ്ങളല്ലെന്നും അത് അടിമുടി കുഴിച്ചുമൂടിയത് സി പി ഐ എം ആണെന്നുമുള്ള പ്രഖ്യാപനത്തിലൂടെ കഴിഞ്ഞ നാല് വർഷക്കാലം ടി പി യും റെവലൂഷണറി മാർക്സിസ്റ്റ് പാർടിയും പുതിയ കാലത്തെ സമരങ്ങൾക്കും സംഘടനകൾക്കും വേണ്ടി അഹോരാത്രം ത്യാഗ നിർഭയമായ ജീവിതം നയിക്കുകയായിരുന്നു.**

> 'നോക്കിയാൽ പേടിച്ചു പോകുന്ന എന്തായിരിക്കണം അവിടെ ഒളിപ്പിച്ചു വെച്ചിട്ടുണ്ടാവുക? ഈ ചോദ്യങ്ങൾ പലപ്പോഴും എന്നെ വേട്ടയാടി. ഒരു ശത്രുവിന്റെ വീട് പോലെ എന്തിനാണ് ഒരു സഖാവിന്റെ വീടിനെ കണ്ടുന്നതിൽ നിന്നും അകറ്റി നിർത്തുന്നത്? അന്നാദ്യമായി ഞാൻ കീഴാളനാണെന്നും വീട് ഞങ്ങളുടെ ദൃഷ്ടി പതിഞ്ഞാല് തീണ്ടാലുണ്ടാവുന്ന ഒരു മുതലാളിയുടെതാണെന്നും ഞാൻ വിശ്വസിച്ചു.'

എന്നിവരെ പാർടി പുറത്താക്കി. എന്നാൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സെക്രട്ടറിക്ക് എങ്ങനെ ഇത്ര വലിയ വീടുണ്ടായി എന്നും സ്വകാര്യ സ്വത്തും വ്യക്തി താല്പര്യവും പാർടി നേതൃത്വത്തിന് കീഴടങ്ങിയതെങ്ങനെയെന്നും പരിശോധിക്കാൻ തയ്യാറായില്ല . എസ്.എഫ്.ഐ നേതാവും മടപ്പള്ളി കോളേജ് യൂണിയൻ ചെയർമാനുമായിരുന്ന ലിജീഷ് കുമാർ ഈ നടപടിയെ കുറിച്ച് ഇങ്ങനെ എഴുതി. "നോക്കിയാൽ പേടിച്ചു പോകുന്ന എന്തായിരിക്കണം അവിടെ ഒളിപ്പിച്ചു ഒളിപ്പിച്ചു വെച്ചിട്ടുണ്ടാവുക? ഈ ചോദ്യങ്ങൾ പലപ്പോഴും എന്നെ വേട്ടയാടി. ഒരു ശത്രുവിന്റെ വീട് പോലെ എന്തിനാണ് ഒരു സഖാവിന്റെ വീടിനെ കണ്ടുന്നതിൽ നിന്നും അകറ്റി നിർത്തുന്നത്? അന്നാദ്യമായി ഞാൻ കീഴാളനാണെന്നും വീട് ഞങ്ങളുടെ ദൃഷ്ടി പതിഞ്ഞാൽ തീണ്ടലുണ്ടാവുന്ന ഒരു മുതലാളിയുടെതാണെന്നും ഞാൻ വിശ്വസിച്ചു." തികച്ചും സംഘടനാപരമായ നടപടിയിലൂടെ ആ സംഭവത്തെ അവസാനിപ്പിക്കാൻ നോക്കിയ പാർട്ടിക്ക് പിന്നീട് അകത്തും പുറത്തുമായി ഇത്തരം ചോദ്യങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. എം പി പരമേശ്വരൻ ഉയർത്തിയ നാലാം ലോക വാദവും ഫാരിസ് അബൂബക്കറുമായുള്ള ബന്ധവും ഒക്കെ ഉയർത്തിയ രാഷ്ട്രീയ പ്രശ്നങ്ങൾ കേരളീയ സമൂഹത്തിൽ സി പി ഐ എമ്മിനെതിരായ പൊതു ബോധം രൂപപ്പെടുത്തി. ഇതാകട്ടെ സി പി ഐ എം വലതുപക്ഷ വൽക്കരിക്കപ്പെട്ടിരിക്കുകയും കമ്മ്യൂണിസ്റ്റു പാർടി അല്ലാതായിത്തീരുകയും ചെയ്തതാണ്. ടി പി യുടെ വധത്തിനു ശേഷം ജനങ്ങളും പാർടിയും തമ്മിലുള്ള വൈരുധ്യം മൂർഛിച്ച ഘട്ടത്തിൽ ആണ് വി എസ്, ആർ എം പി യുടെ രൂപീകരണത്തെ 64 ലെ പിളർപ്പിനോടും ടി പി ധീരനായ കമ്മ്യൂണിസ്റ്റെന്നും പ്രസ്താവിക്കുന്നത്. ഇതിനു മറുപടി പറയാൻ കഴിയാത്ത വിധം സി പി ഐ എം പ്രതിരോധത്തിലായിരിക്കുന്നു.

ഇതിനെ രാഷ്ട്രീയമായി വിശദീകരിക്കാൻ കഴിയാത്തതിനാലാണ് ചന്ദ്രശേഖരൻ സ്ഥാന മോഹിയാണെന്നും ആർ എം പിയ്ക്ക് പ്രത്യയശാസ്ത്ര അടിത്തറയില്ലെന്നും സി പി ഐ എമ്മിനു വിശദീകരിക്കേണ്ടിവരുന്നത്. ആർ എം പിയുടെ സമ്മേളനത്തിൽ പാസാക്കപ്പെട്ട പ്രമേയങ്ങളും ചന്ദ്രശേഖരന്റെ ലേഖനങ്ങളും ഇടപെട്ട സമരങ്ങളും അവർക്ക് അറിയാത്തത് കൊണ്ടല്ല. സി പി ഐ എം നേതൃത്വത്തിനെതിരെ അന്വേഷണം നീങ്ങുമ്പോൾ നേതാക്കളെ അറസ്റ്റുചെയ്താൽ പാർട്ടി തീപ്പന്തമാകുമെന്നും പാർട്ടി ഓഫീസുകളെ പരിശോധനയ്ക്ക് വിധേയമാക്കിയാൽ കോൺഗ്രസ് ഓഫീസുകൾ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നും സി പി ഐ എം നേതൃത്വം വെല്ലുവിളി ഉയർത്തിയിരുന്നു. എന്നാൽ ഈ വെല്ലുവിളി ചുങ്കപ്പാതയ്ക്കെതിരെ ഉയർത്താനും ടോൾ പിരിവു കേന്ദ്രങ്ങൾ ഉപരോധിക്കാനും സി പി ഐ എമ്മിനു കഴിയുമോ? അംഗങ്ങളും അനുഭാവികളുമായി ലക്ഷക്കണക്കിനാളുകൾ ഉണ്ടായിട്ടും സമരോത്സുകമായൊരു ജനതയെ അതിൽ നിന്നും വിലക്കിയിരിക്കുന്നത് സി പി ഐ എമ്മിന്റെ അരാഷ്ട്രീയതയാണ്.

ഇനി ടി പി വധത്തിന്റെ അന്വേഷണത്തെ സി പി ഐ എം വെല്ലുവിളിക്കുന്നത് നോക്കാം. സാമൂഹികമായി ഒറ്റപ്പെട്ട സി പി ഐ എം അണികളെ ഒപ്പം നിർത്താൻ പുതിയൊരു സമ്മർദ്ദ തന്ത്രം മെനയുകയാണ്. കണ്ണൂരിലെ കോൺഗ്രസിനെ പ്രതിരോധത്തിലാക്കി കേസ് അന്വേഷണത്തെ അട്ടി മറിക്കാൻ കഴിയും എന്നാണു സി പി ഐ എം കരുതുന്നത്. എന്നാൽ യു ഡി എഫ്, എൽ ഡി എഫ് മുന്നണികളുടെ ചക്കളത്തിപോരാട്ടങ്ങൾക്ക് വിട്ടു കൊടുക്കാതെ ടി പിയുടെ രക്തസാക്ഷിത്വത്തെ ജനകീയ പൊതു ബോധം, ഈ മുന്നണികളെ വെല്ലു വിളിക്കുന്നുണ്ട്. ഇതിനെ മുന്നോട്ടു കൊണ്ട് പോകണമെങ്കിൽ ഈ ജനകീയ പൊതുബോധത്തിൽ നിന്നും ടി പി ഉയർത്തിയ രാഷ്ട്രീയതത്തെ ഒരു പടി കൂടി ഉയർത്താൻ പുരോഗമന ജനാധിപത്യ ശക്തികൾക്ക് കഴിയണം. മാനവികതയുടെയും സ്വാതന്ത്ര്യത്തിന്റെയും സന്ദേശം ആണ് ടി പിയുടെ രക്തസാക്ഷിത്വം ഉയർത്തിയത്. ചൂഷണ രഹിതമായ, വ്യക്തിതാൽപര്യങ്ങൾക്കതീതമായ മാനവികത ഉയർത്തിപ്പിടിക്കാൻ കമ്മ്യൂണിസ്റ്റുകാർക്കേ സാധ്യമാവൂ. അങ്ങനെ ധീരനായ കമ്മ്യൂണിസ്റ്റായി, 'സ്വാതന്ത്ര്യമെന്നാൽ നിർഭയമായ ജീവിതം ആണെന്ന് ടി പി ജീവിതം കൊണ്ട് അടിവരയിടുന്നു'



# ഇടതു ബദലെന്ന കടമയാണ്

# ടി.പി. ഞങ്ങളിൽ അർപ്പിച്ചത്



**ആൽബിൻ**

എത്ര ധാർഷ്ഠ്യത്തോടെയാണ് സി.പി.ഐ.എം-ഉം പിണറായി വിജയനും കേരളത്തിലെ ജനതയോട് യുദ്ധം പ്രഖ്യാപിക്കുന്നത്. കേരളം ഇന്ത്യയുടെ ഭാഗമാണെന്നും ഇന്ത്യ ഭരണഘടനയിലെങ്കിലും ജനാധിപത്യം എഴുതി വെച്ചിരിക്കുന്ന രാജ്യമാണെന്നുള്ള യാഥാർത്ഥ്യത്തിലേയ്ക്ക് സി.പി.ഐ.എം നേതൃത്വം എത്തുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതിനു കാരണം അതിന്റെ കുലം തന്നെയാണ്. അത് ഇന്ന് രാഷ്ട്രീയ പ്രയോഗം നടത്തുന്നത് മാർക്സിസം-ലെനിനിസത്തിൽ നിന്നല്ല . മുസോളിനിയിൽ നിന്നും ഹിറ്റ്ലറിൽ നിന്നും പോൾ പോട്ടിൽ നിന്നുമാണ്. അതാണ് ജനാധിപത്യത്തിനെതിരായി കുലത്തെ കുറിച്ച് പറയുന്നത്. കുലത്തിന്റെ സിദ്ധാന്തം നമുക്ക് പറഞ്ഞു തന്നത് മനുവും ചാണക്യനുമാണ്. ചാണക്യതന്ത്രമാണിന്നു പാർട്ടിയെ നയിക്കുന്നത്. അത് കൊണ്ടാണ് തങ്ങളുടെ കൂടെ പ്രവർത്തിച്ച സഖാവിനെ, ഭിന്നാഭിപ്രായം മുഖം നോക്കി വിളിച്ചു പറഞ്ഞ മനുഷ്യ സ്നേഹിയെ, പോരാടുന്ന ജനതയുടെ, പണിയെടുക്കുന്നവന്റെ പടപ്പാട്ടുകാരനായ ധീര കമ്മ്യൂണിസ്റ്റിനെ നാല് മിനുട്ടിനുള്ളിൽ അമ്പത്തിയൊന്നു വെട്ടു കൊണ്ട് തലച്ചോറ് അതി നിഷ്ഠൂരമായി ചിന്നി ചിതറിച്ച് നിശ്ചലമാക്കിയത്.

തലച്ചോറിനോട്, ശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ മസ്തിഷ്കത്തോട് എന്നും ഭരണവർഗത്തിന് വിരോധമാണ്. അതുകൊണ്ടാണ് സോക്രട്ടീസിന് വിഷം നൽകിയപ്പോൾ ആ മസ്തിഷ്കം തകരണമെന്നു ഭരണകർത്താക്കൾക്ക് നിർബന്ധമുണ്ടായിരുന്നത്. യേശുവിനു മുൾക്കിരീടം സമ്മാനിച്ചത്. 'ഇവന്റെ മസ്തിഷ്കം ഇനി 20 കൊല്ലത്തേക്ക് പ്രവർത്തിക്കരുത് ' എന്നാണു ഗ്രാംഷിയെ തടവറയിൽ തള്ളുമ്പോൾ മുസോളിനി ആക്രോശിച്ചത്....ഹോ! എന്തൊരതിശയം! എന്ത് ബീഭത്സമീ ചരിത്രാവർത്തനം.

പ്രിയ സഖാക്കളെ, നമ്മൾ സംസാരിക്കേണ്ടത് കുലത്തെ കുറിച്ചാണോ വർഗത്തെ കുറിച്ചാണോ എന്നതാണ് ആദ്യം പരിശോധിക്കേണ്ട വിഷയം. കമ്മ്യൂണിസ്റ്റുകാർ എന്നും കുലം നിഷേധികൾ ആണു. അവർക്ക് വർഗമാണ് പ്രധാനം, വർഗമെന്നത് പാർട്ടി മാനേജരുടെ ശിങ്കിടികൾ അല്ല. തൊഴിലാളി വർഗമെന്നത് സ്വന്തം അധ്വാനമല്ലാതെ മറ്റൊന്നുമില്ലാത്തതും മിച്ച മൂല്യം സൃഷ്ടിക്കുന്നതുമായ, പണിയെടുക്കുന്ന വിഭാഗം എന്ന് മാർക്സിസം പറഞ്ഞപ്പോൾ ഈ ശിങ്കിടികളെ തൊഴിലാളി വർഗ്ഗമായി പാർട്ടി സെക്രട്ടറി തെറ്റി ധരിച്ചുവോ? ശരിയാണ് സർ, ഈ ശിങ്കിടികൾ അധ്വാനിക്കുന്ന വർഗം തന്നെയാണ്. ദയവു ചെയ്ത് ഇവരെ തൊഴിലാളിവർഗത്തിലല്ല അറക്കവാൾ വർഗത്തിൽ ആണ് ഉൾപ്പെടുത്തേണ്ടത്. കാരണം ഇവർക്ക് കൊയ്യാനുള്ളത് കമ്മ്യൂണിസ്റ്റുകാരുടെ തലകൾ ആണ്. പണിയാനുള്ളത് പാർട്ടിയുടെ സ്വർഗ്ഗ ലോകം ആണ്. നാട്ടാനുള്ളത് ഫാസിസത്തിന്റെ ആത്മാവ് കുടിയിരുത്തപ്പെട്ട ചെങ്കൊടിയാണ്.

ആ അറക്കവാൾ വർഗത്തെ ഉപയോഗിച്ച് നിങ്ങൾ കൊയ്തെറിഞ്ഞത് ധീരനായ കമ്മ്യൂണിസ്റ്റിനെയാണെങ്കിൽ നിങ്ങൾ പടച്ചു വിടുന്നത് തോറ്റുതരാൻ മനസില്ലാത്ത ചങ്കുറ്റമുള്ള കോടാനുകോടി ചന്ദ്രശേഖരന്മാരെയാണ്. നിങ്ങളുടെ ശവപ്പെട്ടിയിലെ അവസാനത്തെ ആണിയും തറയ്ക്കാതെ അവരടങ്ങുകയില്ല. ഓർമ്മകൾ നന്ന്. ചരിത്രം അങ്ങനെയാണ്. ഒരു ഫാസിസ്റ്റു തേർവാഴ്ചയും അധികനാൾ അരങ്ങു വാണിട്ടില്ല . മുസോളിനിക്കുണ്ടായ വിധി ചരിത്രത്തിൽ ഇടം പിടിക്കുന്നത് നിങ്ങൾക്കുള്ള താക്കീതായാ



ണ് . എത്ര ഗീബൽസൻമാരെ നിങ്ങൾ പടച്ചുവിട്ടും കാര്യമില്ല. അതൊക്കെ കേവലം മണൽ തിട്ടകൾ മാത്രാമായി അവശേഷിക്കും. ഏതു കൊളോസിയത്തിൽ നിങ്ങൾ പോരയാളിച്ചാലും തിപ്പന്തമായല്ല, തിളങ്ങിന്ന സൂര്യൻ ആയി കടന്നു വരും, കരുതിയിരിക്കുക . നിങ്ങൾ പറയുന്നു ഞങ്ങൾ സി പി ഐ എംനെ തകർക്കാനായി നിൽക്കുന്നവർ ആണെന്ന്. തീർച്ചയായും നിങ്ങൾ പറയുന്നത് ശരിയാണ്. എന്നാൽ ഞങ്ങൾ വ്യക്തികളെ ഉന്മൂലനം ചെയ്യാനല്ല മറിച്ചു സി പി ഐ എം മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയത്തെ തകർക്കാൻ തന്നെയാണ് നിലകൊള്ളുന്നത്. എന്ത് കൊണ്ടാണത്? കാരണം സി പി ഐ എം ഒരു വലതുപക്ഷ പാർട്ടി മാത്രമാണ്. പണിയെടുക്കുന്ന വർഗത്തെ ഇവിടുത്തെ സമ്പന്നനു വേണ്ടി കുരുതി കൊടുക്കുന്ന പാർട്ടിയാണതെന്ന് ബംഗാളിൽ നാം കണ്ടതാണ്. സ്വന്തം വർഗത്തെ കശാപ്പ് ചെയ്യാൻ അവർക്കൊരു മടിയുമുണ്ടായില്ല. അതേ നിഷ്ഠൂരത തന്നെയാണ്, അതേ കഠിന കഠോര ഹൃദയം തന്നെയാണ്, അതേ വഞ്ചനയുടെ മൂർത്തിമദ്ഭാവമാണ് ആ പാർട്ടി സഖാവ് ടി പി യെ 30 വെള്ളി കാശിനായി വക വരുത്തിയപ്പോഴും കണ്ടത്.

ഒരു മർദ്ദനത്തിൽ അവസാനിക്കാവുന്ന ശരീരത്തിൽ 51 വെട്ടു വെട്ടുന്നതിന്റെ ആവശ്യകത എന്താണ്, ഈ ഭയപ്പെടുത്തൽ അല്ലാതെ? അത്തരത്തിലുള്ള ഒരു പാർട്ടി, ഒരു ജനാധിപത്യ സമൂഹത്തിനു ഉൾക്കൊള്ളാനാവുന്നതാണോ? ഒരു ജനാധിപത്യ പാർട്ടി പോലുമാകാത്ത ഈ പാർട്ടിക്കെങ്ങനെ സോഷ്യലിസം കൊണ്ട് വരാൻ ആകുമെന്ന് ഇനിയും നമ്മൾ ചോദിച്ചില്ല എങ്കിൽ നമ്മൾ ചരിത്രത്തോട് ചെയ്യുന്ന അനീതിയാകും.

കോൺഗ്രസ് ഒരിക്കലും ആഗ്രഹിക്കില്ല സി പി ഐ എം തകരണമെന്ന്. കാരണം ഇന്ത്യയിലെ ഏറ്റവും ശക്തമായ സേഫ്ടി വാൽവ് ആണ് സി പി ഐ എം. ഇന്ത്യയിലെ വിപ്ലവ പ്രവർത്തനത്തിന് ഏറ്റവും വലിയ തടയണയാണിത്. കാരണം വിപ്ലവത്തെ സ്നേഹിക്കുന്ന, കമ്മ്യൂണിസത്തെ സ്നേഹിക്കുന്ന, ചെങ്കൊടിയെ നെഞ്ചോടണക്കുന്ന ജന ലക്ഷങ്ങളെ വിപ്ലവത്തിൽ നിന്നകറ്റുന്ന പ്രസ്ഥാനം ആണത്. അത് കൊണ്ടാണ് പല രാഷ്ട്രീയ സന്ദർഭങ്ങളിലും കോൺഗ്രസ് സി പി ഐ എംനോട് കൂട്ടുകൂടുന്നതും സഹായം അഭ്യർത്ഥിക്കുന്നതും. അതുകൊണ്ട് തന്നെയാണ് ഇവിടത്തെ കോൺഗ്രസ് പ്രതിസന്ധിയിൽ ആകപ്പെടുമ്പോൾ സി പി ഐ എമ്മിനു വിറളി പിടിക്കുന്നതും. യു പി എ സർക്കാർ തൂക്കു പാർലമെന്റിലേക്ക് പോകുമ്പോൾ ഇവിടത്തെ അധികാരി വർഗത്തിനുണ്ടാകുന്ന അനിശ്ചിതത്വത്തെ, പ്രതിസന്ധിയെ പരിഹരിക്കാൻ സുർജിത് സഖാവ് ഡൽഹിയിലെ കോൺഗ്രസ് മണിമാളികകൾ തോറും ഓടി നടന്നത് ഇവിടെ ആരും മറന്നിട്ടില്ല.. പാർലമെന്റിൽ സീറ്റ് എണ്ണം കൂട്ടാൻ, വിദ്യാഭ്യാസ മാഫിയ കളിക്കുന്ന മെത്രാന്മാരുടെയും ഉസ്താതുമാരുടെയും എൻ എസ് എസ്/ എസ് എൻ ഡി പി മുതലായ മത ശക്തികളുടെയും അരമന കയറുന്ന സി പി ഐ എമ്മിനു ശരിയായ ഇടതു ബദലിനായി പോരാടുന്ന കമ്മ്യൂണിസ്റ്റുകാരെ വിമർശിക്കാൻ എന്ത് ധാർമികാവകാശം.? അപ്പോഴൊക്കെ ഈ വലതു ശകതികൾ, വലതു ശകതികൾ അല്ലാതായി ത്തീർന്നോ? ഇവർ വിപ്ലവ കമ്മ്യൂണിസ്റ്റുകൾ ആയിരുന്നോ? എന്തിനു? പി ഡി പി ക്കാരനും സോളിഡാരിറ്റിമൊക്കെയായി വരെ അധികാരം പങ്കിടാൻ ഇവർക്ക് മടിയില്ല എന്നതാണ് നേര് . ആ സി പി ഐ എം ആണ് ടി പി ചന്ദ്രശേഖരൻ എന്ന കറകളഞ്ഞ കമ്മ്യൂണിസ്റ്റിനെ കള്ളൻ എന്ന് വിളിക്കുന്നത്. അദ്ദേഹത്തിന്റെ ധീരയായ ജീവിത സഖാവിന്റെ വാക്കുകളെ ഭർത്താവ് മരിച്ച ഒരു സ്ത്രീയുടെ ജൽപനങ്ങൾ ആണെന്ന് പറഞ്ഞു അധിക്ഷേപിച്ചു. എത്ര മാത്രം സ്ത്രീ വിരുദ്ധമാണ് നിങ്ങളുടെ പാർട്ടി എന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു. ഒരു സ്ത്രീയ്ക്ക് ഇത്തരം സാന്നിദ്ധ ഘട്ടത്തിൽ ധീരമായ നിലപാട് എടുക്കാൻ കഴിയില്ലെന്ന് നിങ്ങളെ പഠിപ്പിച്ച മാടമ്പി ആരാണ് സർ? ഇത് കേൾക്കുന്ന അനേകായിരം സ്ത്രീകൾ ഉണ്ട്, അവർ ഈ പാർട്ടിയെ കാർക്കിച്ചു തുപ്പും.

ഇപ്പോൾ നിങ്ങൾ പറയുന്നു സ്ഥാനമോഹിയാണ് ചന്ദ്രശേഖര നും അദ്ദഹേത്തിന്റെ സഖാക്കളുമെന്നു. ഏതു സ്ഥാനമാണ് സുഹൃത്തുക്കളെ ചന്ദ്രശേഖരൻ മോഹിച്ചത്? അങ്ങനെ സ്ഥാനം മോഹിച്ചിരുന്നുവെങ്കിൽ അദ്ദേഹം സി പി ഐ എംൽ തുടരുമായിരുന്നു .അല്ലെങ്കിൽ കോൺഗ്രസിൽ പോകുമായിരുന്നു. അങ്ങനെ പലരും പോയല്ലോ, എം വി രാഘവനും ഗൗരിയമ്മയും അടക്കം ഏറ്റവും അവസാനമായി സെൽവ്വ രാജും. അവർക്ക് സ്ഥാനമാനങ്ങൾ കിട്ടി. അങ്ങനെ പോയിരുന്നുവെങ്കിൽ ഞങ്ങളുടെ ടി പി ഇപ്പോഴും ഈ ഭൂമിയിൽ ജീവനോടെ അവശേഷിച്ചേനെ. നിങ്ങൾക്കെളുപ്പം അദ്ദേഹത്തെ തോൽപ്പിക്കാനാവുമായിരുന്നു . നോക്കൂ ഇന്ന് നിങ്ങൾ നേരിടുന്ന പ്രതിസന്ധി എന്ത് കൊണ്ടാണ്? എന്ത് കൊണ്ടാണ് കേരള ജനത ടി പി ക്ക് വേണ്ടി ഹൃദയാശ്രു പൊഴിക്കുന്നത്? ടി പി വലതു പക്ഷത്തേക്ക് കൂറ് മാറിയ വലതനല്ല, മറിച്ചു സാമ്രാജ്യത്വത്തിനെതിരായി , അധീശ വർഗങ്ങൾക്കെതിരായി , പണിയെടുക്കുന്നവന്റെ, സാധാരണക്കാരന്റെ താല്പര്യം ഉയർത്തി പിടിച്ച ധീരനായ കമ്മ്യൂണിസ്റ്റാണ്. അവൻ രക്തസാക്ഷിത്തം വരിച്ചത് ഞങ്ങൾക്കൊരു കടം ബാക്കി വെച്ചിട്ടാണ് . ഇവിടത്തെ വർഗവഞ്ചകരായ സി പി ഐ എം മുതലായ കപട ഇടതു പക്ഷത്തിനും കൊൺഗ്രസിനും ബി ജെ പി യും മറ്റു വർഗീയ പാർട്ടികൾ അടങ്ങുന്ന വലതു പക്ഷത്തിനുമെതിരെ, പാവപ്പെട്ടവനു വേണ്ടി അവന്റെ ജീവിത സ്വപ്നങ്ങൾക്ക് വേണ്ടി ഒരു ഇടതു ബദൽ രൂപപ്പെടുത്തുക എന്ന ഭാരിച്ച കടം. ആ കടം ഞങ്ങൾ നിറവേറ്റുക തന്നെ ചെയ്യും.

# സഖാവ് ചന്ദ്രശേഖരൻ ധീരനായിരുന്നു

**വിനീത് നായർ**

സഖാവ് ചന്ദ്രശേഖരൻ വധം സമകാലികരാഷ്ട്രീയത്തിൽ ഇത്രയേറെ ചർച്ച ചെയ്യപ്പെടുന്നത് കേവലം ഒരു തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടതു കൊണ്ടു മാത്രമല്ല. അതിന്റെ രാഷ്ട്രീയപക്ഷം ഇവിടുത്തെ ഇടതുപക്ഷത്തിന്റെ ജീർണ്ണതകളെയും അപചയങ്ങളെയും പുറന്തള്ളുന്നതു കൊണ്ടു കൂടിയാണ്. സത്യത്തിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റുകൾക്ക് ആരായിരുന്നു ചന്ദ്രശേഖരൻ? പാർട്ടിയുടെ നയപരമായ വ്യതിയാനങ്ങളിലും, വലതുവത്കരണത്തിലും പാർട്ടിയെ ഉപേക്ഷിക്കുമ്പോൾ ചന്ദ്രശേഖരൻ ഇത്രമാത്രം ശക്തനാവുമായിരുന്നു എന്നാരും ചിന്തിച്ചില്ല. എന്നാൽ തന്നിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റിന്റെ ചെറുപുഞ്ചിരിയും, സോഷ്യലിസ്റ്റ് ചിന്താധാരകളും ഒഞ്ചിയത്തെ മാത്രമല്ല കോഴിക്കോട്ടെ നിരവധി സി.പി.എം പ്രവർത്തകരെയും അനുഭാവികളെയും തുറന്ന് ചിന്തിക്കാൻ പ്രേരിപ്പിച്ചു. ആ ചിന്തകളുടെ നിരന്തരമായ പ്രഹരങ്ങളാണ് ഇന്ന് സി.പി.എം നേതൃത്വം ഇവിടെ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നതും.

അനേകം വിപ്ലവപാതകളും വിമതപാതകളും നാം ചരിത്രത്തിൽ വായിച്ചറിഞ്ഞിട്ടുണ്ട്. അതൊക്കെ തന്നെ ഒരു പ്രദേശത്തെ മാത്രമല്ല, ഒരു രാജ്യത്തെയാകമാനം മാറ്റിയതും നമ്മൾ കണ്ടിരിക്കുന്നു. ക്യൂബയും, റുമാനിയയുമൊക്കെ അതിൽ ചിലതുമാത്രം. അതുകൊണ്ട് തന്നെ കേരളത്തിലെ ഒഞ്ചിയമെന്ന ഈ 'ലിറ്റിൽ ക്യൂബ'യെ നെഞ്ചോട് ചേർത്തുവച്ച സഖാവ് ടി.പി തന്നോടൊപ്പം നിന്നവർക്ക് പങ്ക് വച്ചത് നിറഞ്ഞ സ്നേഹവും ഒരിക്കലും അണയാത്ത വിപ്ലവജ്വാലകളുമായിരുന്നു. അദ്ദേഹം ഒരിക്കലും ഒരു നേതാവായിരുന്നില്ല, ആയിരുന്നെങ്കിൽ സ്ഥാനമോഹികളുടെ പട്ടികയിലെ വെറുമൊരു പേര് മാത്രമായി അധികാരത്തിന്റെ പിന്നാമ്പുറങ്ങളിലെ വഴിയിൽ അപരിചിതനായി മാറുമായിരുന്നു.



തന്നോടൊപ്പം വന്നവരെ, തന്നിൽ വിശ്വസിച്ചിറങ്ങിയവരെ മുന്നിൽ നിന്ന് വഴികാട്ടിയ അവരിലെ തന്നെ പക്വതയാർന്ന ഒരു സഖാവ് മാത്രമായിരുന്നു ടി.പി.

ചുരുട്ടിപ്പിടിച്ച വലതുമുഷ്ടി വെറും മുദ്രാവാക്യങ്ങൾ മാത്രമല്ലെന്നും, അതിൽ നാം മുറുകെപ്പിടിക്കേണ്ട കുറേ കമ്മ്യൂണിസ്റ്റ് മൂല്യബോധമുണ്ടെന്നും ടി.പി ഇവിടെയുള്ള ഓരോ കമ്മ്യൂണിസ്റ്റിനെയും ഇന്നും പഠിപ്പിക്കുന്നുണ്ട്. അത് പാർട്ടി പഠനക്ലാസുകളിൽ പഠിച്ച അനുസരണച്ചുവയുള്ള, ലിഖിതരൂപങ്ങളായല്ല, വറ്റാത്ത വിയർപ്പുകണങ്ങളുള്ള പ്രായോഗികതയുടെ നട്ടെല്ലുള്ള വാക്കുകളായാണ് ഇന്ന് നമ്മിലേക്ക് കടന്നുവരുന്നത്. ആ വാക്കുകൾക്ക് തീപ്പന്തമാവാനല്ല, ഒരിക്കലും കെട്ടുപോവാത്ത തിളങ്ങുന്ന ഒരുഗ്നി നക്ഷത്രമായി നമ്മെ വഴികാട്ടാനുള്ള കെൽപ്പാണുള്ളത്.

ഫാസിസത്തിന്റെയും അതിനെ പിൻപറ്റിക്കൊണ്ട് വന്ന അരാജകത്വത്തിന്റെയും ഫലമായി രാഷ്ട്രീയമായി രക്തസാക്ഷികളായ ഒരുപാട് സഖാക്കന്മാർ ഇന്നിവിടെയുണ്ട്. അവരിൽ പലരും നിഷ്ക്രിയരാവുകയും ചിലർ വലതുപക്ഷത്തേക്ക് മാറുകയും ചെയ്തപ്പോൾ, ടി.പി അവരിൽ നിന്നെല്ലാം വ്യത്യസ്തനായി ഒരു ബദൽ കമ്മ്യൂണിസത്തെ ഇവിടെ സ്വപ്നം കണ്ടു. അതിലേക്കുള്ള ചവിട്ടുപടികൾ ഒന്നൊന്നായി കയറിക്കൊണ്ടിരിക്കുമ്പോഴാണ് നിഷ്ഠൂരമായ ഒരു രക്തസാക്ഷിത്വത്തിന് നാം സാക്ഷികളായത്. അമ്പത്തൊന്ന് വെട്ടുകൾ, ആ വെട്ടുകൾ ഏറ്റത് സഖാവ് ടി.പിയുടെ മുഖത്ത് മാത്രമായിരുന്നില്ല, ഇന്നാട്ടിലെ ലക്ഷോപലക്ഷം വരുന്ന, ജനാധിപത്യത്തെ കയ്യാളുന്ന സാധാരണക്കാരന്റെ മുഖത്തുകൂടിയായിരുന്നു. അതുകൊണ്ട് തന്നെയാണ് വെറുമൊരു പ്രാദേശികഹർത്താലിലും, നിരോധനാജ്ഞയിലും അവസാനിക്കുമെന്ന് കൊലയാളികൾ കരുതിയ ഈ ക്രൂരമായ നരഹത്യ ജനാധിപത്യകേരളം ഒന്നാകെ ചർച്ച ചെയ്തതും.

ആശയപരമായ സമരം ജനാധിപത്യത്തെ കുടുതൽ ശക്തമാക്കുമെന്നാണ് പാർട്ടിക്ലാസുകളിൽ പഠിപ്പിച്ചിരുന്നത്. എന്നാൽ നേതൃത്വം മാറുന്നതിനനുസരിച്ച് ആശയവും മാറുമെന്നാരും പഠിപ്പിച്ചിരുന്നില്ലല്ലോ സഖാക്കളേ. ആ മാറിയ ആശയങ്ങളോട് സമരസപ്പെട്ട് പോവാൻ കഴിയാത്തവർക്ക് പാർട്ടിക്ക് പുറത്ത് അതേ ആശയങ്ങളോടെ പ്രവർത്തിക്കാനുമാവില്ലെന്നും നിങ്ങൾ തന്നെ തെളിയിച്ചിരിക്കുന്നു. ഇതാണോ കമ്മ്യൂണിസം? അറിയില്ല. ഇന്ന് ഞാനും നിങ്ങളുമൊന്നും പഠിച്ചതോ കേട്ടതോ അല്ല കമ്മ്യൂണിസം. അതിന് കോർപ്പറേറ്റ് മൂലധനശക്തികളുടെ റെഡിമെയ്ഡ് നട്ടെല്ലുണ്ട്. കുത്തകമുതലാളിത്തത്തിന്റെ ആർക്കും കീഴടങ്ങാൻ മടിക്കുന്ന, തെറ്റുതിരുത്താൻ ശ്രമിക്കാത്ത, സ്നേഹവും ആർദ്രതയും നഷ്ടപ്പെട്ട ഒരു ഹൃദയമുണ്ട്. അതെ, ഇന്ന് ഇതൊക്കെയാണ് കമ്മ്യൂണിസം. നിങ്ങളും ഞങ്ങളുമെല്ലാം നേഞ്ചേറ്റ് വിളിച്ച മുദ്രാവാക്യങ്ങൾ ഇന്ന് എവിടെയൊക്കെയോ ഇടറി വീഴുന്നു. ഞങ്ങളതറിഞ്ഞു, പക്ഷേ നിങ്ങൾ ഇപ്പൊഴും അതറിയുന്നില്ല. ജനാധിപത്യവിരുദ്ധമായ അനുസരണം എന്ന മഞ്ചൽ ചുമന്ന് നിങ്ങൾ ഇപ്പൊഴും പാർട്ടിക്ക് വേണ്ടി തൊണ്ട പൊട്ടുമാറ് ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കുന്നു. ആ വിളികൾ ജനഹൃദയങ്ങളിലേക്കൊഴുകുകയല്ല, നിങ്ങളുടെ തന്നെ നെഞ്ചിൽ കുത്തിക്കയറുകയാണെന്ന് നിങ്ങൾ എപ്പോഴാണറിയുക.




നിങ്ങൾ പടുത്തുയർത്തുന്നത്
രക്തസാക്ഷികളുടെ
അസ്ഥിവാരങ്ങൾക്കുമുകളിൽ
നുണകൾ കൊണ്ടുണ്ടാക്കിയ
പറുദീസകളുടെ
ശീതീകരണ മുറികൾ മാത്രമാണ്...

വർഗ്ഗസഹകരണത്തിന്റെ
ആഭിചാര കർമ്മങ്ങൾക്കുമാത്രമേ
അവിടം വേദിയാവൂ..

വർഗ്ഗസമരത്തിന്റെ ചെറുകാറ്റുകൾ പോലും
കൊടും കാറ്റുകൾ പോലെ
അതിനെആടിയുലയ്ക്കും.
അന്ന് നിങ്ങളെ രക്ഷിക്കാൻ
രക്തസാക്ഷികളുടെ ചുവപ്പുണ്ടാവില്ല.
കാരണം
രക്തസാക്ഷികളുടെ
പകമുറ്റിയ പുഞ്ചിരികൾ
ഞങ്ങൾക്കൊപ്പമായിരിക്കും.


സഖാവ് ടി.പി ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചു തന്ന സ്നേഹോഷ്മളമായ കമ്മ്യൂണിസ്റ്റ് പാതകൾ വലിയൊരു വിപ്ലവവും കാത്ത് കിടക്കുന്നുണ്ട്. അത് രക്തരൂഷിതമായ വിപ്ലവമല്ല, ആശയസമരങ്ങളിൽ നിന്നുയർന്നുപൊങ്ങിയ പ്രത്യയശാസ്ത്ര വിപ്ലവമാണത്. ആ വിപ്ലവത്തിനെ നേരിടാൻ നിങ്ങൾക്കാവില്ല. കാരണം പാർട്ടി ഇന്ന് വെറുമൊരു അസ്ഥികൂടം മാത്രമായിക്കൊണ്ട് ചുരുങ്ങുകയാണ്. ആ അസ്ഥികൂടത്തിന്റെ കോർപ്പറേറ്റ് നട്ടെല്ല് പുതിയൊരു സാമ്രാജ്യം തേടിപ്പോകുന്നതോടെ അത് തകരും. ആ തകർച്ചയിൽ നേതാക്കളേ, നിങ്ങൾക്കൊന്നും നഷ്ടപ്പെടാനില്ല. നഷ്ടപ്പെടുന്നത് ഇവിടുത്തെ സാധാരണക്കാരനാണ്, അവന്റെ സ്വപ്നങ്ങളാണ്, അവൻ കേട്ട കഥകളിലെ ധീരരക്തസാക്ഷ്യങ്ങൾക്കാണ്, അവരുടെ ചോരയ്ക്കാണ്.

സഖാവ് ചന്ദ്രശേഖരൻ ഇവിടെ പോരാടിയത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെയല്ല. ഇവിടെ നുഴഞ്ഞുകയറിയ ഫാസിസത്തിനും അതിന്റെ കാവലാളുകളായ ഗുണ്ടാസംഘങ്ങൾക്കുമെതിരെയായിരുന്നു. പക്ഷേ, മൂല്യച്യുതി വന്ന നവമാർക്സിസ്റ്റുകളേ, നിങ്ങൾ കൊന്നുകളഞ്ഞല്ലോ ഞങ്ങളുടെ പ്രിയസഖാവിനെ എന്ന് വിങ്ങിക്കൊണ്ട് നിൽക്കാൻ മാത്രം ദുർബലരും ഭീരുക്കളുമല്ല ടി.പിക്കൊപ്പമുണ്ടായിരുന്നവർ. അദ്ദേഹം പകർന്നുതന്ന ആശയങ്ങളും അദ്ദേഹമെടുത്ത ധീരമായ നിലപാടുകളും ഞങ്ങളും ഏറ്റെടുക്കുന്നു. ഒരു പുതിയ തലമുറ അതേറ്റുവാങ്ങുമെന്നു ഞങ്ങളുറച്ച് വിശ്വസിക്കുന്നു. അതു കണ്ട് സഖാവ് അങ്ങകലെ നിന്ന് പുഞ്ചിരിക്കും, അത് നിങ്ങളെ പുച്ഛിച്ചുകൊണ്ടായിരിക്കില്ല, മറിച്ച് ധീരമായ, സ്വന്തം നട്ടെല്ലിൽ നിവർന്നു നിൽക്കുന്ന കുറെ കമ്മ്യൂണിസ്റ്റുകളെ കണ്ട, തന്റെ പ്രത്യാശകളെക്കുറിച്ചുള്ള ഓർമ്മകളിലായിരിക്കും.

ചന്ദ്രശേഖരൻ ഒരു കുലംകുത്തിയായിരുന്നോ അല്ലയോ എന്ന് ഒരു പാർട്ടി സെക്രട്ടറി പറഞ്ഞതുകൊണ്ട് മാത്രം അങ്ങനെയാവില്ല. ആരാണ് കുലംകുത്തി എന്നത് ഇവിടെ ചരിത്രം തെളിയിക്കും. അന്ന് ഇതേ നാവ് കൊണ്ട് നിങ്ങൾ നിങ്ങളുടെ ഈ കുലംകുത്തിയെ വാഴ്ത്തിപ്പാടും. ആ വാഴ്ത്തുകൾക്ക് പക്ഷേ കുറ്റബോധത്തിന്റെ, പശ്ചാത്താപത്തിന്റെ നീറ്റലുകളുണ്ടാവും. ശീതീകരിച്ച കൊളോസിയത്തിലെ നേതാക്കൾ അന്നുമിവിടെയുണ്ടെങ്കിൽ നിങ്ങൾ അവരുടെ മുന്നിൽ ചെന്ന് ഉറക്കെ വിളിച്ചുപറയും എന്ന് ഞങ്ങൾക്കുറപ്പാണ്. 'സഖാവ് ചന്ദ്രശേഖരൻ ധീരനായിരുന്നു'.

# പക്കനക്കി കൂട്ടിക്കുന്ന ഇരുട്ട് മാത്രം.





(പേജ് 29-ൽ നിന്നുള്ള തുടർച്ച..)

എന്നിട്ടും ആവേശത്തിരയിളക്കുന്ന പ്രസംഗങ്ങൾക്ക് ഉപ്പും കറിവേപ്പിലയുമായി രക്തസാക്ഷിപ്പട്ടിക അവർ നിവർത്തും. കൈയടിയും വോട്ടും വാങ്ങും. ഈ കപട വൈകാരികതയുടെ ലേബലിൽ എസ്എഫ്ഐക്ക് എത്ര കാലം ക്യാമ്പസുകളെ ഭരിക്കാനാകും. തിരിച്ചറിവ് എന്നത് അല്ലെങ്കിലും വൈകി മാത്രം വരുന്നതാണെന്നതിന്റെ ദൃഷ്ടാന്തം കേരളത്തിലെ ക്യാമ്പസുകൾ സാക്ഷ്യപ്പെടുത്തുന്നു. രാഷ്ട്രീയം പറയാതെ ഇനി എസ്എഫ്ഐക്കാരന് അധികകാലം അവരെ അഭിസംബോധന ചെയ്യാനാവില്ല. ക്യാമ്പസുകളെ വന്ധ്യംകരിക്കുന്ന നാകിനെതിരെ ഒരു പ്രമേയം പോലും പാസാക്കാത്ത, റിയാലിറ്റി ഷോകളുടെ വോളണ്ടിയർമാരാകാൻ മാത്രം വിധിക്കപ്പെട്ട യൂണിയൻ അംഗങ്ങളുടെ ചിലവിൽ എസ്എഫ്ഐക്ക് ഇനി തടിച്ചു കൊഴുക്കാൻ കഴിയില്ല. എസ്എഫ്ഐ എന്ന വീട്ടിൽ ഇന്ന് ആൾതാമസം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ് അല്പം വാടകക്കാരൊഴിച്ച് ബാക്കിയുള്ളവരെയെല്ലാം ആട്ടിയോടിച്ചിരിക്കുന്നു. ശേഷിച്ചവർ ഇറങ്ങിപ്പോന്നിരിക്കുന്നു. ആ വീട്ടിനകത്ത് പടയൊരുക്കങ്ങളല്ല മറിച്ച് ആഘോഷങ്ങളാണ് നടത്തുന്നത്, കാലത്തെയും ചരിത്രത്തേയും രക്തസാക്ഷി കുടീരത്തെയും നോക്കുകുത്തികളാക്കിക്കൊണ്ട്. ഒരു കാലത്ത് വിശക്കുമ്പോൾ ചോറുതരികയും വെയിലത്ത് തണലും തന്നതു കൊണ്ട്, അതിനെ അത്രമാത്രം സ്നേഹിച്ചിരുന്നതു കൊണ്ടാണ് മേൽക്കൂര പൊളിക്കാതെ ഇത്ര കാലം സഹിച്ചിരുന്നത്. വീടിന്റെ ആകാര ഭംഗിയെക്കാളും പട്ടിണിക്കാരന്റെ ഉന്തിയ വയറ്റിലേക്കാണ് കണ്ണു തുറക്കുന്നത് എന്നത് കൊണ്ട് വീടു വിട്ടിറങ്ങുകയാണ്. ഒരു സഖാവ് പറഞ്ഞതു പോലെ ആർത്തിരമ്പുന്ന കാട്ടുകടന്നലുകളോടൊത്ത് ഒരു പുതിയ വീടു പണിയാൻ. ജെ.എൻ.യുവിലെയും, നേപ്പാളിലേയും വസന്തം അതിന് പ്രേരകമാവുമെന്നത് തീർച്ച.

(എസ് എഫ് ഐ മുൻ തൃശ്ശൂർ ജില്ലാ കമ്മറ്റി അംഗമാണ് ലേഖകൻ)




അവർ കൊത്തി നുറുക്കിയത് നിന്റെ ശിരസല്ല.
തച്ചുടച്ചത്
നിന്റെ കണ്ണടയല്ല.
നിന്നെ കൊല്ലാനവർക്കാവില്ല..
നിനക്കു മരിക്കാനും.
നടന്നു തീർത്ത വഴികളത്രയുണ്ട്.
വിറയ്ക്കുന്ന കൈകൾ കൊണ്ട്
ഒരു നടുക്കത്തോടെ അവർ ആ ദൗത്യം
ഔട്ട്സോഴ്സ് ചെയ്തപ്പോൾ
നിനക്കു മരിക്കാനാവില്ലെന്ന സത്യം
അവർ മറന്നുപോയിരിക്കാം.
അവർ ചെയ്തത്
നിന്നെ ഒരു തുള്ളിച്ചോരയിൽ നിന്ന്
ഒരു തലമുറയുടെ ചോരയിലേയ്ക്ക്
ലയിപ്പിച്ചു കൊണ്ട്
ഇത്തിരി വെട്ടത്തിൽ നിന്ന്
ജ്വലിക്കുന്ന സൂര്യനായ്
വളർത്തുക മാത്രമാണ്.....

വിദ്യാർത്ഥി

Private circulation only




Printed and published by K.P. Lijukumar on behalf of Platfofurm for Progressive Students